34th Year of Service 2026

NOT OUR MERIT BUT HIS GRACE ★ KERALA EXPRESS ★

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 14, 2026 Vol. XXXIV No. 37




SUNNY FINANCIAL STRATEGIES
Forbes 2026 BEST-IN-STATE FINANCIAL SECURITY PROFESSIONALS SHOOK RESEARCH
Member MDRT
CFP
RETIRE WITH CONFIDENCE.
BUILD WEALTH WITH PURPOSE.
Integrated financial planning for retirees, pre-retirees, professionals, executives, and business owners.
ONE RELATIONSHIP • ONE PLAN • GREATER CLARITY
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
COMPREHENSIVE FINANCIAL PLANNING
Six Key Planning Areas. One Coordinated Strategy.
Retirement & Financial Planning
Cash-flow planning • Social Security • Medicare • RMDs
Build a sustainable, tax-aware retirement income plan
Tax-Smart Planning Strategies
Roth conversions • tax diversification • capital-gain planning
Qualified plan deductions, withdrawal sequencing and CPAs
Wealth & Investment Management
Stocks • ETFs • mutual funds • bonds • advisory portfolios
Alternatives, hybrid annuities, retirement optimization
Business & Executive Planning
Solo 401(k) • SEP IRA • cash balance • defined benefit
Executive benefits, succession and continuity planning
401(k), IRA & Pension Rollovers
401(k) • 403(b) • 457(b) • TSP • pensions • IRAs
Consolidate and gain investment and distribution flexibility
Estate, Legacy & Protection Planning
Wills • trusts • life • disability • long-term care
Health & financial POAs, liquidity and wealth transfer
Plan Strategically. Invest Intentionally. Retire Confidently. Leave a Legacy.
COMPLIMENTARY FINANCIAL STRATEGY REVIEW
Identify gaps. Prioritize opportunities.
Gain access to your financial planning portal.
847-585-4931 | tom@sunnyfinancial.com
www.SunnyFinancial.com
SCAN TO CONNECT


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS A+ Rating Better Business Bureau

34th Year of Service 2026
NOT OUR MERIT BUT HIS GRACE · KERALA EXPRESS
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 അധികൃതർ ഉത്തരേന്ത്യയിലേക്ക്
6 കേരളത്തിൽ വരവിലും ചെലവിലും വർധന
10 ലഡാക്കിന് പ്രത്യേക പദവി
15 നോർത്ത് അമേരിക്കയിലും തൂഫാൻ തരംഗം
21 കേരള സെന്റർ ഓണം-26 വർണ്ണാഭമായി

## ബ്രിക്സ് ഉച്ചകോടി സമാപിച്ചു

# ഭീകരവാദത്തെ അപലപിച്ച് പ്രഖ്യാപനം

ന്യൂഡൽഹി: നാലാം തവണണയും ഇന്ത്യ ആതിഥേയത്വം വഹിച്ച 18-ാമത് ബ്രിക്സ് ഉച്ചകോടി ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സമാപിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധിയിൽ കടുത്ത ആശങ്ക രേഖപ്പെടുത്തിയും ഭീകരവാദത്തെ ശക്തമായി അപലപിച്ചും ബ്രിക്സ് ഉച്ചകോടിയിൽ സംയുക്ത പ്രമേയത്തിന് ഏകകണ്ഠമായ അംഗീകാരം. 'ന്യൂഡൽഹി പ്രഖ്യാപനം' എന്ന പേരിൽ പുറത്തിറക്കിയ 45 പേജുള്ള പ്രമേയത്തിൽ 140 പ്രധാന പോയിന്റുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.



ബ്രിക്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്രമോദി സംസാരിക്കുന്നു. റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിൻ, ചൈനീസ് പ്രസിഡണ്ട് ഷി ജിൻപിങ് തുടങ്ങിയവർ സമീപം.

മൂന്നു ദിവസം നീണ്ട ഉച്ചകോടിയുടെ പ്രധാനസമ്മേളനത്തിൽ 11 അംഗ രാജ്യങ്ങളുടെ തലവന്മാർ ഉൾപ്പെടുന്ന പ്രതിനിധിസംഘവും പത്ത് പങ്കാളിത്ത രാജ്യങ്ങളുടെ തലവന്മാരും ഉൾപ്പെടെ 28 ലോകനേതാക്കൾ പങ്കെടുത്തു. മാരത്തൺ ചർച്ചകൾക്കിടയിൽ സംയുക്ത പ്രസ്താവന പുറത്തിറക്കാൻ സാധിച്ചത് ഇന്ത്യക്ക് നേട്ടമായി. പ്രതിരോധശക്തി, നവീകരണം, സഹകരണം, സ്ഥിരത എന്ന പ്രമേയത്തോടെ നടന്ന ഉച്ചകോടി അംഗരാജ്യങ്ങൾക്കിടയിൽ പരസ്പര സഹകരണവും പങ്കാളിത്തവും വളർത്തുന്നതിന് ആഹ്വാനം ചെയ്തു. വളർന്നുവരുന്ന വിപണികളുമായുള്ള ബന്ധം ശക്തിപ്പെടുത്താനും സുസ്ഥിരമായ വ്യവസായ വിതരണ ശൃംഖലകൾ നിലനിർത്താനും ബ്രിക്സ് രാജ്യങ്ങൾക്കിടയിലെ പരസ്പര സഹകരണം നേതാക്കൾ തേടി.

തീവ്രവാദത്തെ ഒറ്റക്കെട്ടായി നേരിടുന്നതിനും നേതാക്കൾ പിന്തുണ നല്കി. അന്താരാഷ്ട്ര വിഷയങ്ങളിൽ ബ്രിക്സ് രാജ്യങ്ങളുടെ നിലപാടുകൾ പ്രതിഫലിപ്പിക്കുന്നതിനുള്ള നടപടികൾക്ക് നേതാക്കൾ ഊന്നൽ നല്കിയെന്നതും ശ്രദ്ധേയമാണ്. അതേസമയം ചർച്ചകളിലൂടെയും നയതന്ത്രത്തിലൂടെയും സമാധാനം ഉറപ്പുവരുത്താൻ ലോകരാജ്യങ്ങൾ തയ്യാറാകണമെന്ന സന്ദേശവും ബ്രിക്സ് പങ്കുവെച്ചു.

ഏതൊരു തരത്തിലുള്ള ഭീകരപ്രവർത്തനവും തീർത്തും കുറ്റകരവും നീതീകരിക്കാനാകാത്തതുമാണെന്ന് പ്രഖ്യാപനം വ്യക്തമാക്കുന്നു. കഴിഞ്ഞ വർഷം ഏപ്രിലിലുണ്ടായ പഹൽഗാം ഭീകരാക്രമണത്തെ പാക്കിസ്ഥാന്റെ പേരെടുത്തു പറയാതെ പ്രമേയത്തിൽ അപലപിച്ചു. തീവ്രവാദം ഏതെങ്കിലുമൊരു മതവുമായോ ദേശീയതയുമായോ സംസ്കാരവുമായോ വംശീയ ഗ്രൂപ്പുകളുമായോ ബന്ധപ്പെട്ടതല്ലെന്നു വ്യക്തമാക്കിയ അംഗരാജ്യങ്ങൾ, ഭീകരവാദത്തെ അതിന്റെ എല്ലാ രൂപങ്ങളിലും ചെറുത്തു തോല്പിക്കുമെന്ന പ്രതിജ്ഞ ആവർത്തിച്ചു.

(ശേഷം 34-ാം പേജിൽ)

## മന്ത്രിമാരുടെ പഴ്സണൽ സ്റ്റാഫ് എണ്ണം: പിണറായി പറഞ്ഞ കണക്കുകൾ തെറ്റാണെന്ന് വിവരാവകാശ രേഖ

തിരുവനന്തപുരം: എൽഡിഎഫ് കാലത്ത് നിയമിച്ച മന്ത്രിമാരുടെ പഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ എണ്ണത്തെക്കുറിച്ച് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞ കണക്കുകൾ തെറ്റാണെന്നു വിവരാവകാശ രേഖകൾ. രണ്ടാം പിണറായി സർക്കാർ ആകെ 715 പേരെ പഴ്സണൽ സ്റ്റാഫിൽ നിയമിച്ചെന്നാണ് അദ്ദേഹത്തിന്റെ കാലത്ത് പുറത്തുവിട്ട വിവരാവകാശ രേഖകളിൽ പറയുന്നത്.

എന്നാൽ, ഇവരെല്ലാം ഒരേസമയം ജോലി ചെയ്തവരല്ല. ചിലർ ഇടയ്ക്ക് രാജിവെച്ചു. ഏതാനും പേർ മരിച്ചുപോയി. ഇവരെ ഒഴിവാക്കിയാൽ, ഒരേസമയം ജോലി ചെയ്തവരുടെ എണ്ണം 610 ആണ്. തന്റെ കാലത്ത് അഞ്ഞൂറിൽ താഴെ പേരെ മാത്രമേ നിയമിച്ചിട്ടുള്ളൂ എന്നായിരുന്നു മുഖ്യമന്ത്രി വി.ഡി. സതീശന്റെ ആരോപണത്തിനു പിന്നാലെ പിണറായി വിജയൻ ഈയിടെ വ്യക്തമാക്കിയത്.

പിണറായി സർക്കാർ 787 പേരെ പഴ്സണൽ സ്റ്റാഫിൽ നിയമിച്ചെന്നായിരുന്നു മുഖ്യമന്ത്രി വി.ഡി. സതീശന്റെ ആരോപണം. പിണറായി വിജയൻ ഇതു തള്ളിയതിനു പിന്നാലെ, താൻ നിലപാടിൽ ഉറച്ചുനിൽക്കുന്നതായി മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചിരുന്നു.

രണ്ട് പേർക്ക് പെൻഷൻ ഉറപ്പാക്കാനായി സർക്കാരിന്റെ കാലാവധി പകുതി പിന്നിടുമ്പോൾ പകരം വേറെ ആളെ നിയമിക്കുന്ന രീതി കഴിഞ്ഞ എൽഡിഎഫ് സർക്കാരും ഭാഗികമായെങ്കിലും നടപ്പാക്കി. ഇതു കാരണം 715 പേർക്കും പെൻഷൻ നൽകേണ്ട ബാധ്യത സർക്കാരിന് ഏറ്റെടുക്കേണ്ടി വന്നു. യുഡിഎഫ് സർക്കാർ ഇതുവരെ 476 പേരെ മാത്രമേ നിയമിച്ചിട്ടുള്ളൂ എന്നാണ് ഈയിടെ മുഖ്യമന്ത്രി അറിയിച്ചത്.

# അണികളെ തിരുത്തി മുന്നോട്ട്; സിപിഎം സംസ്ഥാനസമിതി

കോഴിക്കോട്: സി.പി.എം വിപുലീകൃത സംസ്ഥാനസമിതി യോഗത്തിന്റെ ഉദ്ഘാടനപ്രസംഗത്തിൽ 'ഇഡി ഗോളവിഷയങ്ങളെല്ലാം കടന്നുവന്നെങ്കിലും കേരളത്തിൽ പാർട്ടിയെ അങ്കലാപ്പിലാക്കിയ ഇഡി നീക്കത്തെപ്പറ്റി ജ



കോഴിക്കോട്ട് എ.കെ.ജി. ഓഡിറ്റോറിയത്തിൽ സിപിഎം വിപുലീകൃത സംസ്ഥാന കമ്മിറ്റിക്ക് തുടക്കം കുറിച്ച് പതാക ഉയർത്തിയപ്പോൾ.

വിഷയം' പരാമർശിക്കാതെ ജനറൽ സെക്രട്ടറി എം.എ. ബേബി. ഒരുമണിക്കൂറോളം നീണ്ട പ്രസംഗത്തിൽ ആ... നറൽ സെക്രട്ടറി മൗനം പാലിച്ചതു മനഃപൂർവമാണെന്നു രാഷ്ട്രീയനിരീക്ഷകർ വിലയിരുത്തുന്നു.

അതേസമയം, തെരഞ്ഞെടുപ്പ് തോൽവികളെത്തുടർന്നുള്ള പാർട്ടിയുടെ തിരുത്തൽ നടപടി താഴേത്തട്ടിൽ ഒതുങ്ങുമെന്നാണ് സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ നൽകുന്ന സൂചന.

(ശേഷം 34-ാം പേജിൽ)

# വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ അധികൃതർ ഉത്തരേന്ത്യയിലേക്ക്

തിരുവനന്തപുരം: കേരളം നേരിടുന്ന കടുത്ത വൈദ്യുതി പ്രതിസന്ധി മറികടക്കാൻ ഉയർന്ന വിലയ്ക്ക് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി വാങ്ങാനുള്ള തീവ്രശ്രമങ്ങളുമായി കെഎസ്ഇബി.

എങ്ങനെയും വൈദ്യുതി എത്തിച്ചു തുടർച്ചയായുള്ള വൈദ്യുതിമുടക്കം പരിഹരിക്കണമെന്ന സർക്കാർ നിർദേശത്തെത്തുടർന്ന് കെഎസ്ഇബി ഡയറക്ടർമാർ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്കു പോകും.

പഞ്ചാബ്, ഉത്തർപ്രദേശ്, ജാർഖണ്ഡ്, ബിഹാർ സംസ്ഥാനങ്ങളിലേക്കാണ് വൈദ്യുതി ലഭ്യമാക്കാനായി ഡയറക്ടർമാർ പോകുന്നത്. ഉയർന്ന വിലയ്ക്കു വൈദ്യുതി വാങ്ങാൻ ഈയിടെ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുമതിയും നൽകിയിരുന്നു.

ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങാനുള്ള സർക്കാരിന്റെ അടിയന്തര നിർദേശത്തെത്തുടർന്ന് സെപ്റ്റംബർ 13–ന് രാവിലെ ചേർന്ന ഉന്നതതല യോഗത്തിലാണ് പീക്ക് അവേഴ്സിൽ വൈദ്യുതി എത്തിക്കാൻ ശ്രമം. ഇതിനായി സർക്കാരിനോട് സാമ്പത്തികസഹായവും ബോർഡ് തേടിയിട്ടുണ്ട്. യൂണിറ്റിന് 16 രൂപയ്ക്കു മകളിൽ നൽകേണ്ടി വരുമെന്നാണ് കരുതുന്നത്.

പ്രതിസന്ധി മറികടക്കാൻ മറ്റു സംസ്ഥാനങ്ങളിൽനിന്ന് അധികവൈദ്യുതി ലഭ്യമാക്കാനുള്ള ശ്രമങ്ങളാണ് ഊർജിതമാക്കിയിട്ടുള്ളത്. വൈദ്യുതി ലഭ്യതയിൽ സ്വയംപര്യാപ്തതയുള്ള സംസ്ഥാനങ്ങളിൽനിന്ന് അധിക വൈദ്യുതി പീക്ക് അവേഴ്സിൽ കേരളത്തിൽ എത്തിക്കാനാണ് ശ്രമം. എന്നാൽ, എല്ലാ സംസ്ഥാനങ്ങളിലും വൈദ്യുതിക്ഷാമം നിലനിൽക്കുകയാണെന്നും പ്രതിസന്ധി പരിഹരിക്കാൻ തീവ്രശ്രമം നടത്തിവരികയാണെന്നും മന്ത്രി സണ്ണി ജോസഫ് പറഞ്ഞു. പുതിയ വൈദ്യുതി നയം രൂപപ്പെടുത്തേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

ഇതിനിടെ, മധ്യപ്രദേശിൽനിന്ന് കരാർ പ്രകാരം ലഭിക്കേണ്ടിയിരുന്ന 200 മെഗാവാട്ട് വൈദ്യുതി ലഭിക്കാതിരുന്നതും തിരിച്ചടിയായി.

രാത്രികാലത്തെ ആവശ്യകത നിറവേറ്റാൻ പവർ എക്സ്ചേഞ്ചുകളിൽ നിന്ന് ഉയർന്ന നിരക്കിലാണ് ബോർഡ് ഇപ്പോൾ വൈദ്യുതി വാങ്ങുന്നത്.

# 2029–നുള്ളിൽ 21 സംസ്ഥാനങ്ങളിൽ ഏക സിവിൽ കോഡ്: അമിത് ഷാ



മുംബൈ: എൻഡിഎ ഭരിക്കുന്ന 21 സംസ്ഥാനങ്ങളിൽ 2029–നു മുമ്പ് ഏകീകൃത സിവിൽ കോഡ് (യുസിസി) നടപ്പാക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മുംബൈയിൽ വാർത്താസമ്മേളനത്തിലാണ് അമിത് ഷാ ഇക്കാര്യം അറിയിച്ചത്. കഴിഞ്ഞ 12 വർഷത്തെ കേന്ദ്രസർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ചും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ബിജെപിയുടെ 25 വർഷത്തെ പ്രയാണത്തെക്കുറിച്ചും വിശദീകരിക്കുകയായിരുന്നു അമിത് ഷാ.

"മുത്തലാക്ക് നിർത്തലാക്കി. മുസ്‌ലിം വനിതകൾക്ക് തുല്യാവകാശം നൽകി. ഒട്ടേറെ സംസ്ഥാനങ്ങളിൽ ഞങ്ങൾ ഏകീകൃത സിവിൽ കോഡ് നടപ്പാക്കി. എൻഡിഎ ഭരിക്കുന്ന 21 സംസ്ഥാനങ്ങളിൽ 2029 ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ് ഏകീകൃത സിവിൽകോഡ് നടപ്പാക്കുമെന്ന് എനിക്ക് ആത്മവിശ്വാസമുണ്ട്" അമിത് ഷാ പറഞ്ഞു.

# 1000 കോടിയുടെ തട്ടിപ്പ്: വിപിവിവി കേരള കോ–ഓർഡിനേറ്റർ പിടിയിലായത് പരാതിക്കാരന്റെ മുന്നിൽ

കൊച്ചി: യുഎസ് പ്രതിരോധ വകുപ്പിനുവേണ്ടി ആയുധം നിർമിക്കുകയാണെന്ന വ്യാജകരാർ കാട്ടി 1000 കോടിയുടെ നിക്ഷേപത്തട്ടിപ്പു നടത്തിയ വിപിവിവി കമ്പനിയുടെ കേരള കോ-ഓർഡിനേറ്റർ കൊല്ലം പാരിപ്പള്ളി സ്വദേശി പി. പ്രദീപ് കുമാർ പിടിയിൽ.

വർക്കല വടശ്ശേരിക്കോണം സ്വദേശി എ.എം. മുനീറിൽനിന്ന് 70 ലക്ഷം രൂപ തട്ടിയെന്ന കേസിലാണ് അറസ്റ്റ്.

ചേർത്തല റെയിൽവേ സ്റ്റേഷനു സമീപമുള്ള ഹോട്ടലിൽ എത്തിയ പ്രദീപിനെ മുനീർ കണ്ടതാണ് അറസ്റ്റിനു വഴിവെച്ചത്. ഹോട്ടലിലുള്ളവരുടെ സഹായത്തോടെ ഇയാളെ തടഞ്ഞുവെച്ചശേഷം മുനീർ പോലീസിൽ അറിയിച്ചു. ചേർത്തല പോലീസ് കസ്റ്റഡിയിലെടുത്ത പ്രതിയെ വർക്കല പോലീസിന് കൈമാറി അറസ്റ്റ് രേഖപ്പെടുത്തി.

യുഎസ് പ്രതിരോധ വകുപ്പിന്റെ വൻകിട കരാറുകൾ ലഭിച്ചിട്ടുണ്ടെന്നും ഒരു കോടി നിക്ഷേപിച്ചാൽ 5,000 കോടിയുടെ ഉപകരാറും 25 ശതമാനം ലാഭവും നൽകാമെന്നും പറഞ്ഞാണു പ്രതികൾ മുനീറിന്റെ പണം തട്ടിയത്.

വർക്കലയിലെ 350 കോടി രൂപയുടെ 'ശിവപുരി ക്ഷേത്ര നിർമാണ' പദ്ധതിയിൽ പങ്കാളിയാക്കാമെന്നു വിശ്വസിപ്പിച്ചും തട്ടിപ്പ് നടത്തിയതായി പരാതിക്കാരൻ മൊഴി നൽകി.

വിപിവിവി ടെക്നോ കൺസ്ട്രക്ഷൻസ് കമ്പനി ചെയർമാനും മുഖ്യപ്രതിയുമായ വെങ്കിട്ട വെങ്കിട്, കേരള കോ-ഓർഡിനേറ്റർ ജെ.എസ്. ബിജു, തട്ടിപ്പിന്റെ സൂത്രധാരൻ ഡോ. സാബ്, ലെയതി പദ്മരാജ് ഗോപാൽ എന്നിവരാണു കേസിലെ മറ്റു പ്രതികൾ.

ഈ മാസം ആദ്യം ഡൽഹി പോലീസ് അറസ്റ്റ് ചെയ്ത വെങ്കിട്, കമ്പനി ഡയറക്ടർമാരായ ഡൽഹി സ്വദേശി ഹിതേഷ് കുമാർ, കൂത്താട്ടുകുളം സ്വദേശി രാഹുൽ രാജീവ് നായർ എന്നിവർ ജാമ്യത്തിലാണ്. വെങ്കിട്ട വെങ്കിട്, പി. പ്രദീപ്കുമാർ, മറ്റൊരു കോ-ഓർഡിനേറ്ററായ വിനോദ് വാരിയർ എന്നിവർ ചേർന്നാണ് അവരുടെ പേരിന്റെ ആദ്യ അക്ഷരങ്ങൾ ചേർത്ത് 'വിപിവിവി' കമ്പനി തുടങ്ങിയത്.

ഈയിടെ അന്തരിച്ച, സ്പെഷൽ കറസ്പോണ്ടന്റ് ജിജോ ജോൺ പുത്തേഴത്താണ് വിപിവിവി തട്ടിപ്പ് പുറത്തുകൊണ്ടുവന്നത്.

# അമീബിക് മസ്തിഷ്ക ജ്വരം: തലയ്ക്കു പരുക്കേറ്റവരും മൂക്കിന് ശസ്ത്രക്രിയ നടത്തിയവരും ശ്രദ്ധിക്കണമെന്ന്

മലപ്പുറം: തലയ്ക്കു പരുക്കേൽക്കുകയോ തലയ്ക്കും മൂക്കിനും ശസ്ത്രക്രിയ നടത്തുകയോ ചെയ്തവർക്കും ജലാശയങ്ങളിൽ നിന്ന് അമീബിക് മസ്തിഷ്കജ്വരം പിടിപെടാനുള്ള സാദ്ധ്യത ഏറെയെന്ന് പഠനം. സംസ്ഥാന ആരോഗ്യവകുപ്പും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും (ഐസിഎംആർ) ചേർന്ന് കഴിഞ്ഞവർഷം നടത്തിയ പഠനത്തിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. ഇതിനാൽ ഇത്തരത്തിൽ പരുക്കുള്ളവരും ശസ്ത്രക്രിയ നടത്തിയവരും പൊതുജലാശയങ്ങളിലും മറ്റും ഇറങ്ങുന്നത് ഒഴിവാക്കുകയോ ജാഗ്രത പാലിക്കുകയോ വേണമെന്ന് ആരോഗ്യപ്രവർത്തകർ പറയുന്നു. ഐസിഎംആർ ശാസ്ത്രജ്ഞൻ ഡോ. ജെറോമി തങ്കരാജ്, ഡോ. മനോജ് മുറേക്കർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ വിദഗ്ദ്ധരും ഉദ്യോഗസ്ഥരുമടങ്ങിയ സംഘമാണ് ഇതു സംബന്ധിച്ച പഠനം നടത്തിയത്.

താടിയെല്ല്, മുഖം എന്നിവിടങ്ങളിലടക്കം പരുക്കേറ്റവർ, മൂക്കിനു ശസ്ത്രക്രിയ നടത്തിയവർ എന്നിവരിൽ സാധാരണ ജലാശയങ്ങളിൽ നിന്നുപോലും അമീബിക് മസ്തിഷ്കജ്വരം ബാധിച്ചെന്ന് കണ്ടെത്തിയതായാണ് പഠനത്തിൽ പറയുന്നത്. ഇതിനു പുറമെ മുറിവുകളും വ്രണങ്ങളും സാധാരണ ജലാശയങ്ങളിലെ വെള്ളത്തിൽ കഴുകൽ, ക്ലോറിനേഷൻ നടത്താത്ത കിണറുകളിലെ വെള്ളത്തിന്റെ ഉപയോഗം, മൂക്കിലേക്ക് ശക്തിയായി വെള്ളം കയറ്റൽ എന്നിവയിലൂടെയെല്ലാം രോഗം പിടിപെട്ടതായും കണ്ടെത്തി. രോഗം ബാധിച്ച വിവിധ ആളുകളിൽ നടത്തിയ പഠനത്തിലൂടെയാണ് ഇക്കാര്യങ്ങൾ കണ്ടെത്തിയത്. സംസ്ഥാനത്ത് 25.8 ശതമാനം ആണ് അമീബിക് മസ്തിഷ്കജ്വരത്തിന്റെ മരണനിരക്കെന്നും പഠനത്തിൽ പറയുന്നു.



ഇപ്പോഴത്തെ കാലാവസ്ഥയിൽ രോഗസാദ്ധ്യത കൂടുതൽ നെഗ്ലേറിയ ഫൗളറി എന്ന അമീബ ബാധിച്ചവരിൽ രോഗം പെട്ടെന്ന് ഗുരുതരമായി മരണം സംഭവിച്ചതായും എന്നാൽ, അക്കാന്തമീബ പോലുള്ളവയിൽ ചികിത്സ കുറച്ചുകൂടി ഫലപ്രദമായതായും വിദഗ്ദ്ധർ പറയുന്നു. മഴ കുറയുമ്പോൾ ജാഗ്രത വേണം. മഴ കുറയുകയും ചൂട് കൂടുകയും ചെയ്യുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ രോഗത്തിനു സാദ്ധ്യത ഏറെയെന്ന് ആരോഗ്യവിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. അമീബിക് മസ്തിഷ്ക ജ്വരത്തിനു കാരണമാകുന്ന അമീബകൾ പെരുകാനുള്ള സാഹചര്യം കൂടുതലായതിനാലാണിത്.

മലിനമായതോ മഴയിൽ മലിനജലം ഒഴുകിയെത്തുകയോ ചെയ്യുന്ന ജലാശയങ്ങളിൽ ഇറങ്ങരുതെന്നും പൊതുജലാശയങ്ങളിൽ കുളിക്കുമ്പോൾ ജാഗ്രത പാലിക്കണമെന്നും ആരോഗ്യപ്രവർത്തകർ പറയുന്നു. മലപ്പുറം കാടാമ്പുഴയിൽ ഒരു യുവാവ് മരിക്കുകയും ഒരു കുട്ടി ചികിത്സയിൽ തുടരുകയും ചെയ്യുന്നുണ്ട്. അക്കാന്തമീബയാണ് ബാധിച്ചതെന്ന് കണ്ടെത്തി.

## സാങ്കേതിക മികവിന് രാജ്യാന്തര അംഗീകാരം നേടി മലയാളി

ചെന്നൈ: എഞ്ചിനീയറിങ് രംഗത്തെ മികച്ച സാങ്കേതിക സംഭാവനകൾക്ക് രാജ്യാന്തരപുരസ്കാരം നേടി മലയാളിവനിത. പത്തനംതിട്ട സ്വദേശിനിയും വേൾപൂൾ കോർപറേഷനിലെ സീനിയർ എംബഡഡ് സോഫ്റ്റ്‌വേർ എഞ്ചിനീയറുമായ ദിയാ ഷൈൻ ആണ് അംഗീകാരം നേടിയത്. ആഗോള പ്രൊഫഷണൽ സംഘടനയായ സൊസൈറ്റി ഓഫ് വിമെൻ എഞ്ചിനീയേഴ്സ് (എസ്.ഡബ്ല്യു.ഇ) ഏർപ്പെടുത്തിയ റൈസിങ് ടെക്നിക്കൽ കോൺട്രിബ്യൂട്ടർ പുരസ്കാരമാണ് ദിയയ്ക്കു ലഭിച്ചത്. 85 രാജ്യങ്ങളിലായി 47,000–ത്തിലധികം അംഗങ്ങളുള്ള സംഘടനയാണ് എസ്.ഡബ്ല്യു.ഇ. നവംബറിൽ അമേരിക്കയിലെ ബോസ്റ്റണിൽ നടക്കുന്ന കോൺഫറൻസിൽ പുരസ്കാരം സമ്മാനിക്കും. പത്തനംതിട്ട കുമ്പഴ വടക്ക് 'തുഷാര'യിൽ പി.ഷൈൻ-നിഷാ ഷൈൻ ദമ്പതിമാരുടെ മകളായ ദിയ വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്നാണ് ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങിൽ ബി.ടെക് ബിരുദം നേടിയത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 37
September 14, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ഒരു മനുഷ്യൻ ദിവസം മുഴുവൻ എന്തു ചിന്തിക്കുന്നുവോ അതാണവൻ.
എമേഴ്സൺ

നിങ്ങൾക്കൊരു സ്വപ്നം കാണാൻ കഴിയുമെങ്കിൽ നിങ്ങൾക്കത് ചെയ്യാൻ കഴിയും.
വാൾട്ട് ഡിസ്നി


TRUE LIGHT
CHRISTIAN ASSEMBLY
YOUTH PASTOR
NEEDED!
HOUSTON, TX
True Light Christian Assembly (TLCA) is seeking a dynamic and committed Youth Pastor with a genuine passion for mentoring and discipling the next generation.
QUALIFICATIONS
• A bachelor's or higher degree in Theology.
• Current residence in the USA.
• Married and Spouse should be supportive and willing to participate in youth ministry.
• A strong biblical foundation and spiritual maturity.
• The ability to connect, mentor, and disciple youth.
• A willingness to actively engage with youth beyond Sunday services.
We are looking for a pastor with a genuine heart to serve, build meaningful relationships, and invest in the spiritual growth of our young people.
If you believe you are the right candidate and feel called to this ministry, please submit your resume and references to:
pastorsearch@tlcachurch.org
DEADLINE TO SUBMIT:
SEPTEMBER 30, 2026
ANTICIPATED START DATE:
LATE SUMMER 2027
For more information, visit our website:
tlcachurch.org
TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കേരളത്തിൽ വരവിലും ചെലവിലും വർധന

തിരുവനന്തപുരം: കേരളത്തിൽ നികുതി വരുമാനത്തിൽ അടക്കം വർധന വന്നപ്പോൾ ചെലവും ആനുപാതികമായി കുതിച്ചുയർന്നു. കേരള സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയിലും പെൻഷൻകാരുടെ ക്ഷാമബത്തയിലും വർധന വരുത്തിയതോടെയാണ് ചെലവ് കുതിച്ചത്. ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകാൻ പ്രതിമാസം 1080.25 കോടി രൂപ അധികമായി കണ്ടെത്തേണ്ടിവരുന്നത് യുഡിഎഫ് സർക്കാരിനെ കൂടുതൽ പ്രതിസന്ധിയിലാക്കി.

നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് പിണറായി സർക്കാർ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുടിശികയുള്ള ഡിഎ, ഡിആർ അനുവദിച്ചതാണ് ചെലവ് കുതിച്ചുയരാൻ ഇടയാക്കിയതെന്ന് എജിയുടെ കണക്കുകൾ വ്യക്തമാക്കുന്നു. കഴിഞ്ഞ സാമ്പത്തികവർഷം (2025-26) ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള അഞ്ചുമാസം കേരള സർക്കാർ ജീവനക്കാർക്കു ശമ്പളം കൊടുക്കാൻ ചെലവഴിച്ചത് 19,839.11 കോടി രൂപയായിരുന്നു. എന്നാൽ നിലവിലെ സാമ്പത്തികവർഷം (2026-27) ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ ശമ്പള ഇനത്തിൽ കണ്ടെത്തേണ്ടി വന്നത് 23,142.16 കോടി രൂപയായി ഉയർന്നു. അതായത് 3303.05 രൂപ അധികമായി കണ്ടെത്തേണ്ടി വന്നു. പ്രതിമാസം ശരാശരി 660.6 കോടി രൂപ ജീവനക്കാരുടെ ശമ്പളത്തിനായി അധികമായി കണ്ടെത്തേണ്ട സാഹചര്യം. കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ മാത്രം ശമ്പളത്തിനായി ചെലവഴിച്ചത് 4665.55 കോടി രൂപയായിരുന്നു. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ഇത് 4010.87 കോടി മാത്രമായിരുന്നു. പെൻഷൻ ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ ചെലവഴിച്ചത് 13,772.20 കോടി രൂപയായിരുന്നു. ഈ സാമ്പത്തികവർഷം ഇതേ കാലയളവിൽ 2098.26 കോടി രൂപ സർക്കാരിന് അധികമായി കണ്ടെത്തേണ്ടിവന്നു. ഇക്കഴിഞ്ഞ ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ പെൻഷനായി ചെലവഴിച്ചത് 15,870.46 കോടിയാണ്.

കഴിഞ്ഞ വർഷം ജീവനക്കാരുടെ ഡിഎ 15 ശതമാനം മാത്രമായിരുന്നു. നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു തൊട്ടുമുൻപു കഴിഞ്ഞ മാർച്ചിൽ ഡിഎ, ഡിആർ 20 വർധിപ്പിച്ചു പിണറായി സർക്കാർ ഉത്തരവിറക്കി. ഇതോടെ ഡിഎ, ഡിആർ 35 ശതമാനമായി. ഇതാണ് സർക്കാർ ചെലവുകൾ വർധിക്കാനും ഇടയാക്കിയത്. ജിഎസ്ടി അടക്കമുള്ള നികുതി വരുമാന വർധനയിലൂടെയും കടമെടുത്തുമാണ് അധികഭാരം വി.ഡി. സതീശൻ സർക്കാർ താങ്ങുന്നത്.

സാമ്പത്തികവർഷം തുടങ്ങിയ കഴിഞ്ഞ ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള അഞ്ചുമാസം മുൻ സർക്കാരുകളുടെ വായ്പയുടെ പലിശ ഇനത്തിൽ മാത്രം സർക്കാർ നൽകിയത് 11,766.77 കോടി രൂപ. ശമ്പളം, പെൻഷൻ, ക്ഷേമ പെൻഷൻ, മറ്റു നിത്യനിദാന ചെലവുകൾ എന്നിവ കൂടാതെയാണ് മുൻ വായ്പകൾക്കുള്ള പലിശ ഇനത്തിലും തുകയും സർക്കാർ കണ്ടെത്തേണ്ടത്. കിഫ്ബി അടക്കമുള്ള സംവിധാനങ്ങൾ വഴി എടുത്ത വായ്പയുടെ പലിശയാണിത്. കഴിഞ്ഞ മാസങ്ങളിൽ പലിശ ഇനത്തിൽ സർക്കാർ നൽകിയ തുക കോടിയിൽ: ഏപ്രിൽ-2,193.21, മേയ്-2,064.32, ജൂൺ-2,335.82, ജൂലൈ-2,244.07, ഓഗസ്റ്റ്-2,929.35.

## ഭാഷയെ ജനാധിപത്യത്തിന്റെ പാലമാക്കുക, ആയുധമാക്കരുത്

ഭാഷ ഒരു ആശയവിനിമയ ഉപകരണം മാത്രമല്ല. അത് ഒരു ജനതയുടെ ചരിത്രവും സംസ്കാരവും ഓർമ്മകളും സ്വത്വവും കൂടിയാണ്. അതുകൊണ്ടുതന്നെ ഇന്ത്യയിൽ ഭാഷയെക്കുറിച്ചുള്ള ഓരോ ചർച്ചയും സാധാരണ ഭരണകാര്യ വിഷയമായി മാത്രം കാണാനാവില്ല. അത് ഫെഡറലിസത്തെയും ഭരണഘടനയെയും ദേശീയ ഐക്യത്തെയും ജനാധിപത്യത്തെയും സ്പർശിക്കുന്ന വിഷയമാണ്. ഈയിടെ ഹരിയാനയിലെ ഫരീദാബാദിൽ ദേശീയ വനിതാ കമ്മീഷൻ സംഘടിപ്പിച്ച വനിതാ ജനപ്രതിനിധികളുടെ ദ്വിദിന ശിൽപ്പശാലയിൽ കേരളത്തിൽ നിന്നുള്ള വനിതാ നിയമസഭാംഗങ്ങൾ പ്രതിഷേധിച്ച് ഇറങ്ങിപ്പോയ സംഭവം അതുകൊണ്ടുതന്നെ കേരളത്തിന്റെ മാത്രം പ്രശ്നമല്ല; ഇന്ത്യ എങ്ങനെയുള്ള രാജ്യമായിരിക്കണം എന്ന വലിയ ചോദ്യമാണ് ഉയർത്തുന്നത്. പരിപാടിയിൽ ഭൂരിഭാഗം സെഷനുകളും ഹിന്ദിയിലായിരുന്നുവെന്നും ഹിന്ദിയറിയാത്ത സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്ക് ഫലപ്രദമായി പങ്കെടുക്കാൻ ആവശ്യമായ ഭാഷാ സൗകര്യങ്ങൾ ഒരുക്കിയില്ലെന്നുമാണ് കേരള പ്രതിനിധികളുടെ പരാതി.

ഇവിടെ ആദ്യം വ്യക്തമാക്കേണ്ട ഒരു കാര്യമുണ്ട്. ഹിന്ദി ഒരു പ്രശ്നമല്ല; ഹിന്ദിയെ മറ്റുള്ളവർക്കു മേൽ അടിച്ചേൽപ്പിക്കുന്ന സമീപനമാണ് പ്രശ്നം. ഹിന്ദി സംസാരിക്കുന്ന ഇന്ത്യക്കാരന് തന്റെ ഭാഷയിൽ സംസാരിക്കാനുള്ള അതേ അവകാശം മലയാളിക്കും തമിഴനും കന്നഡക്കാരനും തെലുങ്കുകാരനും ബംഗാളിക്കും മറാത്തിക്കും ഒഡിയക്കും അസമീസിനും പഞ്ചാബിക്കും ഉണ്ട്. ഒരു ഭാഷയെ സ്നേഹിക്കുന്നത് മറ്റൊരു ഭാഷയെ അപമാനിക്കണമെന്നല്ല. ഹിന്ദിയുടെ വളർച്ച തടയണമെന്നുമല്ല കേരളത്തിന്റെ ആവശ്യം. ദേശീയ വേദികളിൽ പങ്കെടുക്കുന്ന എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ പരിപാടികൾ സംഘടിപ്പിക്കണമെന്ന അടിസ്ഥാന ജനാധിപത്യം ആവശ്യം മാത്രമാണ് ഇവിടെ ഉയർന്നത്. കേരളത്തിലെ വനിതാ പ്രതിനിധികൾ വ്യക്തമാക്കിയതും ഇതുതന്നെയാണ് - ഹിന്ദി ഭാഷയോടല്ല എതിർപ്പ്; ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ജനപ്രതിനിധികൾക്ക് തുല്യമായി പങ്കെടുക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാത്തതിനോടാണ് പ്രതിഷേധം. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള വനിതാ നിയമസഭാംഗങ്ങളെ ഉൾപ്പെടുത്തി, ജനാധിപത്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തവും നിയമനിർമാണത്തിലെ അവരുടെ ഉത്തരവാദിത്തവും ചർച്ച ചെയ്യാനായിരുന്നു ദേശീയ വനിതാ കമ്മീഷന്റെ പരിപാടി. അത്തരമൊരു ദേശീയ വേദിയിൽ തന്നെ ചില സംസ്ഥാനങ്ങളിലെ ജനപ്രതിനിധികൾക്ക് ഭാഷ കാരണം ചർച്ചയിൽ പൂർണമായി പങ്കെടുക്കാൻ കഴിയുന്നില്ലെങ്കിൽ, പരിപാടിയുടെ ലക്ഷ്യത്തിൽ തന്നെ വൈരുദ്ധ്യമുണ്ട്. ഒരു ദേശീയ പരിപാടിയിൽ ഇന്ത്യയുടെ ഭാഷാവൈവിധ്യത്തെ പ്രതിഫലിപ്പിക്കാൻ എന്തുകൊണ്ട് കൂടുതൽ ശ്രമം ഉണ്ടായിക്കൂടാ? സാങ്കേതികവിദ്യ ഇത്രയും മുന്നേറിയ കാലത്ത് തത്സമയ പരിഭാഷയും ബഹുഭാഷാ അവതരണവും സാധ്യമാണ്. കുറഞ്ഞത് ഇംഗ്ലീഷിലോ മറ്റൊരു പൊതുവായ ആശയവിനിമയ ഭാഷയിലോ സൗകര്യം ഒരുക്കാമായിരുന്നു. പരിപാടിയിൽ പങ്കെടുക്കുന്നവരുടെ ഭാഷാപരമായ പശ്ചാത്തലം മുൻകൂട്ടി മനസ്സിലാക്കി പരിശീലനസാമഗ്രികൾ തയ്യാറാക്കാമായിരുന്നു. ഒരു ഭാഷയിൽ മാത്രം പരിപാടി മുന്നോട്ടുകൊണ്ടുപോകുന്നത് ഭരണപരമായ സൗകര്യത്തിന്റെ പേരിൽ ന്യായീകരിക്കാനാകില്ല.

ഇന്ത്യയുടെ ഐക്യം ഒരേ ഭാഷ സംസാരിക്കുന്നതിലല്ല. ഒരേ ദേശീയഗാനം പാടുന്നതിലും ഒരേ മുദ്രാവാക്യം വിളിക്കുന്നതിലും മാത്രം അല്ല. വ്യത്യസ്തരായി നിൽക്കാനുള്ള അവകാശം പരസ്പരം അംഗീകരിക്കുന്നതിലാണ് ഇന്ത്യയുടെ ഐക്യം. മലയാളി മലയാളിയായി തുടരുകയും തമിഴൻ തമിഴനായി തുടരുകയും ബംഗാളി ബംഗാളിയായി തുടരുകയും ചെയ്തുകൊണ്ട് ഇന്ത്യക്കാരായിരിക്കാം. അതിന് ആരും സ്വന്തം മാതൃഭാഷ ഉപേക്ഷിക്കേണ്ടതില്ല. മറിച്ച് സ്വന്തം ഭാഷയും സംസ്കാരവും സംരക്ഷിച്ചുകൊണ്ട് മറ്റുള്ളവരുടെ ഭാഷയെയും സംസ്കാരത്തെയും ബഹുമാനിക്കുമ്പോഴാണ് യഥാർത്ഥ ദേശീയത രൂപപ്പെടുന്നത്. കേരള മുഖ്യമന്ത്രി വി.ഡി. സതീശൻ സംഭവത്തെ ശക്തമായി വിമർശിക്കുകയും ഹിന്ദി അടിച്ചേൽപ്പിക്കുന്ന സമീപനം ഭരണഘടനാപരമായ ഇന്ത്യയുടെ അടിസ്ഥാന സ്വഭാവത്തോട് പൊരുത്തപ്പെടുന്നതല്ലെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. ദേശീയ വേദികളിൽ ഭാഷാ വൈവിധ്യത്തെ ബഹുമാനിക്കണമെന്ന ആവശ്യം അദ്ദേഹം മുന്നോട്ടുവെച്ചു. ശശി തരൂർ ഉൾപ്പെടെയുള്ള നേതാക്കളും കേരളത്തിലെ വനിതാ നിയമസഭാംഗങ്ങളുടെ നിലപാടിനെ പിന്തുണച്ച് ഭാഷാവൈവിധ്യത്തെ ബഹുമാനിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. എന്നാൽ ഈ വിഷയത്തിൽ കേരളത്തിനും ആത്മപരിശോധന വേണം. ഭാഷാവകാശം ആവശ്യപ്പെടുന്ന കേരളം സ്വന്തം സംസ്ഥാനത്തിനുള്ളിലെ ഭാഷാ ന്യൂനപക്ഷങ്ങളോടും അതേ ബഹുമാനം കാണിക്കണം. മലയാളം കേരളത്തിന്റെ ഭാഷയാണ്; എന്നാൽ കേരളം ഇന്ത്യയുടെ ഭാഗമാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള തൊഴിലാളികളും വിദ്യാർത്ഥികളും കുടുംബങ്ങളും ഇന്ന് കേരളത്തിൽ ജീവിക്കുന്നു. അവരുടെ ഭാഷയെയും സംസ്കാരത്തെയും ബഹുമാനിക്കേണ്ട ഉത്തരവാദിത്തം നമുക്കുമുണ്ട്. അതുകൊണ്ട് തന്നെ ഈ വിവാദത്തിന്റെ ശരിയായ പാഠം 'ഹിന്ദി വേണ്ട' എന്നതല്ല. 'ഹിന്ദി വേണം, മലയാളവും വേണം; തമിഴും വേണം; കന്നഡയും വേണം; ഇന്ത്യയുടെ എല്ലാ ഭാഷകൾക്കും ബഹുമാനം വേണം' എന്നതാണ്. ഇന്ത്യയെ ഒരു ഭാഷയിൽ ഒതുക്കാനുള്ള ശ്രമം ഇന്ത്യയുടെ യാഥാർത്ഥ്യത്തെ ചെറുതാക്കുന്നതാണ്. ഒരു ഭാഷയുടെ വളർച്ചയ്ക്ക് മറ്റൊരു ഭാഷയുടെ തകർച്ച അനിവാര്യമല്ല.

ദേശീയ വനിതാ കമ്മീഷൻ പോലുള്ള സ്ഥാപനങ്ങൾ ഈ സംഭവത്തിൽനിന്ന് ഒരു പാഠം പഠിക്കേണ്ടതുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കുമ്പോൾ ഭാഷാ സൗകര്യം മുൻകൂട്ടി ഉറപ്പാക്കണം. വിവർത്തന സംവിധാനവും ബഹുഭാഷാ പഠനസാമഗ്രികളും ലഭ്യമാക്കണം. ദേശീയ സ്ഥാപനങ്ങൾ ഇന്ത്യയുടെ വൈവിധ്യത്തെ പ്രതിഫലിപ്പിക്കുന്ന മാതൃകകളാകണം; ഒരു പ്രദേശത്തിന്റെ ഭാഷാ സംസ്കാരത്തെ മറ്റുള്ളവർക്കു മേൽ അടിച്ചേൽപ്പിക്കുന്ന വേദികളായി മാറരുത്. കാരണം ഭാഷയുടെ പ്രശ്നം നാളെ മറ്റൊരു രൂപത്തിൽ നമ്മുടെയെല്ലാം വാതിലിൽ എത്താം. ഇന്ന് മലയാളിക്ക് ഹിന്ദിയാണ്; നാളെ മറ്റൊരാൾക്ക് മറ്റൊരു ഭാഷയായിരിക്കാം. ഒരാളുടെ ഭാഷാവകാശം സംരക്ഷിക്കുമ്പോഴാണ് എല്ലാവരുടെയും അവകാശം സംരക്ഷിക്കപ്പെടുന്നത്. അതുകൊണ്ട് ഭാഷയെ രാഷ്ട്രീയ ആയുധമാക്കാതെ ജനാധിപത്യത്തിന്റെ പാലമാക്കുകയാണ് വേണ്ടത്. ഇന്ത്യയുടെ ശക്തി അതിന്റെ ഏകതാനതയിലല്ല; വൈവിധ്യത്തിനുള്ളിലെ ഐക്യത്തിലാണ്.

## ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ഡിജിറ്റൈസ് ഗ്രന്ഥശാലാ ജില്ലയായി ആലപ്പുഴ

ആലപ്പുഴ: ഗ്രന്ഥശാലാ പ്രസ്ഥാനം പിറന്ന നാടായ ആലപ്പുഴയ്ക്ക് വായനയുടെ ലോകത്ത് ശ്രദ്ധേയമായ നേട്ടം. ഗ്രാമീണ വായനശാലകളെ കോർത്തിണക്കി ഇന്ത്യയിലെ ആദ്യ സമ്പൂർണ ഡിജിറ്റൈസ് ഗ്രന്ഥശാലാ ജില്ല എന്ന നേട്ടം ആലപ്പുഴ സ്വന്തമാക്കി. ഇതുസംബന്ധിച്ച് ഔദ്യോഗിക പ്രഖ്യാപനം ഉടനുണ്ടാകും.

ജില്ലയിലെ 351 ഗ്രന്ഥശാലയുടെയും ഇവിടത്തെ 12 ലക്ഷത്തിലധികം പുസ്തകത്തിന്റെയും വിവരം ഇനി വിരൽത്തുമ്പിൽ കിട്ടും. 2024-ലാണ് ശ്രമം തുടങ്ങിയത്. ആലപ്പുഴയൊഴിച്ച് കേരളത്തിലൊട്ടാകെ വെറും ഏഴുലക്ഷം പുസ്തകം മാത്രമാണ് ഡിജിറ്റൈസ് ചെയ്തിരിക്കുന്നത്.

കാർത്തികപ്പള്ളി താലൂക്കിലെ ആറാട്ടുപുഴയിലുള്ള എ.കെ.ജി. ഗ്രന്ഥശാലയുടെ സെക്രട്ടറിയും 'ഡിജിറീഡ് സോഫ്റ്റ്‌വേർ സൊല്യൂഷൻസ്' എന്ന സ്റ്റാർട്ടപ്പിന്റെ സ്ഥാപകനുമായ സുധി സഞ്ജയനാണ് ഈ മാതൃകാ പദ്ധതിക്കു പിന്നിൽ. ഗ്രാമീണ വായനശാലകളുടെ പ്രവർത്തനം മനസ്സിലാക്കിയപ്പോൾ നേരിട്ട ബുദ്ധിമുട്ടുകളാണ് 'ഇൻഫോലൈബ്രറി' എന്ന 'ആപ്പി'ന്റെ പിറവിക്കു കാരണമായത്.

കേരള സ്റ്റാർട്ടപ്പ് മിഷൻ, സ്റ്റാർട്ടപ്പ് ഇന്ത്യ എന്നിവയുടെ അംഗീകാരമുള്ള ഈ പ്ലാറ്റ്ഫോം വഴി വെറും 60 ദിവസത്തിനുള്ളിലാണ് 12 ലക്ഷത്തിലധികം പുസ്തകത്തിന്റെ ഡേറ്റാബേസ് പൂർത്തിയാക്കിയത്. ഡേറ്റാ എൻട്രിയുടെ വേഗം കൂട്ടാൻ കൃത്രിമബുദ്ധി (എഐ) അധിഷ്ഠിത തിരച്ചിൽ, മലയാളം വോയ്സ് ടൈപ്പിങ്, രണ്ടു ലക്ഷത്തോളം പുസ്തകത്തിന്റെ ഓഫ്‌ലൈൻ വിവരശേഖരം എന്നിവ സജ്ജമാക്കിയിരുന്നു.

ജൂൺ ആറിന് ഗ്രന്ഥശാലകൾക്കുള്ള പരിശീലനം പൂർത്തിയാക്കി ഡിജിറ്റൈസേഷൻ തുടങ്ങി. വെള്ളപ്പൊക്കവും വാർഷിക പരിശോധനയും കാരണം പ്രവർത്തനത്തിൽ തടസ്സം നേരിട്ടെങ്കിലും 60 ദിവസംകൊണ്ട് പൂർത്തിയാക്കാൻ സാധിച്ചു.

ജില്ല ലൈബ്രറി കൗൺസിൽ പ്രസിഡന്റ് അലിയാർ മാക്കിയിൽ, സെക്രട്ടറി കെ. രഘുപ്രസാദ് എന്നിവർ താലൂക്കുതല ഏകോപനയോഗങ്ങൾ സംഘടിപ്പിച്ച് പദ്ധതിയുടെ പുരോഗതി ദിവസേന വിലയിരുത്തി. സംശയങ്ങൾ പരിഹരിക്കാനും പിന്നിലായ ലൈബ്രറികൾക്ക് സഹായമെത്തിക്കാനും രംഗത്തുണ്ടായിരുന്നു.

ഏതു പുസ്തകം എവിടെയെന്നു കണ്ടുപിടിക്കാൻ 'ഇൻഫോ ലൈബ്രറി ആപ്പ്' വഴി സാധിക്കും.

## പരീക്ഷാ ക്രമക്കേട്: പി.എസ്.സി അംഗങ്ങൾ ഹാജരാകണം

തിരുവനന്തപുരം: പരീക്ഷാ ക്രമക്കേടിലെ ചോദ്യം ചെയ്യലിനായി പി.എസ്.സി അംഗങ്ങൾ ക്രൈംബ്രാഞ്ച് ഓഫീസിൽ എത്തണമെന്ന നിലപാടിൽ ഉറച്ച് അന്വേഷണസംഘം. ഇക്കാര്യം വ്യക്തമാക്കി ക്രൈംബ്രാഞ്ച് സംഘം പിഎസ്സിക്ക് മറുപടിക്കത്തയയ്ക്കും. ചോദ്യം ചെയ്യലിനായി പി.എസ്സി അംഗങ്ങൾക്ക് ക്രൈംബ്രാഞ്ച് ഓഫീസ് എത്താനാകില്ലെന്നും പകരം പി.എസ്സി ഓഫീസിൽ വെച്ച് മൊഴി നല്കാമെന്നുമാണ് പി.എസ്.സി സെക്രട്ടറി നേരത്തെ കത്തയച്ചത്. ഇതിനാണ് ഐജി അജീത ബേഗത്തിന്റെ നേതൃത്വത്തിലുള്ള അന്വേഷണസംഘത്തിന്റെ രേഖാമൂലം മറുപടി.

ചോദ്യം ചെയ്യലിനുള്ള ബദൽ മാർഗം ക്രൈംബ്രാഞ്ച് തള്ളിയതോടെ പി.എസ്.സി എന്തു നിലപാട് എടുക്കുമെന്നതിലാണ് ആകാംക്ഷ. ആസൂത്രണ ബോർഡ് ചീഫ് തസ്തികയിലേക്കുള്ള പരീക്ഷയിലെ ക്രമക്കേടിൽ ചോദ്യം ചെയ്യലിനായി നിലവിൽ 4 പി.എസ്.സി. അംഗങ്ങൾക്ക് ക്രൈംബ്രാഞ്ച് കത്ത് നല്കിയിട്ടുണ്ട്. പി.എസ്സി അംഗം എസ്.എ. സെയിഫ്, എസ്. ശ്രീകുമാർ, സി.കെ. ഷാൽബി, സ്റ്റാനി തോമസ് എന്നിവർക്കുമാണ് ക്രൈംബ്രാഞ്ച് ഓഫീസിൽ എത്താൻ നിർദ്ദേശം. പി.എസ്.സി. ചെയർമാൻ എം.ആർ. ബൈജുവിനെയും പിന്നാലെ ചോദ്യം ചെയ്യുമെന്ന് അന്വേഷണസംഘം വ്യക്തമാക്കിയിട്ടുണ്ട്.

പരീക്ഷാ മൂല്യനിർണയത്തിൽ പി.എസ്.സി. മുൻ ഡെപ്യൂട്ടി സെക്രട്ടറി പി. സതീഷ് നിലവിലെ അഡീഷണൽ സെക്രട്ടറി ആർ. ഹരി എന്നിവർക്ക് വീഴ്ച സംഭവിച്ചെന്ന് ക്രൈംബ്രാഞ്ച് അന്വേഷംസംഘം കണ്ടെത്തിയിരുന്നു. ഇതിനു പിന്നാലെയാണ് അന്വേഷണത്തിന്റെ ഭാഗമായി പി.എസ്.സിയിലെ ഉന്നതരെ ചോദ്യം ചെയ്യാൻ തീരുമാനിച്ചത്.

ആസൂത്രണ ബോർഡ് ചീഫ് പരീക്ഷയ്ക്കു പുറമെ മറ്റു പരീക്ഷകളിലെ ക്രമക്കേടുകൾ സംബന്ധിച്ചും ക്രൈംബ്രാഞ്ചിന് പരാതി ലഭിച്ചിട്ടുണ്ട്. പ്രാഥമിക പരിശോധന നടത്തിയശേഷം കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യാനൊരുങ്ങുകയാണ് അന്വേഷണസംഘം.


JV
BUILT
GENERAL CONTRACTOR
BUILT ON TRUST.
FOCUSED ON QUALITY.
From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.
RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES
OUR EXPERTISE
WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.
FLOORING
Durable. Stylish. Built to last. Installed right.
ROOFING
Quality roofing that protects what matters most.
PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.
630-544-7951
jvbuilt1@gmail.com
Proudly Serving the Chicago Land Area
BUILDING TRUST. DELIVERING EXCELLENCE.
ONE CONTRACTOR.
COMPLETE SOLUTIONS.
Remodeling • Additions • Repairs • Maintenance • And More


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങിയതിൽ വൻ സാമ്പത്തിക ക്രമക്കേടെന്ന് റിപ്പോർട്ട്

തിരുവനന്തപുരം: കോവിഡ് മഹാമാരിയുടെ മറവിൽ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) നടത്തിയ വൻസാമ്പത്തിക ക്രമക്കേടുകൾ സ്ഥിരീകരിച്ച് ധനകാര്യ പരിശോധനാവിഭാഗത്തിന്റെ സമഗ്രാന്വേഷണ റിപ്പോർട്ട്. ചട്ടങ്ങൾ ലംഘിച്ച് കൂടിയ നിരക്കിൽ പി.പി.ഇ കിറ്റ്, ഗ്ലൗസ്, മാസ്ക്, മറ്റ് മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങിയതിലൂടെ സംസ്ഥാന ഖജനാവിനുണ്ടായ 12 കോടിയോളം രൂപയുടെ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് ഈടാക്കണമെന്നു റിപ്പോർട്ട് ശിപാർശ ചെയ്യുന്നു.

കെ.കെ. ശൈലജ ആരോഗ്യമന്ത്രിയായിരിക്കേ, കെ.എം.എസ്.സി.എൽ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ഗുരുതരക്രമക്കേടുകളും അഴിമതിയും നടന്നെന്നാണ് അന്വേഷണ റിപ്പോർട്ട്. നിയമവിധേയമല്ലാത്ത കരാറുകൾ, വിപണി നിരക്കിനേക്കാൾ കൂടിയ തുകയ്ക്കുള്ള വാങ്ങൽ, ടെൻഡർ നടപടികൾ ഒഴിവാക്കൽ എന്നിവയിലൂടെ സർക്കാരിന് കോടികളുടെ അധിക സാമ്പത്തിക ബാധ്യതയുണ്ടായതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. കുറഞ്ഞനിരക്കിൽ രണ്ടുലക്ഷം പി.പി.ഇ കിറ്റുകൾ നൽകാൻ മെഡ്സർജ് ഏജൻസീസ്, നാസ്കോ മിനറൽ എന്നീ കമ്പനികൾ സന്നദ്ധത അറിയിച്ചിട്ടും മറ്റ് കമ്പനികളിൽനിന്ന് കൂടുതൽ വിലയുള്ള കിറ്റുകൾ വാങ്ങിയതിലൂടെ 5,08,00,950 രൂപയുടെ അധികബാധ്യത വരുത്തി. കെയറോൺ ഹെൽത്ത്കെയർ കമ്പനിക്ക് ഉയർന്ന നിരക്കിൽ ഓർഡറുകൾ നൽകിയതിലൂടെ 1,09,87,500 രൂപയുടെ നഷ്ടവുമുണ്ടായി. യഥാസമയം ക്വട്ടേഷൻ ക്ഷണിക്കാതെ, അഗ്രത എന്ന സ്ഥാപനവുമായി നടത്തിയ ഗ്ലൗസ് ഇടപാടിൽ മാത്രം 4.312 കോടിയുടെ ബാധ്യതയുണ്ടായി. കുറഞ്ഞനിരക്കിൽ ഗ്ലൗസ് നൽകാൻ തയാറായ കമ്പനിയെ ഒഴിവാക്കിയായിരുന്നു ഈ ഇടപാട്.

ധനകാര്യപരിശോധനാവിഭാഗം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തര തുടർനടപടികൾക്കായി ഫയൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ആരോഗ്യമന്ത്രി കെ. മുരളീധരനു കൈമാറി. വിജിലൻസ് അന്വേഷണത്തിനു സാധ്യതയേറിയതോടെ മുൻമന്ത്രി കെ.കെ. ശൈലജയടക്കം പ്രതിക്കൂട്ടിലാകുമെന്നാണ് സൂചന.

അതേസമയം, ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ജീവനക്കാരുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് ധനകാര്യപരിശോധനാവിഭാഗം നിരവധി തവണ കത്തയച്ചിട്ടും കെ.എം.എസ്.സി.എൽ. മാനേജ്മെന്റ് ഗൗനിച്ചിട്ടില്ല. ഉദ്യോഗസ്ഥ-രാഷ്ട്രീയതലത്തിലുള്ള ഉന്നതരെ സംരക്ഷിക്കാനാണിതെന്ന ആരോപണം ശക്തമാണ്. നഷ്ടപ്പെട്ട 12 കോടിയോളം രൂപ തിരിച്ചുപിടിക്കുന്നതിലും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിലും വിട്ടുവീഴ്ച വേണ്ടെന്ന നിലപാടിലാണ് സർക്കാർ.

മുൻകൂട്ടി തയാറാക്കിയ കരാറുകളുടെ മറവിൽ ഗുണനിലവാരമില്ലാത്ത സാമഗ്രികളും വൻതോതിൽ വിതരണം ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്തി.

## ഭിന്നശേഷി പെൻഷൻ നിഷേധിക്കാനാവില്ല; മുൻ സൈനികന് ആശ്വാസമായി ഹൈക്കോടതി വിധി

കൊച്ചി: സൈന്യത്തിൽ ചേരുമ്പോൾ ആരോഗ്യപ്രശ്നങ്ങളില്ലാതിരുന്നയാൾക്ക് സർവീസ് കാലയളവിനിടെ ഉണ്ടാകുന്ന അസുഖങ്ങൾ ജോലിയുടെ ഭാഗമായുണ്ടായതെന്നു കണക്കാക്കണമെന്ന് ഹൈക്കോടതി. അല്ലാത്തപക്ഷം അത് തെളിയിക്കേണ്ട ബാധ്യത തൊഴിലുടമയായ സൈന്യത്തിനാണെന്നും കോടതി വ്യക്തമാക്കി.

1970-ൽ സൈന്യത്തിൽ ചേർന്ന് 2005-ൽ വിരമിച്ച മലപ്പുറം സ്വദേശിയായ ലഫ്റ്റനന്റ് കേണൽ സണ്ണി തോമസിന് ഭിന്നശേഷി പെൻഷൻ നൽകാനുള്ള ആംഡ് ഫോഴ്സ് ട്രിബ്യൂണലിന്റെ വിധി ശരിവെച്ചാണ് ജസ്റ്റിസുമാരായ കെ. നടരാജൻ, ജോൺസൺ ജോൺ എന്നിവരുൾപ്പെട്ട ബെഞ്ചിന്റെ നിരീക്ഷണം.

ജോലിയുമായി ബന്ധപ്പെട്ട് ഉയർന്ന രക്തസമ്മർദം ബാധിച്ചതായും ഇത് 30 ശതമാനം ഭിന്നശേഷിയായി കണക്കാക്കാമെന്നും മെഡിക്കൽ ബോർഡ് റിപ്പോർട്ട് നൽകിയെങ്കിലും സൈനികസേവനവുമായി ബന്ധപ്പെട്ട അസുഖമല്ലെന്ന് ചൂണ്ടിക്കാട്ടി അധികൃതർ നിഷേധിച്ചു. തുടർന്ന് നൽകിയ ഹർജിയിൽ, ഭിന്നശേഷി 50 ശതമാനമായി ഉയർത്തി നിശ്ചയിക്കാനും വിരമിച്ച തീയതി മുതൽ കുടിശിക നൽകാനുമാണ് ട്രിബ്യൂണൽ ഉത്തരവിട്ടത്. നാലു മാസത്തിനകം തുക നൽകിയില്ലെങ്കിൽ 9 ശതമാനം പലിശസഹിതം നൽകണമെന്നും നിർദേശിച്ചു.

ഇതിനെതിരെ കേന്ദ്രസർക്കാരും കരസേനാമേധാവിയുമടക്കം നൽകിയ അപ്പീലാണ് ഹൈക്കോടതി തള്ളിയത്. മെഡിക്കൽ ബോർഡ് റിപ്പോർട്ട് മറ്റ് തെളിവുകളൊന്നുമില്ലാതെ തള്ളി പെൻഷൻ നിഷേധിച്ചതിനെ കോടതി വിമർശിച്ചു. അപ്പീൽ നൽകാനുള്ള സമയപരിധി കഴിഞ്ഞതും ചൂണ്ടിക്കാട്ടി.

# ആഗോളവ്യാപാരം തടസ്സമില്ലാതെ മുന്നോട്ടു പോകണമെന്ന് മോദി



ന്യൂഡൽഹി: കടൽപ്പാതകൾ സുരക്ഷിതമാകുകയും വിതരണ ശൃംഖലകൾ തടസ്സമില്ലാതെ തുടരുകയും നാവികരുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്താൽ മാത്രമേ ആഗോള വ്യാപാരത്തിന് മുന്നോട്ടു പോകാൻ സാധിക്കുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

ന്യൂഡൽഹിയിൽ നടന്ന ബ്രിക്സ് ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിൻ, ഇറാൻ പ്രസിഡണ്ട് മസൂദ് പെസെഷ്കിയാൻ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു പ്രധാനമന്ത്രിയുടെ പരാമർശം.

വർദ്ധിച്ചുവരുന്ന ഭൗമരാഷ്ട്രീയ തർക്കങ്ങൾക്കിടയിലും വ്യാപാര തടസങ്ങൾ ഒഴിവാക്കി സാമ്പത്തിക പാലം പണിയാനാണ് ഇന്ത്യ ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. 2014-നുശേഷം 40-ഓളം രാജ്യങ്ങളുമായി ഇന്ത്യ സ്വതന്ത്ര വ്യാപാര കരാറുകളിൽ ഒപ്പുവെച്ചിട്ടുണ്ട്. ലോകജനസംഖ്യയുടെ 50 ശതമാനത്തെയും ആഗോള ജിഡിപിയുടെ 40 ശതമാനത്തെയുമാണ് ബ്രിക്സ് രാജ്യങ്ങൾ പ്രതിനിധീകരിക്കുന്നത്. ഇന്ത്യയുടെ യുപിഐ ഡിജിറ്റൽ പേമെന്റ് സംവിധാനവും സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റവും ബ്രിക്സ് അംഗരാജ്യങ്ങൾക്ക് മാതൃകയാക്കാവുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.

അംഗരാജ്യങ്ങൾക്കിടയിലെ വ്യാപാര തടസം നീക്കുന്നതിനും ആയിരത്തിലധികം പുതിയ ബിസിനസ് പങ്കാളിത്തങ്ങൾ വളർത്തിയെടുക്കുന്നതിനും ബിസിനസ് കൗൺസിൽ മുൻകൈയെടുക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിനുമായും ഇറാൻ പ്രസിഡണ്ട് മസൂദ് പെസെഷ്കിയാനുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. ഭാരത് മണ്ഡപത്തിൽ നടന്ന ഉഭയകക്ഷി കൂടിക്കാഴ്ചയിൽ പ്രസിഡണ്ട് വ്ളാഡിമിർ പുടിന് പ്രധാനമന്ത്രി നരേന്ദ്ര മോദി തിരുവള്ളുവർ രചിച്ച ക്ലാസിക്കൽ തമിഴ് കാവ്യമായ തിരുക്കുറളിന്റെ റഷ്യൻ പരിഭാഷ സമ്മാനിച്ചു.

പുസ്തകം സമ്മാനിച്ചശേഷം ഇരുനേതാക്കളും ഹസ്തദാനം ചെയ്യുന്ന വീഡിയോദൃശ്യവും മോദി പങ്കുവെച്ചു.







FAITH
CHRISTIAN CHURCH
600 Secor Rd, Hartsdale NY 10530
PRAYERFULLYSEARCHING FOR A
SENIOR PASTOR
A CALL TO LEAD. A CHURCH TO IMPACT. A LEGACY TO BUILD.
Faith Christian Church is urgently & prayerfully seekinga Spirit-filled Senior Pastor to lead our growing, multigenerational, multilingual Malayalee Pentecostal congregation.
KEY QUALIFICATIONS
Fluent in Malayalam & English
Bachelor's degree in Theology or Divinity earned through in-person attendance at an accredited college.
Ordained Pentecostal minister
Minimum age of 45; married; 10+ years of pastoral experience with atleast 5 years served as a Senior Pastor.
U.S. citizen or permanent resident
Demonstrates biblical leadership (1 Tim 3:2-7; Titus 1:6-9; 1 Pet 5:2-3)
ROLE OVERVIEW
Preach and teach the word of God
Provide pastoral care and spiritual guidance
Lead with vision, integrity and unity
Strengthen discipleship and missions
Foster connection across cultures and generations
HOW TO APPLY
Email Resume to: faithch.nyc@gmail.com
scan here to apply


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ലഡാക്കിന് പ്രത്യേക പദവി; പുതിയ ഭരണസംവിധാനം

ന്യൂഡൽഹി: ലഡാക്കിന് പ്രത്യേക പദവി നൽകാനൊരുങ്ങി കേന്ദ്ര സർക്കാർ. ഹിമാലയൻ മേഖല ഭരിക്കുന്നതിനായി പുതിയ ഭരണസംവിധാനവും നിലവിൽ വരും. ആർട്ടിക്കിൾ 371 പ്രകാരം ഭരണഘടനാപരമായ സംരക്ഷണം നൽകി തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക സമിതിയാകും രൂപീകരിക്കുക. നിയമ നിർമാണ, സാമ്പത്തിക അധികാരങ്ങളുള്ളതും മണ്ഡലങ്ങളിലൂടെ നേരിട്ടു തെരഞ്ഞെടുക്കപ്പെടുന്നതുമാകും സമിതിയെന്ന് ലഡാക്ക് ചീഫ് സെക്രട്ടറി ആശിഷ് കുന്ദ്ര പറഞ്ഞു. തെരഞ്ഞെടുക്കപ്പെടുന്ന സമിതിയുണ്ടാകുമെങ്കിലും അത് നിയമസഭയോടുകൂടിയ കേന്ദ്ര ഭരണപ്രദേശം ആയിരിക്കില്ല. നിയമസഭയോ സംസ്ഥാനമോ അല്ലെങ്കിലും ലഡാക്കിന് സ്വന്തമായി തെരഞ്ഞെടുക്കപ്പെട്ട ഒരു സമിതി ഉണ്ടാകുമെന്നും ഇത് വ്യത്യസ്തമായ ഭരണമാതൃകയാണെന്നും കുന്ദ്ര പറഞ്ഞു. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു പരീക്ഷണം. തനതായ, അതുല്യമായ തുടങ്ങിയ അർത്ഥങ്ങളുള്ള 'സൂയി ജനറിസ്' എന്ന ലാറ്റിൻ പദമാണ് ഇക്കാര്യം വിശദീകരിക്കാൻ കുന്ദ്ര ഉപയോഗിച്ചത്.

നാല് വർഷമായി ലഡാക്കിലെ ജനങ്ങൾ പ്രത്യേക പദവി ആവശ്യപ്പെടുന്നുണ്ട്. ലഡാക്കിന് ആവശ്യമായ ഭരണഘടനാപരമായ സംരക്ഷണം ഉറപ്പാക്കാൻ പാർലമെന്റ് ആർട്ടിക്കിൾ 371 ഭേദഗതി ചെയ്യും. ഭരണഘടനാ സംരക്ഷണവും തെരഞ്ഞെടുക്കപ്പെട്ട സമിതിയും രൂപീകരിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആരംഭിച്ചിട്ടുണ്ട്.

ലഡാക്ക് സംഘടനാ പ്രതിനിധികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയ ഉപസമിതിയും തമ്മിൽ ഡൽഹിയിൽ ചർച്ച നടത്തിയിരുന്നു. ഒക്ടോബറിൽ അടുത്ത യോഗം നടക്കുന്നതിനു മുമ്പ് ആർട്ടിക്കിൾ 371 ഭേദഗതി ചെയ്യാനുള്ള കരട് തയാറാക്കും. തങ്ങളുടെ തനതായ പ്രാദേശിക, സാമൂഹിക ആവശ്യങ്ങൾ നിറവേറ്റാനായി ചില സംസ്ഥാനങ്ങൾക്ക് താൽക്കാലികമായ, പ്രത്യേക അധികാരങ്ങൾ നൽകുന്നതാണു ഭരണഘടനയുടെ ആർട്ടിക്കിൾ 371.

## കേരളഘടകത്തെ പ്രഖ്യാപിച്ച് സിജെപി

ന്യൂഡൽഹി: കോക്രോച്ച് ജനതാ പാർട്ടി (സി.ജെ.പി.) കേരളഘടകത്തെ പ്രഖ്യാപിച്ചു. ദക്ഷിണമേഖലാ കോർഡിനേഷൻ കമ്മിറ്റിയുടെ ഭാഗമായി നാലംഗ സംഘത്തെയാണ് കേരളത്തിൽ നിയമിച്ചത്.

നിതിൻ നോബിൾ, ഫിറോസ് ഖാൻ, ഇഷ മറിയം ഹാരിസ്, സനൂപ് ദേവ് എന്നിവരാണ് കേരളത്തിലെ അംഗങ്ങൾ. ലക്ഷദ്വീപിൽനിന്ന് മുഹമ്മദ് തുഫൈലിനെയും നിയമിച്ചു.

22 അംഗ സംഘമാണ് ദക്ഷിണ മേഖലാ സമിതിയിലുള്ളത്. ആന്ധ്രപ്രദേശ്, അന്തമാൻ നിക്കോബാർ, കർണാടക, തമിഴ്നാട്, തെലങ്കാന പ്രതിനിധികളും സമിതിയിലുണ്ട്.

ഇന്ത്യയിൽ വ്യാപകമായി സംഘടനാസംവിധാനമുണ്ടാക്കുമെന്ന് സിജെപി അറിയിച്ചിരുന്നു.

## മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള ചുമതല ഇനി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്

തിരുവനന്തപുരം: കേരളത്തിൽ മരുന്നുകളുടെ നിലവാരം ഉറപ്പാക്കാനുള്ള ചുമതല ഇനി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്. ഇതോടെ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിൽ (കെഎംഎസ്സിഎൽ) ക്വാളിറ്റി കൺട്രോൾ വിഭാഗം ഇല്ലാതായി.

കഴിഞ്ഞ കാലങ്ങളിൽ കെഎംഎസ്സിഎൽ വഴി സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്ത മരുന്നുകളിൽ വ്യാപകമായി ഗുണനിലവാരമില്ലെന്നു കണ്ടെത്തിയ സാഹചര്യത്തിലാണു സർക്കാർ നടപടി.

ഗുണനിലവാരമില്ലാത്ത കോടിക്കണക്കിനു രൂപയുടെ മരുന്നുകളാണു പരിശോധനയിൽ കണ്ടെത്തിയത്. മാത്രമല്ല, കെഎംഎസ്സിഎൽ വാങ്ങുന്ന മരുന്നിന്റെ നിലവാരം അവരുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിക്കുന്നത് അഴിമതിക്ക് ഇടയാക്കുന്നതായും പരാതികൾ ഉയർന്നിരുന്നു.

ഈ സാഹചര്യത്തിൽ കെഎംഎസ്സിഎൽ വഴി സംഭരിക്കുന്ന മരുന്നുകളുടെ നിലവിലുള്ള ഗുണനിലവാരം ഉറപ്പാക്കൽ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്നു കണ്ടെത്തിയ സാഹചര്യത്തിലാണു മന്ത്രി കെ. മുരളീധരന്റെ ഇടപെടൽ. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നിയമപരമായ അധികാരവും സാങ്കേതിക വൈദഗ്ധ്യവും നിയന്ത്രണ ചുമതലയും ഡ്രഗ്സ് കൺട്രോൾ വകുപ്പിനുണ്ട്. എന്നാൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിലവിലുള്ള ജീവനക്കാരുടെ കുറവ് കണക്കിലെടുത്തു ഗുണനിലവാര പരിശോധനാ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കാൻ ആവശ്യമുള്ള ജീവനക്കാരെ താത്കാലിക കരാർ അടിസ്ഥാനത്തിൽ, നിയമിക്കുന്നതിനും അനുമതി നൽകി.

## ഹൂസ്റ്റണിൽ അന്തരിച്ച ഏലിയാമ്മ വർഗീസിന്റെ സംസ്കാരം സെപ്റ്റംബർ 15-ന് ചൊവ്വാഴ്ച



ഹൂസ്റ്റൺ: നിരണം കടപ്ര പാറയിൽ കുറ്റിക്കാട്ടിൽ വർഗീസിന്റെ ഭാര്യ ഏലിയാമ്മ വർഗീസ് (78) ഹൂസ്റ്റണിൽ അന്തരിച്ചു. പരേത തിരുവല്ല കാവുംഭാഗം പണിക്കരുവീട്ടിൽ കുടുംബാംഗമാണ്.

മക്കൾ: ഷീബ ചെറിയാൻ, സൂസൻ മിഥുൻ, എലിസബത്ത് വർഗീസ് (എല്ലാവരും ഹൂസ്റ്റൺ). മരുമക്കൾ: ചെറിയാൻ കോരുത്, മിഥുൻ രാജ്, ബിനോയ് തോമസ് (എല്ലാവരും ഹൂസ്റ്റൺ). കൊച്ചുമക്കൾ: അബേൽ ചെറിയാൻ, അബിഗെയ്ൽ ചെറിയാൻ, ഇസബെൽ മിഥുൻ.

സംസ്കാര ശുശ്രൂഷകളും പൊതുദർശനവും സെപ്റ്റംബർ 15-ന് ചൊവ്വാഴ്ച രാവിലെ 9 മുതൽ 11.30 വരെ ട്രിനിറ്റി മാർത്തോമ്മാ ദേവാലയത്തിൽ നടക്കും. (5810 Almeda Genoa Rd, Houston, TX77048). ശുശ്രൂഷകൾക്കു ശേഷം 12 മണിക്ക് സൗത്ത് പാർക്ക് ഫ്യൂണറൽ ഹോം & സെമിത്തേരിയിൽ സംസ്കാരം നടക്കും. സംസ്കാര ശുശ്രൂഷകളുടെ തത്സമയ സംപ്രേക്ഷണത്തിന്റെ ലൈവ് സ്ട്രീം ലിങ്ക്: https://www.youtube.com/live/cG5R1Z4rz54. കൂടുതൽ വിവരങ്ങൾക്ക്: ബിനു അലക്സ് 832 348 3711.

**വാർത്ത: ജീമോൻ റാന്നി**

## മെസിയുടെ പേരിൽ നടന്നത് വൻ ജിഎസ്ടി വെട്ടിപ്പെന്ന് എസ്ഐടി

തിരുവനന്തപുരം: അർജന്റീന ഫുട്ബോൾ താരം ലയണൽ മെസിയെ കേരളത്തിലെത്തിക്കാനെന്ന പേരിൽ നടന്ന ഇടപാടുകളിൽ 25.78 കോടി രൂപയുടെ ജിഎസ്ടി വെട്ടിപ്പ് നടന്നെന്ന് പ്രത്യേകാന്വേഷണസംഘം (എസ്.ഐ.ടി) കണ്ടെത്തി. നികുതി ഈടാക്കുന്നതിൽ ഗുരുതരവീഴ്ചയുണ്ടായെന്നും സ്പോൺസറായ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനി (ആർ.ബി.സി)ക്ക് അനുകൂലമായി ഉന്നതതല ഇടപെടൽ സംശയിക്കുന്നുവെന്നും ജിഎസ്ടി കമ്മീഷണർക്കു സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

ജിഎസ്ടിയായി അടയ്ക്കാനുള്ള 25.78 കോടി രൂപ പലിശയും പിഴപ്പലിശയുമടക്കം ആർ.ബി.സിയിൽനിന്ന് ഈടാക്കണമെന്നും വീഴ്ചയുണ്ടായാൽ സ്വത്ത് കണ്ടുകെട്ടൽ നടപടികളിലേക്ക് കടക്കണമെന്നുമാണ് റിപ്പോർട്ടിലെ ശിപാർശ. നികുതി ഈടാക്കാനുള്ള നടപടികൾ ഉദ്യോഗസ്ഥർ മനഃപൂർവം വൈകിച്ചെന്നാണ് എസ്ഐടി കണ്ടെത്തൽ. നികുതി ബാധ്യതയിൽ സ്പോൺസർക്ക് ഇളവ് ലഭിക്കുന്ന തരത്തിൽ ഉന്നതതല ഇടപെടലുണ്ടായോയെന്ന് പരിശോധിക്കണം. ജിഎസ്ടി ഡെപ്യൂട്ടി കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഇടപെടലും റിപ്പോർട്ടിൽ പരാമർശിക്കുന്നു.

നികുതിപിരിവിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. അന്വേഷണം അടിയന്തരമായി മറ്റൊരു യൂണിറ്റിലേക്ക് മാറ്റണം. നികുതി ഈടാക്കുന്നതിലെ ബാഹ്യസമ്മർദം അന്വേഷിക്കണം. റിപ്പോർട്ടർ കമ്പനിയുടെ അക്കൗണ്ടുകളിലെത്തിയ കോടികളുടെ ഇടപാടിൽ കേന്ദ്ര ഏജൻസികളുടെ അന്വേഷണവും എസ്ഐടി ശിപാർശ ചെയ്യുന്നു.

രണ്ട് ധനകാര്യസ്ഥാപനങ്ങൾ കോടികൾ നൽകിയതിലും എസ്ഐടി സംശയം രേഖപ്പെടുത്തി. ആർബിസിയുടെ ജിഎസ്ടി കണക്കുകളിൽ പൊരുത്തക്കേടുകളുണ്ട്. മെസിയുടെ വരവുമായി ബന്ധപ്പെടുത്തി കൊച്ചിയിലെ സ്റ്റേഡിയം നവീകരിക്കാൻ എട്ടുകോടി രൂപ ചെലവഴിച്ചു. എന്നാൽ, 70 കോടി രൂപ ചെലവഴിച്ചതായാണ് സ്പോൺസറുടെ അവകാശവാദമെന്നും റിപ്പോർട്ടിൽ പറയുന്നു.






## സമൂഹ മാധ്യമ ഉപയോഗം:

# കുട്ടികൾക്ക് സുരക്ഷാസംവിധാനം വേണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: പ്രായപൂർത്തിയാകാത്ത കുട്ടികൾ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ചില സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് വാക്കാൽ നിരീക്ഷിച്ച് സുപ്രീംകോടതി.

18 വയസിൽ താഴെയുള്ള കുട്ടികൾ സമൂഹമാധ്യമം ഉപയോഗിക്കുമ്പോൾ ആവശ്യമായ സംരക്ഷണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിൽ കേന്ദ്രസർക്കാരിൽനിന്ന് പ്രതികരണം തേടിക്കൊണ്ടാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ചിന്റെ നിരീക്ഷണം. മറ്റ് രാജ്യങ്ങളിലേതുപോലെ കുട്ടികൾക്ക് സമൂഹമാധ്യമ ഉപയോഗത്തിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കേന്ദ്രസർക്കാർ ആലോചിക്കുന്നതിനിടയിലാണ് ഈ നിരീക്ഷണമെന്നതും പ്രസക്തമാണ്.

ജസ്റ്റ് റൈറ്റ്സ് ഫോർ ചിൽഡ്രൻ അലയൻസ് എന്ന സംഘടനയാണ് കുട്ടികളുടെ സമൂഹമാധ്യമ ഉപയോഗത്തിന് നിയന്ത്രണങ്ങളും സുരക്ഷയും ആവശ്യപ്പെട്ട് സുപ്രീംകോടതിയെ സമീപിച്ചത്. 1872-ലെ ഇന്ത്യൻ കോൺട്രാക്ട് ആക്ട് സെക്ഷൻ 11 പ്രകാരം കരാറുകളിൽ ഏർപ്പെടാൻ നിയമപരമായ അർഹത കുട്ടികൾക്കില്ല. ഈ സാഹചര്യം നിലനിൽക്കെ യാതൊരു പ്രായ നിയന്ത്രണവുമില്ലാതെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സ്വതന്ത്രമായി അക്കൗണ്ടുകൾ തുറക്കാൻ കുട്ടികൾക്ക് സാധിക്കുന്നത് വിരോധാഭാസമായി ഹർജിയിൽ ചൂണ്ടിക്കാട്ടി.

രക്ഷിതാക്കളുടെ ഇ-കെവൈസി വഴിയുള്ള അനുമതിയില്ലാതെ കുട്ടികൾ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ തുടങ്ങുന്നത് തടയാൻ ആവശ്യമായ നിയമഭേദഗതി കൊണ്ടുവരാനും ഹർജിക്കാർ ആവശ്യപ്പെട്ടു. കുട്ടികളെ ഡിജിറ്റൽ ലോകത്തുനിന്ന് പൂർണമായും ഒഴിവാക്കമെന്നല്ല മറിച്ച് സുരക്ഷിതമായ, നിയമപരമായ സംവിധാനങ്ങളിലൂടെ അവരുടെ പ്രവേശനം ഉറപ്പാക്കുകയാണ് വേണ്ടതെന്നും ഹർജിക്കാർ കോടതിയിൽ ചൂണ്ടിക്കാട്ടി. തുടർന്നാണ് സുപ്രീംകോടതി വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് തേടിയത്. സമാന രീതിയിലുള്ള ഹർജികൾ ഇതിനുമുമ്പും സുപ്രീംകോടതിയുടെ പരിഗണനയിൽ എത്തിയിട്ടുണ്ട്. എന്നാൽ അന്തിമ തീരുമാനം പുറപ്പെടുവിച്ചിട്ടില്ല.

വിഷയത്തിൽ നയപരമായ തീരുമാനമാണ് വേണ്ടതെന്നും പാർലമെന്റ് നിയമനിർമാണം നടത്തട്ടെ എന്നുമായിരുന്നു കോടതി പൊതുവെ സ്വീകരിച്ച നിലപാട്. അതേസമയം കൃത്യമായ പ്രായപരിശോധനയും രക്ഷിതാക്കളുടെ നിയന്ത്രണവും ഉറപ്പാക്കണമെന്ന് പലപ്പോഴായി സുപ്രീംകോടതി നിരീക്ഷിച്ചിട്ടുണ്ട്.

# എൽനിനോ: കടലിലെ മാറ്റം കണ്ടെത്തി ഐഎസ്ആർഒ

തിരുവനന്തപുരം: എൽനിനോ പ്രതിഭാസം ശക്തമാകുന്നത് കടലിലെ മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുമെന്ന് കണ്ടെത്തൽ. സമുദ്ര-തീരദേശ പഠനത്തിനായി ഐഎസ്ആർഒ വിക്ഷേപിച്ച ഓഷ്യൻ സാറ്റ്-മൂന്ന് ഉപഗ്രഹത്തിൽ നിന്ന് ലഭിച്ച വിവരം വിശകലനം ചെയ്താണ് കണ്ടെത്തൽ. പസഫിക് സമുദ്രത്തിൽ എൽനിനോ പ്രതിഭാസം ശക്തമായതോടെ കടലിലെ ജീവൻ ഉല്പാദന ക്ഷമത (മറൈൻ പ്രൊഡക്ടിവിറ്റി) യിൽ വൻ കുറവുണ്ടായതായി ഉപഗ്രഹവിവരം വിശകലനം ചെയ്ത നാഷണൽ റിമോട്ട് സെൻസിങ് സെന്റർ പറയുന്നു.

എൽനിനോമൂലം കാറ്റിന്റെ ഗതിയിൽ മാറ്റമുണ്ടാകുകയും ഇതുകാരണം മത്സ്യങ്ങൾ അടക്കമുള്ള സസ്യജീവികളുടെ ഭക്ഷണമായ സൂക്ഷ്മസസ്യങ്ങളുടെ വളർച്ച കുറയുകയും ക്ലോറോഫിൽ (ഹരിതകം) അളവിൽ വലിയ കുറവുണ്ടാകുകയും ചെയ്യുന്നു. കടലിലെ സൂക്ഷ്മസസ്യങ്ങൾക്ക് പച്ചനിറം നല്കുന്ന ക്ലോറോഫിൽ കൂടുതലുണ്ടെങ്കിൽ കൂടുതൽ മത്സ്യസമ്പത്ത് ഉണ്ടാകുമെന്നാണ് കരുതപ്പെടുന്നത്. സാധാരണ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് വീശാറുള്ള കാറ്റ് ദുർബലമായി പടിഞ്ഞാറുനിന്ന് കിഴക്കോട്ട് വീശുന്നതു കാരണം കടലിന്റെ അടിത്തട്ടിൽ നിന്നുള്ള തണുത്ത പോഷകഘടകങ്ങളുള്ള വെള്ളം മുകളിലേക്ക് ഉയരുന്ന പ്രക്രിയ തടസ്സപ്പെടും. ഇതുമൂലം സമുദ്രോപരിതലത്തിലെ സൂക്ഷ്മസസ്യങ്ങളുടെ വളർച്ച കുറഞ്ഞു. ക്ലോറോഫിൽ അളവ് കുറയാനും വഴിവെച്ചു. പസഫിക് സമുദ്രത്തിലെ 2024 ജൂണിലെയും 2025 ജൂണിലെയും വിവരം എൽനിനോ രൂപപ്പെട്ട ജൂണിലെ നിരീക്ഷണങ്ങളുമായി താരതമ്യം ചെയ്താണ് സമുദ്രോപരിതലത്തിലെ ക്ലോറോഫിൽ അളവിലെ കുറവ് കണ്ടെത്തിയത്. ഓഷ്യൻസാറ്റ്-മൂന്നിലെ ഓഷ്യൻ കളർ മോണിറ്റർ (ഒ.സി.എം-3) ക്ലോറോഫിൽ അളവും ഉപഗ്രഹത്തിലെ സ്കാറ്ററോമീറ്റർ കാറ്റിന്റെ ദിശാമാറ്റവും നിരീക്ഷിച്ചു. എൽനിനോ പ്രതിഭാസം ഓഗസ്റ്റ്-ഒക്ടോബർ മാസങ്ങളിൽ കൂടുതൽ തീവ്രമാകുമെന്നാണ് ലോക കാലാവസ്ഥാ സംഘം പ്രവചിച്ചത്. ഈ സാഹചര്യത്തിൽ ഐഎസ്ആർഒയുടെ കണ്ടെത്തലിന്റെ പ്രാധാന്യം ഏറെ. എൻനിനോ ഇനിയും ശക്തമായാൽ ആഗോള കാലാവസ്ഥയെ ഗുരുതരമായി ബാധിക്കും.

# വഡോദരയിൽ പ്രതിപക്ഷത്തിനെതിരെ ആഞ്ഞടിച്ച് മോദി

വഡോദര: പ്രതിപക്ഷത്തിനെതിരേ ആഞ്ഞടിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. നുണകളുടെ മുഴക്കത്തെ സത്യം പരാജയപ്പെടുത്തുമെന്നു മോദി പറഞ്ഞു. വെസ്റ്റേൺ ഡെഡിക്കേറ്റഡ് ഫ്രൈറ്റ് കോറിഡോറിന്റെ മൂന്നു പ്രധാന സെക്ഷനുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മോദി. പ്രതിപക്ഷനേതാവ് രാഹുൽഗാന്ധിയുടെ ഛാത്രോം കീ ഗൂഞ്ജ് പരിപാടിയെയാണ് മോദി നുണകളുടെ മുഴക്കം (ഛൂട്ട് കീ ഗൂഞ്ജ്) എന്നു പരിഹസിച്ചത്.

നവി മുംബൈയിലെ ജവഹർലാൽ നെഹ്റു തുറമുഖത്തെ ഉത്തർപ്രദേശിലെ ദാദ്രിയുമായി ബന്ധിപ്പിക്കുന്നതാണ് ഫ്രൈറ്റ് കോറിഡോർ. തന്റെ ഭരണകാലത്ത് ദ്രുതഗതിയിലുള്ള വികസനമുണ്ടായെന്നു മോദി ചൂണ്ടിക്കാട്ടി.

“2014-നുശേഷം ഇന്ത്യ 50,000 ആധുനിക റെയിൽകോച്ചുകൾ നിർമിച്ചു. മുമ്പു ഭരിച്ചവർ പത്തു വർഷത്തിനിടെ 50,00 ടോയ്‌ലറ്റുകൾ പോലും നിർമിച്ചില്ല. കഴിഞ്ഞ ഒരു ദശകത്തിനിടെ ഇന്ത്യ റെയിൽവേ കോച്ചുകളുടെയും മെട്രോ കോച്ചുകളുടെയും ലോക്കോമോട്ടീവുകളുടെയും ഏറ്റവും വലിയ നിർമാതാക്കളായി മാറി.

നേരത്തേ 100 കിലോമീറ്റർ യാത്രയ്ക്ക് ആറര മണിക്കൂർ വേണ്ടിയിരുന്നെങ്കിൽ ഇപ്പോൾ അരമണിക്കൂറിൽ താഴെ മതി. 30 മണിക്കൂർ ട്രക്ക് യാത്രയ്ക്ക് ഇപ്പോൾ 10-12 മണിക്കൂർ മതി. ഇടനാഴികൾ ഇന്ധന ഉപയോഗം കുറച്ചു. ചരക്കുകടത്തിനു ചെലവു കുറഞ്ഞു. സമയലാഭവും അതോടൊപ്പം പരിസ്ഥിതിക്കു ഗുണകരമാകുന്ന സ്ഥിതിയുണ്ടായി.

ചരക്ക് ഇടനാഴികൾവഴി കിഴക്കൻ ഇന്ത്യയിലെയും പടിഞ്ഞാറൻ ഇന്ത്യയിലെയും കർഷകർക്ക് പൂക്കളും പച്ചക്കറികളും ഫലവർഗങ്ങളും വേഗത്തിൽ വിപണിയിലെത്തിക്കാനാകുന്നു” മോദി പറഞ്ഞു.

സെപ്റ്റംബർ എട്ടിന് 35,200 കോടി രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിവന്റീവ് ഓങ്കോളജി പ്രഖ്യാപിച്ച് മുഖ്യമന്ത്രി



തിരുവനന്തപുരം: കേരളത്തിൽ പ്രതിദിനം ഉയർന്നുവരുന്ന കാൻസർ രോഗികളുടെ എണ്ണം വലിയ ആശങ്ക സൃഷ്ടിക്കുന്നതാണെന്നും രോഗബാധിതരായി സാമ്പത്തികമായും മാനസികമായും തളരുന്ന കുടുംബങ്ങളെ ചേർത്തുപിടിക്കാൻ സർക്കാരിന്റെ പൂർണ പിന്തുണയുണ്ടാകുമെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ. സ്വസ്തി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിവന്റീവ് ഓങ്കോളജി (നിപ്പോ) പ്രഖ്യാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പി.എച്ച് കുര്യന്റെ സ്മരണാർത്ഥം തീരദേശമേഖലകളിൽ നടപ്പാക്കുന്ന സ്നേഹതീരം ഉൾപ്പെടെ അഞ്ചു പുതിയ കാൻസർ പ്രതിരോധ പദ്ധതികൾക്കു ചടങ്ങിൽ തുടക്കംകുറിച്ചു. അദ്ധ്യക്ഷത വഹിച്ച ആരോഗ്യമന്ത്രി കെ. മുരളീധരൻ രോഗനിർണയം മുൻകൂട്ടി നടത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. ഇതരസംസ്ഥാനങ്ങളിലുള്ള അത്യാധുനിക ചികിത്സാസൗകര്യങ്ങൾ സാധാരണക്കാർക്കു കുറഞ്ഞ ചെലവിൽ ലഭ്യമാക്കണമെന്ന് ഗതാഗതമന്ത്രി സി.പി. ജോൺ അഭിപ്രായപ്പെട്ടു. കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നഗരസഭയുടെ എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്യുന്നതായി മേയർ വി.വി. രാജേഷ് അറിയിച്ചു. റീറൈറ്റ് ദ കാൻസർ സ്റ്റോറി പദ്ധതിയുടെ ഉദ്ഘാടനം കല്യാൺ ഗ്രൂപ്പ് സ്ഥാപകൻ ടി.എസ്. കല്യാണരാമൻ നിർവഹിച്ചു. കാൻസർ നിർധന-സമ്പന്ന വ്യത്യാസമില്ലാതെ കുംബങ്ങളെ തകർക്കുന്നുവെന്നും അഞ്ചു ലക്ഷത്തിലധികം ആളുകളിലേക്ക് കാൻസർ നിർണയ സൗകര്യങ്ങളെത്തിച്ച സ്വസ്തി ഫൗണ്ടേഷന്റെ സേവനം ചരിത്രപരമാണെന്നും അദ്ദേഹം പറഞ്ഞു. ചാണ്ടി ഉമ്മൻ എംഎൽഎ, കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ ആശംസ നേർന്നു. സ്വസ്തി ഫൗണ്ടേഷന്റെ സ്വപ്നപദ്ധതിയായ ആശുപത്രി നിർമാണത്തിനായി സ്ഥലംവിട്ടുനൽകാമെന്ന് ശിവജി ഗ്രൂപ്പ് ചെയർമാൻ ശിവജി ജഗന്നാഥൻ പ്രഖ്യാപിച്ചു.



# കാലാവസ്ഥാ ഭീഷണി നേരിടുന്ന നഗരങ്ങളുടെ പട്ടികയിൽ നാല് ഇന്ത്യൻ നഗരങ്ങളും

അഹമ്മദാബാദ്: കാലാവസ്ഥാ വ്യതിയാനവും പ്രകൃതിദുരന്തങ്ങളും പ്രതിരോധിക്കുന്നതിൽ ലോകത്തിലെ പ്രമുഖ നഗരങ്ങളിൽ പലതും ഏറെ പിന്നിലെന്നു റിപ്പോർട്ട്. ക്ലൈമറ്റ് ഇന്റലിജൻസ് കമ്പനിയായ 'ആൽഫാജിയോ' പുറത്തുവിട്ട ഏറ്റവും കൂടുതലുള്ള ലോകത്തിലെ 20 നഗരങ്ങളിൽ നാല് ഇന്ത്യൻ നഗരങ്ങൾ ഉൾപ്പെടുന്നു. തീവ്രമായ ഉഷ്ണതരംഗം, പ്രളയം, വരൾച്ച തുടങ്ങിയ പ്രകൃതിദുരന്ത സാധ്യതകളും അവയെ ചെറുക്കാനുള്ള നഗരങ്ങളുടെ ശേഷിയും വിശകലനം ചെയ്താണ് ഇൻഡക്സ് തയാറാക്കിയത്.

കാലാവസ്ഥാ ആഘാതസാധ്യത ഏറ്റവും കൂടുതലുള്ള നഗരങ്ങളിൽ പാകിസ്ഥാനിലെ ഹൈദരാബാദിനൊപ്പം ഇന്ത്യയിലെ അഹമ്മദാബാദ് ഒന്നാം സ്ഥാനത്താണ്. കൊൽക്കത്ത ആറാം സ്ഥാനത്തും ബംഗളൂരു 12-ാം സ്ഥാനത്തും ചെന്നൈ 15-ാം സ്ഥാനത്തുമാണ്. ഉയർന്ന ഭീഷണിയുള്ള ആദ്യ ആറു നഗരങ്ങളും ദക്ഷിണേഷ്യയിലാണ് (അഹമ്മദാബാദ്, കൊൽക്കത്ത, ഹൈദരാബാദ്, മുൾട്ടാൻ, ലാഹോർ, ധാക്ക).

അശാസ്ത്രീയമായ നിർമാണപ്രവർത്തനങ്ങളും തകരാറിലായ ഡ്രെയിനേജ് സംവിധാനങ്ങളുമാണ് ഇന്ത്യൻ നഗരങ്ങളിൽ അതിരൂക്ഷമായ ചൂടും പെട്ടെന്നുള്ള വെള്ളക്കെട്ടും ഉണ്ടാക്കുന്ന പ്രധാന കാരണങ്ങളെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

# മനുഷ്യക്കടത്ത്; മലയാളിയായ ഒഡീഷ പോലീസ് ഒൻപതു കുട്ടികളെ രക്ഷിച്ചു

കോഴിക്കോട്: മറ്റു സംസ്ഥാനങ്ങളിലേക്ക് കടത്തപ്പെടുകയോ കാണാതാവുകയോ ചെയ്ത കുട്ടികളെ അന്വേഷിച്ചിറങ്ങിയ ഒഡിഷ പോലീസ് കേരളത്തിലെ കണ്ണൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽനിന്നായി പ്രായപൂർത്തിയാകാത്ത അമ്മയെയും (17) അവരുടെ മൂന്നുമാസം പ്രായമുള്ള പെൺകുഞ്ഞിനെയും ഉൾപ്പെടെ ഒൻപതുപേരെ കണ്ടെത്തി. കേസിൽ നാലു പേരെ അറസ്റ്റുചെയ്തു.

പീഡനത്തിനിരയായ ഈ പതിനേഴുകാരി ഉൾപ്പെടെ ഇന്ത്യയാകമാനം 103 കുട്ടികളെ ഒഡിഷ പോലീസിന്റെ 'ഓപ്പറേഷൻ അന്വേഷണി'ന്റെ ഭാഗമായി 12 ദിവസംകൊണ്ട് തിരികെക്കിട്ടി. ആലപ്പുഴ സ്വദേശിനിയും ഒഡിഷയിലെ എ.ഡി.ജിപിയുമായ എസ്. ഷൈനിയാണ് ഓപ്പറേഷൻ ഏകോപിപ്പിച്ചത്. ഇവർ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള കുറ്റകൃത്യങ്ങൾ തടയുന്ന വിഭാഗം അഡീഷണൽ ഡിജിപിയാണ്.

ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ എട്ടുവരെ ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ, ഡൽഹി, മഹാരാഷ്ട്ര, ഗുജറാത്ത് അടക്കം 17 സംസ്ഥാനങ്ങളിലായി നടത്തിയ വിപുലമായ പരിശോധനയിലാണ് കുട്ടികളെ കണ്ടെത്തിയത്. 54 ആൺകുട്ടികളെയും 47 പെൺകുട്ടികളെയും രക്ഷപ്പെടുത്തി.

സുഹൃത്തിൽനിന്ന് ലൈംഗികാതിക്രമത്തിന് ഇരയായി ഗർഭിണിയായ പതിനേഴുകാരിയെയും അവരുടെ മൂന്നുമാസം പ്രായമുള്ള കുഞ്ഞിനെയും കേരളത്തിലെ ശിശുസംരക്ഷണ കേന്ദ്രത്തിൽനിന്നാണ് സംഘം കണ്ടെത്തിയത്.

വിവിധ സംസ്ഥാനങ്ങളിൽ ഹോട്ടലുകളിൽ അടക്കം ജോലിചെയ്യുകയായിരുന്ന ഏഴു കുട്ടികളെ ബാലവേലയിൽനിന്ന് മോചിപ്പിച്ചു. ഒളിച്ചോട്ടം, വീടുവിട്ടിറങ്ങൽ, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കേസുകളിലുൾപ്പെട്ട കുട്ടികളെയും സംഘം കണ്ടെത്തി. പശ്ചിമബംഗാളിൽനിന്നാണ് ഏറ്റവും കൂടുതൽ കുട്ടികളെ (30 പേർ) കണ്ടെത്തിയതെന്ന് എഡിജിപി എസ്. ഷൈനി പറഞ്ഞു.

# മനസിൽ സമാധാനം വളർത്തണമെന്ന് മാർപാപ്പ

വത്തിക്കാൻ സിറ്റി: മനസിൽ സമാധാനം വളർത്തണമെന്നും സമാധാനത്തിന്റെ സേവകരായി മാറണമെന്നും ലെയോ പതിനാലാമൻ മാർപാപ്പ. റോമിന് തെക്കുകിഴക്കുള്ള ജനസാനോയിലെ അഗസ്റ്റീനിയൻ തീർത്ഥാടകകേന്ദ്രമായ സദുപദേശത്തിന്റെ മാതാവിന്റെ ബസിലിക്കയിൽ സെപ്റ്റംബർ ഏഴിന് തിങ്കളാഴ്ച വൈകുന്നേരം നടന്ന പ്രത്യേക വിശുദ്ധ കുർബാനയിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.



ജനസാനോയിലെ തീർത്ഥാടനകേന്ദ്രമായ സദുപദേശത്തിന്റെ മാതാവിന്റെ ബസിലിക്കയിൽ പ്രാർത്ഥിക്കുന്ന ലെയോ പതിനാലാമൻ മാർപാപ്പ.

"നമുക്കുള്ളിൽ സമാധാനം വളരാൻ നമ്മൾ അനുവദിക്കണം. അതു ക്രമേണ ലോകത്തിൽ വിടരുകയും പുഷ്പിക്കുകയും ചെയ്യും. ഈ ദൗത്യത്തിൽ സദുപദേശത്തിന്റെ മാതാവ് നമ്മെ വഴിനടത്തും"- മാർപാപ്പ പറഞ്ഞു. തന്റെ ജീവിതത്തിലുടനീളം മാതാവിന്റെ മാതൃസഹജമായ സാന്നിധ്യവും ജ്ഞാനവും കൂടെയുണ്ടായിരുന്നുവെന്ന് മാർപാപ്പ ഓർമിച്ചു.

നശീകരണത്തിന്റെയും അനിശ്ചിതത്വത്തിന്റെയും ഈ കാലഘട്ടത്തിൽ സമാധാനവും ദൈവത്തിന്റെ പ്രവൃത്തികളും തിരിച്ചറിയാൻ മറിയത്തിലെ ലളിതവും ശാന്തവുമായ ജീവിത മാതൃക നമ്മെ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2025 മേയ് മാസത്തിൽ സഭാധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട് ദിവസങ്ങൾക്കകം തന്നെ ലെയോ മാർപാപ്പ ഈ ബസിലിക്ക സന്ദർശിച്ചിരുന്നു. റോമിലെ പഠനകാലം മുതൽ ലെയോ മാർപാപ്പയ്ക്ക് ഏറെ പ്രിയപ്പെട്ട തീർത്ഥാടനകേന്ദ്രമാണു ജനസാനോയിലെ ഈ ബസിലിക്ക. പതിനാറാം നൂറ്റാണ്ട് മുതൽ അഗസ്റ്റീനിയൻ സന്യാസസമൂഹത്തിന്റെ മേൽനോട്ടത്തിലുള്ള ഈ പള്ളി മുമ്പും നിരവധി മാർപാപ്പമാർ സന്ദർശിച്ചിട്ടുണ്ട്. മാർപാപ്പയുടെ സന്ദർശനത്തിന്റെ ഓർമയ്ക്കായി അദ്ദേഹം മാതാവിന്റെ ചിത്രത്തിനുമുന്നിൽ പ്രാർത്ഥിക്കുന്ന പുതിയ ചിത്രം ബസിലിക്കയിൽ അനാച്ഛാദനം ചെയ്തു.

# ആസ്റ്റർ ആഗോള നേഴ്സിങ് പുരസ്കാരം കോട്ടയം സ്വദേശി അജിമോൾക്ക്



കൊച്ചി: നേഴ്സിങ് മേഖലയിലെ ശ്രദ്ധേയ സേവനത്തിന് ആഗോളതലത്തിൽ നൽകുന്ന 2.5 ലക്ഷം യുഎസ് ഡോളർ (2.4 കോടി രൂപ) സമ്മാനത്തുകയുള്ള ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നേഴ്സിങ് പുരസ്കാരം കോട്ടയം സ്വദേശി ഡോ. അജിമോൾ പ്രദീപിന്. പുരസ്കാരത്തിന്റെ അഞ്ചാം എഡിഷനിൽ 214 രാജ്യങ്ങളിൽനിന്ന് 1.34 ലക്ഷം അപേക്ഷകരിൽനിന്നാണ് അജിമോൾ തെരഞ്ഞെടുക്കപ്പെട്ടത്. ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ് സ്ഥാപകനും എക്സിക്യൂട്ടിവ് ചെയർമാനുമായ ഡോ. ആസാദ് മൂപ്പന്റെ സാന്നിധ്യത്തിൽ, മുഖ്യമന്ത്രി വി.ഡി. സതീശൻ പുരസ്കാരം സമ്മാനിച്ചു. ആസ്റ്റർ എക്സിക്യൂട്ടീവ് ഡയറക്ടർ അലീഷ മൂപ്പൻ, ഡയറക്ടർ ടി.ജെ. വിൽസൺ, മാനേജിങ് ഡയറക്ടറും ഗ്രൂപ്പ് സിഇഒയുമായ വരുൺ ഖന്ന എന്നിവർ പങ്കെടുത്തു. യുകെയിലെ കിങ്സ് കോളജ് ഹോസ്പിറ്റലിലെ സീനിയർ ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്ററും സൽഫോർഡ് സർവകലാശാലയിലെ ഓണററി സീനിയർ ലക്ചററുമാണ് അജിമോൾ. 2001 മുതൽ യുകെയിലാണ്. നേരത്തേ ബ്രിട്ടീഷ് എംപയർ മെഡൽ നേടിയിരുന്നു. അവയവദാനം, വിദ്യാഭ്യാസം, നേഴ്സിങ് ലീഡർഷിപ് തുടങ്ങിയ മേഖലകളിൽ നൽകിയ സംഭാവനകളാണ് പുരസ്കാരത്തിന് അർഹയാക്കിയത്. കേരളത്തെ ആഗോള ആരോഗ്യ കേന്ദ്രമാക്കുമെന്നും കേരളത്തിൽ നേഴ്സിങ് സീറ്റുകളുടെ എണ്ണം കൂട്ടുമെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. മുതിർന്ന പൗരൻമാരെ പരിപാലിക്കുന്നതിനു കോഴ്സ് തുടങ്ങുമെന്നും അദ്ദേഹം അറിയിച്ചു. ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ഡോ. ടെഡ്രോസ് അഡാനത്തിന്റെ വീഡിയോ സന്ദേശം ചടങ്ങിൽ പ്രദർശിപ്പിച്ചു. സമ്മനത്തുകയുടെ പകുതി 'ഉപഹാർ' പദ്ധതിക്കും അവയവ-സ്റ്റെംസെൽ ദാനം വ്യാപിപ്പിക്കുന്നതിനും ഉപയോഗിക്കുമെന്ന് ഡോ. അജിമോൾ പ്രദീപ് പറഞ്ഞു.






# ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റ്; കാനഡ ഗ്ലാഡിയേറ്റേഴ്സ് വീണ്ടും ചാമ്പ്യന്മാർ




**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരം ആവേശകരമായി സമാപിച്ചപ്പോൾ കഴിഞ്ഞ വർഷത്തെ ചാമ്പ്യന്മാരായ ഗ്ലാഡിയേറ്റേഴ്സ് കാനഡ വീണ്ടും കിരീടം നിലനിർത്തി. മാണി മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും 11,111 ഡോളർ സമ്മാനത്തുകയും സ്വന്തമാക്കിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ കിരീടം നിലനിർത്തിയത്. രണ്ടാം സമ്മാനമായ ജോയി മുണ്ടപ്ലാക്കിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും 5,555 ഡോളറും കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീം സ്വന്തമാക്കി. വാശിയേറിയ ഫൈനൽ പോരാട്ടത്തിൽ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമിനെ പരാജയപ്പെടുത്തിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ ചാമ്പ്യന്മാരായത്. സ്റ്റീഫൻ കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്ത ഗ്ലാഡിയേറ്റേഴ്സ് കാനഡയും സിറിയക് കൂവക്കാട്ടിൽ സ്പോൺസർ ചെയ്ത കെബിസി കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമും നോർത്ത് അമേരിക്കൻ വടംവലി വേദികളിലെ ശക്തരായ എതിരാളികളായി ഏറെ ശ്രദ്ധിക്കപ്പെട്ട ടീമുകളാണ്. മൂന്നാം സ്ഥാനത്തിനായുള്ള പോരാട്ടത്തിൽ സ്റ്റീഫൻ കിഴക്കേക്കുറ്റിന്റെ ലണ്ടൻ ഗ്ലാഡിയേറ്റേഴ്സ്,മുത്ത് കല്ലിടുക്കിലിന്റെ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലാക്ക് ടീമിനെ പരാജയപ്പെടുത്തി മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും 3,333 ഡോളറും അടങ്ങുന്ന മൂന്നാം സ്ഥാനം കരസ്ഥമാക്കി. കെബിസി ബ്ലാക്ക് മഹല്യാ ജ്വല്ലറി നല്കിയ ട്രോഫിയും 1,111 ഡോളറുമടങ്ങുന്ന നാലാം സ്ഥാനത്തിന് അർഹരായി.










രാവിലെ 10 മണിക്ക് ആരംഭിച്ച മത്സരങ്ങൾ പാലക്കാട് എംപി വി.കെ. ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം വരെ നീണ്ടുനിന്ന മത്സരങ്ങൾക്കൊപ്പം താളമേളങ്ങളും കലാപരിപാടികളും അരങ്ങേറിയതോടെ ബെൻസൻവില്ലിലെ എനർജി സ്പോർട്സ് കോംപ്ലക്സ് ആവേശത്തിന്റെ അലയൊലികൾക്ക് സാക്ഷിയായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 16 ടീമുകൾ ഇത്തവണ ടൂർണമെന്റിൽ മാറ്റുരച്ചു. പ്രമുഖ സിനിമാതാരം അൻസിബ ഹസൻ, പ്ലേബാക്ക് സിംഗർ സുധീഷ് ശശികുമാർ, ചിക്കാഗോയിലെ മറ്റു അനുഗൃഹീത ഗായകരും കലാകാരന്മാരും അവതരിപ്പിച്ച കലാപരിപാടികൾ വടംവലി മാമാങ്കത്തിന് കൂടുതൽ നിറപകിട്ടേകി.

5000-ത്തിലധികം കാണികൾ വടംവലി കാണുവാനായി എനർജി സ്പോർട്സ് കോംപ്ലക്സിലേക്ക് ഒഴുകിയെത്തിയതായി സംഘാടകർ അറിയിച്ചു. ഇന്ത്യൻ-അമേരിക്കൻ രുചിവൈവിധ്യങ്ങളൊരുക്കിയ ഫുഡ്ഫെസ്റ്റിവലും പരിപാടിയുടെ ഭാഗമായി നടന്നു. ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിലാണ് ഫുഡ്ഫെസ്റ്റിവൽ ഏകോപിപ്പിച്ചത്.

റൊണാൾഡ് പൂക്കുമ്പേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും സിറിയക് കൂവക്കാട്ടിലിന്റെ നേതൃത്വത്തിലുള്ള വടംവലി കമ്മിറ്റിയും ടൂർണമെന്റിന്റെ വിജയത്തിനായി പ്രവർത്തിച്ചു. കാനഡയിൽ നിന്നും നോർത്ത് അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും നൂറുകണക്കിന് വടംവലി പ്രേമികളാണ് ഈ കായിക മാമാങ്കത്തിൽ പങ്കെടുക്കാനെത്തിയത്. കെവി ടിവി വഴി ടൂർണമെന്റ് മുഴുവൻ തത്സമയം സംപ്രേഷണം ചെയ്തതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പതിനായിരക്കണക്കിന് പ്രേക്ഷകർക്കും മത്സരത്തിന്റെ ആവേശത്തിന് സാക്ഷിയാകാൻ സാധിച്ചു.

ഇത്രയും വലിയൊരു ടൂർണമെന്റ് വിജയകരമായി സംഘടിപ്പിക്കാനായത് ചിക്കാഗോ സോഷ്യൽ ക്ലബിലെ അംഗങ്ങളുടെയും ക്ലബിനെ പിന്തുണയ്ക്കുന്ന എല്ലാ സ്പോൺസർമാരുടെയും അകമഴിഞ്ഞ സഹകരണത്തിന്റെ ഫലമാണെന്ന് ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ അറിയിച്ചു. മികച്ച ഏകോപനത്തോടെ പ്രവർത്തിച്ച ടൂർണമെന്റ് കമ്മിറ്റികളെയും കമ്മിറ്റി അംഗങ്ങളെയും സ്പോൺസർമാരെയും വോളണ്ടിയേഴ്സിനെയും പരിപാടിയെ പിന്തുണച്ച എല്ലാവരെയും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നതായി വടംവലി ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അറിയിച്ചു.

ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത് എന്നിവരുടെ നേതൃത്വത്തിലാണ് വടംവലി ടൂർണമെന്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

ടൂർണമെന്റ് കമ്മിറ്റിക്ക് സിറിയക് കൂവക്കാട്ടിൽ ചെയർമാനും മാനി കരിക്കുളം വൈസ് ചെയർമാനായും സ്റ്റീഫൻ കിഴക്കേക്കുറ്റ് ജനറൽ കൺവീനറായും ബിനു കൈതക്കത്തോട്ടിൽ ഫിനാൻസ് ചെയർമാനായും നേതൃത്വം നല്കി.



# ഫൊക്കാന കേരള കൺവൻഷൻ ഭാരവാഹികളെ തെരഞ്ഞെടുത്തു

## ജോർജി വർഗീസ് ചെയർമാൻ, പോൾ കറുകപ്പിള്ളിൽ കോ–ഓർഡിനേറ്റർ, കോശി കുരുവിള രജിസ്ട്രേഷൻ കമ്മിറ്റിചെയർമാൻ

**ജിജി ടോം**

ചിക്കാഗോ: 2027 ജനുവരി 11, 12, 13 തീയതികളിൽ കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് വെച്ച് നടക്കുന്ന ഫൊക്കാന കേരള കൺവൻഷന്റെ ചെയർമാനായി ഫൊക്കാന മുൻ പ്രസിഡണ്ട് ജോർജി വർഗീസ് (ഫ്ളോറിഡ), കോ-ഓർഡിനേറ്ററായി മുൻ പ്രസിഡണ്ട് പോൾ കറുകപ്പിള്ളിൽ, രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായി കോശി കുരുവിള എന്നിവരെ തെരഞ്ഞെടുത്തു. ഫ്രാൻസിസ് കിഴക്കേക്കുറ്റ് റിസപ്ഷൻ കമ്മിറ്റി ചെയർമാനായും ഷീല ജോസഫ് വൈസ് ചെയർപേഴ്സണായും പ്രവർത്തിക്കും.


ജോർജി വർഗീസ്


പോൾ കറുകപ്പിള്ളിൽ


കോശി കുരുവിള


ഫ്രാൻസിസ് കിഴക്കേക്കുറ്റ്


ഷീല ജോസഫ്

2020–2022 കാലയളവിൽ ഫൊക്കാനയെ നയിച്ച പ്രസിഡണ്ടാണ് ജോർജി വർഗീസ്. ആമുഖം ആവശ്യമില്ലാത്ത അപൂർവം മലയാളി നേതാക്കന്മാരിൽ ശ്രദ്ധേയനാണ്. ഫൊക്കാന ടുഡേ എഡിറ്റർ, ട്രസ്റ്റി ബോർഡ് അംഗം, ട്രസ്റ്റി ബോർഡ് ചെയർമാൻ, ഇലക്ഷൻ കമ്മീഷൻ ചെയർമാൻ തുടങ്ങി നിരവധി പദവികൾ വഹിച്ച അദ്ദേഹം ഫൊക്കാന കേരള കൺവൻഷന്റെ ചെയർമാനാകുന്നത് കേരള കൺവൻഷന്റെ സുഗമമായ നടത്തിപ്പിനും വിജയത്തിനും മുതൽക്കൂട്ടാകും.

ഫൊക്കാന കേരള കൺവൻഷൻ കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട പോൾ കറുകപ്പിള്ളിൽ ഫൊക്കാനയുടെ മുൻ പ്രസിഡണ്ടാണ്. രണ്ട് തവണ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ചരിത്ര പ്രസിദ്ധമായ ആൽബനി കൺവൻഷന്റെ സംഘാടകൻ എന്ന നിലയിൽ ശ്രദ്ധേയനാണ്. ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ, കേരള കൺവൻഷൻ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു. ഫൊക്കാനയുടെ കേരള കൺവൻഷനുകളിലെ നിത്യസാന്നിദ്ധ്യമാണ് അദ്ദേഹം.

രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായ കോശി കുരുവിള ഫൊക്കാനയുടെ വിവിധ തലങ്ങളിൽ സേവനമനുഷ്ഠിച്ച മികച്ച സംഘാടകനാണ്. കലഹാരി കൺവൻഷൻ രജിസ്ട്രേഷൻ. റീജിയണൽ വൈസ് പ്രസിഡണ്ട് മുതലായ സ്തുത്യർഹമായ ചുമതലകൾ നിർവഹിച്ചു. ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് നല്കുന്ന അകമഴിഞ്ഞ സേവനം വിലമതിക്കേണ്ടതാണ്.

റിസപ്ഷൻ കമ്മിറ്റി ചെയർമാനായ ഫ്രാൻസിസ് കിഴക്കേക്കുറ്റ് ചിക്കാഗോയിലെ പ്രമുഖ പൊതുപ്രവർത്തകനും ഉഴവൂർ അലുംമ്നി അസോസിയേഷൻ പ്രസിഡണ്ടുമായി പ്രവർത്തിച്ചിട്ടുണ്ട്. രണ്ടുവട്ടം ഫൊക്കാനയുടെ റീജിയണൽ വൈസ് പ്രസിഡണ്ടായും സ്തുത്യർഹമായ സേവനം ചെയ്തു.

വൈസ് ചെയർപേഴ്സണായ ഷീല ജോസഫ് ഫൊക്കാനയുടെ വിവിധ ചുമതലകൾ നിർവഹിച്ചു. മികച്ച സംഘാടകയും മിഡ് ഹഡ്സൺ അസോസിയേഷന്റെ മുൻ പ്രസിഡണ്ടും ഇപ്പോൾ ന്യൂജേഴ്സി നാമം അസോസിയേഷന്റെ കമ്മിറ്റി മെംബറുമാണ്.

ജോർജി വർഗീസ്, പോൾ കറുകപ്പിള്ളിൽ, കോശി കുരുവിള, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ഷീല ജോസഫ് എന്നിവരുടെ നിയമനത്തോടു കൂടി ഫൊക്കാനയുടെ കേരള കൺവൻഷൻ എന്തുകൊണ്ടും ശ്രദ്ധേയമായിരിക്കുമെന്ന് ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അറിയിച്ചു.

# ആചാരങ്ങളും അനുഷ്ഠാനങ്ങളും പാരമ്പര്യ വാദങ്ങളും ദൈവപാദങ്ങളിൽ വെക്കണം: ഡോ. സണ്ണി സ്റ്റീഫൻ

**ജീമോൻ റാന്നി**

അറ്റ്ലാന്റ: പ്രശസ്ത സംഗീത സംവിധായകനും വചന പ്രഘോഷകനും വേൾഡ് പീസ് മിഷൻ സ്ഥാപക ചെയർമാനുമായ ഡോ. സണ്ണി സ്റ്റീഫൻ നയിച്ച ധ്യാനം അറ്റ്ലാന്റയിൽ വിപുലമായ ഒരുക്കത്തോടെ നടന്നു.

ഇന്ന് ക്രൈസ്തവ സഭകൾക്ക് ഏറ്റവും ആവശ്യമുള്ളത് വെറും കെട്ടിടങ്ങളുടെ സംരക്ഷണമല്ല;വിശ്വാസത്തിന്റെ ആത്മാവിനെ സംരക്ഷിക്കുകയാണ്.

സഭയുടെ യഥാർത്ഥ ശക്തി അതിന്റെ സമ്പത്തിലോ സ്ഥാപനങ്ങളിലോ എണ്ണത്തിലോ അല്ല, ക്രിസ്തുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും സത്യത്തിലും വിശുദ്ധിയിലും സേവനത്തിലുമാണ്. അതുകൊണ്ട് നമുക്ക് ഒരു പുതിയ ആത്മീയ യാത്ര ആരംഭിക്കാം.

പഴയ മതപരമായ ശീലങ്ങളിൽ നിന്ന് പുതിയ ആത്മീയ ജീവിതത്തിലേക്ക്, ഭിന്നതകളിൽ നിന്ന് ഐക്യത്തിലേക്ക്, വാക്കുകളിൽ നിന്ന് പ്രവൃത്തിയിലേക്ക്, ഭയത്തിൽ നിന്ന് ധൈര്യത്തിലേക്ക്, സ്വാർത്ഥതയിൽ നിന്ന് സേവനത്തിലേക്ക്, വെറുപ്പിൽ നിന്ന് സ്നേ



ഹത്തിലേക്ക്, ക്രിസ്തുസ്നേഹത്തിന്റെ സാക്ഷികളായി വളരാം.

യുവതലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കണം. കുട്ടികളെ സ്നേഹവും സത്യവും ജീവിതംകൊണ്ട് പഠിപ്പിക്കണം. ദരിദ്രരെയും രോഗികളെയും ഏകാകികളെയും വേദനിക്കുന്നവരെയും ചേർത്തുപിടിക്കണം.

സമൂഹത്തിൽ സമാധാനത്തിന്റെയും നീതിയുടെയും കരുണയുടെയും ശക്തമായ ശബ്ദമായി മാറണം. ഒരു പുതിയ സഭ കെട്ടിപ്പടുക്കാനുള്ള ആഹ്വാനമല്ല, ക്രിസ്തുവിന്റെ സഭയെ അതിന്റെ യഥാർത്ഥ ആത്മീയ ദൗത്യത്തിലേക്ക് തിരിച്ചു കൊണ്ടുവരാനുള്ള ആഹ്വാനമാണ്.

ആചാരങ്ങളും അനുഷ്ഠാനങ്ങളും പാരമ്പര്യവാദങ്ങളും ദൈവപാദങ്ങളിൽ വെക്കേണ്ടവയാണ്. അവയെ ദൈവത്തേക്കാൾ പ്രാധാന്യത്തോടെ കാണരുത്. ഇന്നത്തെ പെരുന്നാളുകളും ജൂബിലി ആഘോഷങ്ങളും ചെണ്ടമേളങ്ങളും മറ്റു ധൂർത്തും ആത്മീയ ആഘോഷത്തിന്റെ ഭാഗമേ അല്ല.

തിരുവചനത്തിലും കൂദാശയിലും അധിഷ്ഠിതമായ പഴയ തലമുറയുടെ ജീവിത സുകൃതങ്ങൾ വീണ്ടെടുക്കണം. ഭക്താഭ്യാസമല്ല ക്രൈസ്തവജീവിതം, വിശ്വാസവളർച്ചയാണ്.

അതിനാൽ ഇന്ന് നമുക്ക് ഒരു പ്രതിജ്ഞ എടുക്കാം. ക്രിസ്തുവിനെ കേന്ദ്രമാക്കി വിശ്വാസം സംരക്ഷിക്കും. സ്നേഹത്തെ ജീവിതമാക്കി സഭയെ നവീകരിക്കും. ഐക്യത്തെ ശക്തമാക്കി ക്രൈസ്തവസാക്ഷ്യം ഉയർത്തും. സേവനത്തെ ദൗത്യമാക്കി മനുഷ്യരാശിയെ ചേർത്തുപിടിക്കും.

പുതിയ ആകാശവും പുതിയ ഭൂമിയുമായി സഭയെ പണിതുയർത്തി പ്രാർത്ഥിക്കുന്ന, സ്നേഹിക്കുന്ന, പങ്കുവെക്കുന്ന സമൂഹമായി യേശുവിന് സാക്ഷ്യം നല്കണമെന്ന് ഡോ. സണ്ണി സ്റ്റീഫൻ ആഹ്വാനം ചെയ്തു.

യു.എസ് വേൾഡ് പീസ് മിഷൻ പ്രസിഡണ്ട് ഏബ്രഹാം മാത്യു, യുഎസ് വേൾഡ് പീസ് മിഷൻ ഡയറക്ടർ ബോർഡ് മെംബർ ജെസ്സി മാത്യു എന്നിവർ നന്ദി പറഞ്ഞു.

വഴിത്താരകൾ
കേരളാ എക്സ്പ്രസ്
KERALA EXPRESS
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇനി ലോകം നിങ്ങളെ അറിയട്ടെ
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.



# നോർത്ത് അമേരിക്കയിലും തൂഫാൻ തരംഗം










**ടോണി പൊങ്ങാനാ**

ഗ്ലെൻവ്യൂ: പ്രവാസികൾക്കിടയിൽ ആരോഗ്യപരമായ ഭക്ഷണക്രമവും വ്യായാമവും പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം യുവജനങ്ങൾക്കിടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പ്രചാരണം തടയുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച 5 കിലോമീറ്റർ ഓട്ടം-ഫിറ്റ് ഫോർവേർഡ് 5K (FIT FOR WARD) സെപ്റ്റംബർ പന്ത്രണ്ടാം തീയതി ഗ്ലെൻവ്യൂവിൽ വെച്ച് നടന്നു. കേരള ജനസേചന വകുപ്പുമന്ത്രി മോൻസ് ജോസഫ് മുഖ്യാതിഥിയായി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കേരളാ ഗവൺമെന്റ് മയക്കുമരുന്ന് വ്യാപനത്തിനെതിരെ നടത്തിവരുന്ന ശക്തമായ പോരാട്ടത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടും അതിനു നേതൃത്വം നല്കുന്ന മന്ത്രിസഭയുടെ പ്രതിനിധിയായി എത്തിച്ചേർന്ന മന്ത്രി മോൻസ് ജോസഫിനോടുമുള്ള ആദരസൂചകമായി പരിപാടിയുടെ പേര് 'തൂഫാൻ 5K' എന്ന് പുനർനാമകരണം ചെയ്യും എന്ന സംഘാടകരുടെ പ്രഖ്യാപനം നിറഞ്ഞ കൈയടികളോടെയാണ് കേൾവിക്കാർ സ്വീകരിച്ചത്. ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും കേരളത്തിന്റെ നവീകരണത്തിനായി സമാന ആശയങ്ങളും പ്രവാസികളുടെ അനുഭവസമ്പത്തും പ്രയോജനപ്പെടുത്തുമെന്നും ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ഓട്ടത്തിൽ പങ്കുചേർന്നും സമ്മാനങ്ങൾ വിതരണം ചെയ്തും ആവേശത്തിൽ പങ്കുചേർന്നു. ഇല്ലിനോയി സ്റ്റേറ്റ് റെപ്രസെന്റേറ്റീവ് കെവിൻ ഓലിക്കൽ റൺ ഫ്ളാഗ് ഓഫ് ചെയ്തു. ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് ലിൻസൺ കൈതമല റേസ് ഡയറക്ടർ ആയി പ്രവർത്തിച്ചു.

ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ, റീഹാബിലിറ്റേഷൻ പ്രൊഫഷണൽസ്, റെസ്പിറേറ്ററി തെറാപ്പിസ്റ്റ്സ്, റേഡിയോഗ്രാഫേഴ്സ്, സോഷ്യൽ വർക്കേഴ്സ് തുടങ്ങി ആരോഗ്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണൽസിന്റെ സംഘടനകൾ ഒന്നുചേർന്നാണ് പ്രഥമ 5K ഒരുക്കിയത്.

സിറിയക് കൂവക്കാട്ടിൽ സ്പോൺസർ ചെയ്ത ക്യാഷ് അവാർഡുകളും ട്രോഫികളും മന്ത്രി മോൻസ് ജോസഫ് വിജയികൾക്ക് വിതരണം ചെയ്തു. ഇതുവഴി സമാഹരിച്ച തുക ഭിന്നശേഷിക്കാർക്കായി ആരംഭിക്കുന്ന മലയാളി സംരംഭമായ ചോസൺ ഫൗണ്ടേഷൻ ഓഫ് ഇല്ലിനോയി എന്ന സംഘടനയ്ക്ക് ബിഷപ് ജോയി ആലപ്പാട്ട് കൈമാറി.

സംഘടനാ പ്രസിഡണ്ടുമാരായ ഡോ. സിമി ജോസഫ് (INAI), മജോ ഓട്ടപ്പള്ളി (ARPOKO), ടോം ജോസ് (MARC), സോണി പോൾ (MRA), ലിൻസൺ കൈതമല (ISWAI) എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികളാണ് വലിയ ജനപങ്കാളിത്തത്തോടെ ഈ പരിപാടി സംഘടിപ്പിച്ചത്.

# ആയാസരഹിതമായി ശ്വസിക്കാം

# ശ്വാസകോശ ആരോഗ്യത്തെക്കുറിച്ചും ശ്വാസതടസ്സത്തെക്കുറിച്ചും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

തയ്യാറാക്കിയത്:



സജി തോമസ് ഇറപ്പുറം
(റെസ്പിറേറ്ററി തെറാപ്പിസ്റ്റ്, ചിക്കാഗോ)

ആധുനിക മെഡിക്കൽ സയൻസിലും ക്ലിനിക്കൽ കെയറിലും ഏറ്റവും നിർണായകമായ ശാഖകളിലൊന്നാണ് റെസ്പിറേറ്ററി തെറാപ്പി. ചിക്കാഗോയിലെ പ്രമുഖ ആശുപത്രികളിൽ ദീർഘകാലത്തെ അനുഭവസമ്പത്തുള്ള ഒരു റെസ്പിറേറ്ററി തെറാപ്പിസ്റ്റ് എന്ന നിലയിൽ ദിനംപ്രതി നൂറ്കണക്കിന് രോഗികളിലാണ് ശ്വാസകോശ രോഗങ്ങളുടെ വ്യാപ്തി ഞാൻ നേരിട്ട് കാണുന്നത്, നമ്മൾ ശ്വസിക്കുന്ന ഓരോ ശ്വാസവും ജീവന്റെ അടയാളമാണ്. എന്നാൽ, പലപ്പോഴും ശ്വാസകോശത്തിന് തടസ്സം നേരിടുമ്പോൾ മാത്രമാണ് ഈ അവയവത്തിന്റെ പ്രാധാന്യം നമ്മൾ തിരിച്ചറിയുന്നത്.

**ശ്വാസതടസ്സത്തിന്റെ പ്രധാന കാരണങ്ങൾ:** ശ്വസിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് (Shortness of breath/ Dyspnea) പല മെഡിക്കൽ കാരണങ്ങൾ കൊണ്ടുമാകാം. ആസ്ത്മ (Asthma): ശ്വാസനാളങ്ങളിലെ വീക്കവും ചുരുങ്ങലും കാരണം വായുസഞ്ചാരം തടസ്സപ്പെടുന്നു.

സി.ഒ.പി.ഡി (COPD-Chronic Obstructive Pulmonary Disease): പുകവലി, വായുമലിനീകരണം എന്നിവ മൂലം ശ്വാസകോശത്തിന് സംഭവിക്കുന്ന ശാശ്വതമായ കേടുപാടുകൾ. ശ്വാസകോശ അനുബാധകൾ (Pneumonia, Bronchitis): ബാക്ടീരിയ, വൈറസ് അണുബാധകൾ മൂലം കഫക്കെട്ടും വീക്കവും ഉണ്ടാകുന്നു.

**ഹൃദ്രോഗങ്ങൾ (Cardiovascular issues):** ഹൃദയത്തിന്റെ പ്രവർത്തനം മന്ദഗതിയിലാകുമ്പോൾ ശ്വാസകോശത്തിൽ വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥ (Pulmonary Edema). അലർജികളും പരിസ്ഥിതി ഘടകങ്ങളും: പൊടിപടലങ്ങൾ, പൂമ്പൊടി, രാസവസ്തുക്കൾ എന്നിവ മൂലമുണ്ടാകുന്ന അലർജി.

**എപ്പോഴാണ് അടിയന്തര വൈദ്യ സഹായം തേടേണ്ടത്:** (Warning Signs) സാധാരണ ശ്വാസംമുട്ടലിനപ്പുറം താഴെപ്പറയുന്ന ലക്ഷണങ്ങൾ കണ്ടാൽ ഒട്ടും സമയം കളയാതെ അടിയന്തര മെഡിക്കൽ സഹായം (Emergency Care) തേടേണ്ടതാണ്.

വിശ്രമിക്കുമ്പോഴും കഠിനമായ ശ്വാസതടസ്സം അനുഭവപ്പെടുക. ചുണ്ടുകളിലോ വിരലുകളിലോ നീലനിറം പടരുക (Cyanosis-ഓക്സിജന്റെ അളവ് കുറയുന്നതിന്റെ ലക്ഷണം.) ശ്വാസമെടുക്കുമ്പോൾ നെഞ്ചിൽ ശക്തമായ വേദനയോ ഭാരമോ അനുഭവപ്പെടുക. പെട്ടെന്നുണ്ടാകുന്ന തലകറക്കം, ബോധക്ഷയം, അല്ലെങ്കിൽ ക്രമാതീയമായ വിയർപ്പ്. ശ്വാസമെടുക്കുമ്പോൾ ഉച്ചത്തിലുള്ള വലിവും (Wheezing) സംസാരിക്കാൻ പോലും പ്രയാസപ്പെടുകയും ചെയ്യുക.

**മുൻകരുതലുകളും പ്രതിരോധ മാർഗ്ഗങ്ങളും:** ചിക്കാഗോ പോലുള്ള വലിയ നഗരങ്ങളിലെ തണുപ്പുകാല കാലാവസ്ഥാ വ്യതിയാനങ്ങളും വായു മലിനീകരണവും ശ്വാസകോശാരോഗ്യത്തെ കാര്യമായി ബാധിക്കാറുണ്ട്. മുൻകരുതലുകളിലൂടെ പല ഗുരുതര പ്രശ്നങ്ങളും തടയാനാകും.

**പുകവലി പൂർണ്ണമായും ഉപേക്ഷിക്കുക:** ശ്വാസകോശത്തിന്റെ ഏറ്റവും വലിയ ശത്രു പുകവലിയും സെക്കൻഡ് ഹാൻഡ് പുകയുമാണ്. വായുവിന്റെ ഗുണനിലവാരം ഉറപ്പാക്കുക: വീടിനുള്ളിൽ പൊടിപടലങ്ങൾ കുറയ്ക്കുക. തണുപ്പുകാലത്തും അലർജി സീസണുകളിലും എയർ പ്യൂരിഫയറുകൾ ഉപയോഗിക്കുന്നത് പ്രയോജനപ്പെടും.

**വ്യായാമവും ശ്വസന വ്യായാമങ്ങളും** (Breathing Exercise): ഡയാഫ്രമാറ്റിക് ബ്രീത്തിങ് (Diaphragmatic breathing), പഴ്സ്ഡ്-ലിപ് ബ്രീത്തിങ് (Pursed-lip breathing)തുടങ്ങിയവ ശ്വാസകോശത്തിന്റെ ശേഷി വർദ്ധിപ്പിക്കാൻ സഹായിക്കും.

വാക്സിനേഷൻ എടുത്തു സൂക്ഷിക്കുക: ഫ്ളൂ (Flu vaccine), ന്യൂമോകോക്കൽ (Pneumococcal vaccine) തുടങ്ങിയ വാക്സിനുകൾ കൃത്യസമയത്ത് എടുക്കുന്നത് ഗുരുതര അണുബാധകളിൽ നിന്നും സംരക്ഷണം നല്കും. കൃത്യമായ മരുന്നുകളുടെ ഉപയോഗം: ആസ്ത്മയോ മറ്റ് ശ്വാസകോശ രോഗങ്ങളോ ഉള്ളവർ ഡോക്ടർ നിർദ്ദേശിച്ച ഇൻഹേലറുകളും മരുന്നുകളും കൃത്യമായി ഉപയോഗിക്കുക.

**അവസാനമായി:** ശ്വാസകോശ ആരോഗ്യം എന്നത് നമ്മുടെ ജീവന്റെ അടിത്തറയാണ്. ചെറിയ രീതിയിലുള്ള ശ്വാസകോശ തടസ്സങ്ങൾ പോലും അവഗണിക്കാതെ തുടക്കത്തിലേ ഡോക്ടറെ കാണുകയും കൃത്യമായ റെസ്പിറേറ്ററി പരിചരണം ഉറപ്പാക്കുകയും ചെയ്യുക. ആരോഗ്യകരമായ ജീവിതശൈലിയിലൂടെയും ശരിയായ മുൻകരുതലുകളിലൂടെയും നമുക്ക് രോഗങ്ങളെ അകറ്റിനിർത്താനും ആയാസരഹിതമായി ശ്വസിക്കാനും സാധിക്കും. നിങ്ങളുടെ ശ്വാസകോശത്തെ സംരക്ഷിക്കുക; കാരണം ഓരോ ശ്വാസവും വിലപ്പെട്ടതാണ്.

# കെസിഎസ് സീനിയർ സിറ്റിസൺസ് ഓണം 2026 ആഘോഷിച്ചു

ഷാജി പള്ളിവീട്ടിൽ

ചിക്കാഗോ: കെസിഎസ് സീനിയർ സിറ്റിസൺസ് കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും സന്തോഷത്തിന്റെയും നിറവിൽ ഓണം 2026 ആഘോഷിച്ചു. സെപ്റ്റംബർ 7-ന് കെസിഎസ് ക്യൂണിറ്റി സെന്ററിൽ സംഘടിപ്പിച്ച ഈ പ്രത്യേക ആഘോഷത്തിൽ അമ്പതിലധികം സീനിയർ സിറ്റിസൺസ് പങ്കെടുത്തു. സന്തോഷവും സാംസ്കാരിക പാരമ്പര്യവും സൗഹൃദവും നിറഞ്ഞ ഈ സംഗമം എല്ലാവർക്കും മനോഹരമായ ഒരു അനുഭവമായി മാറി.

പരമ്പരാഗത ഓണക്കോടിയണിഞ്ഞ് സീനിയർ അംഗങ്ങൾ ഒത്തുചേർന്നത് ആഘോഷത്തിന് കൂടുതൽ ഉത്സവച്ഛായ പകർന്നു. ഏറെക്കാലമായി പരിചയമുള്ള സുഹൃത്തുക്കളെ വീണ്ടും കണ്ടുമുട്ടുവാനും പഴയ ഓർമ്മകൾ പങ്കുവെക്കുവാനും പരസ്പരം സൗഹൃദം പുതുക്കാനും കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യം ഒരുമിച്ച് ആഘോഷിക്കാനും ഈ സംഗമം മികച്ച അവസരമായി.

മനോഹരമായ പൂക്കളം, പരമ്പരാഗത ഓണസദ്യ, തിരുവാതിര, ഓണപ്പാട്ടുകൾ എന്നിവ ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളായിരുന്നു. വർണാഭമായ പൂക്കളവും പരമ്പരാഗത വേഷവിധാനങ്ങളും കേരളത്തിന്റെ തനതായ ഓണപ്പാരമ്പര്യത്തിന്റെ മനോഹാരിത വിളിച്ചോതി. രുചികരമായ ഓണസദ്യ എല്ലാവരെയും ഒരുമിച്ചിരുത്തി പങ്കിടലിന്റെയും സാഹോദര്യത്തിന്റെയും ഓണസന്ദേശം കൂടുതൽ അർത്ഥവത്താക്കി. തിരുവാതിരയും ഓണപ്പാട്ടുകളും ആഘോഷത്തിന് കൂടുതൽ ഉന്മേഷവും സാംസ്കാരിക ഭംഗിയും പകർന്നു.

ഇത് ഒരു ഓണാഘോഷം മാത്രമല്ല, കെസിഎസ് സമൂഹത്തിലെ മുതിർന്ന അംഗങ്ങളെ ആദരിക്കുകയും അവരുടെ സാന്നിദ്ധ്യവും സംഭാവനകളും ആഘോഷിക്കുകയും ചെയ്ത ഒരു സ്നേഹസംഗമം കൂടിയായിരുന്നു. അവരുടെ ജീവിതാനുഭവങ്ങളും അറിവും പാരമ്പര്യങ്ങളും സമൂഹത്തോടുള്ള തുടർച്ചയായ പങ്കാളിത്തവും വിവിധ തലമുറകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിലും നമ്മുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിലും വിലമതിക്കാനാവാത്തതാണ്.







പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നല്കിയ മാത്യു പുളിക്കത്തൊട്ടിയിലും മാത്യു വാക്കേലും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ഇവരുടെ ആത്മാർത്ഥമായ പരിശ്രമവും മികച്ച ഏകോപനവും പരിപാടിയെ ക്രമബദ്ധവും സന്തോഷകരവും എല്ലാവർക്കും ഓർമ്മയിൽ നിലനിൽക്കുന്നതുമായ ഒരു ആഘോഷമാക്കി മാറ്റുന്നതിൽ നിർണായകമായി.

സൗഹൃദത്തിന്റെയും പാരമ്പര്യത്തിന്റെയും കൂട്ടായ്മയുടെയും മനോഹരമായ ഓർമ്മകൾ സമ്മാനിച്ചുകൊണ്ടാണ് ആഘോഷം സമാപിച്ചത്. ഓണം 2026-ന്റെ ഈ മനോഹരമായ ആഘോഷത്തിൽ പങ്കെടുത്ത എല്ലാ സീനിയർ സിറ്റിസൺസിനും പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും കെസിഎസിന്റെ ഹൃദയംനിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും.

# ആഘോഷനിറവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദൈവാലയത്തിന്റെ 20–ാം വാർഷികം



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ക്നാനായ സമൂഹത്തിന്റെ വിശ്വാസപാരമ്പര്യത്തിന്റെയും കൂട്ടായ്മയുടെയും ചരിത്രത്തിൽ സുപ്രധാന സ്ഥാനമുള്ള ചിക്കാഗോയിലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദൈവാലയ സ്ഥാപനത്തിന്റെ 20-ാം വാർഷികാഘോഷം ഓഗസ്റ്റ് 30-ന് ഞായറാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ നടത്തപ്പെട്ടു.

2006-ലെ മെയ്‌വുഡ് സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്ക ദൈവാലയത്തിന്റെ തുടക്കം ക്നാനായ റീജിയനിലെ മറ്റ് സമൂഹങ്ങൾക്കും ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിനും വളരുന്നതിനും പ്രചോദനമായി. ക്നാനായ വിശ്വാസവും തനതായ പാരമ്പര്യങ്ങളും തലമുറകളിലേക്ക് കൈമാറുന്നതിനുള്ള ഈ ദൈവാലയത്തിന്റെ സംഭാവന വിലമതിക്കാനാവാത്തതാണ്.



ഓഗസ്റ്റ് 30-ന് ഞായറാഴ്ച രാവിലെ 10 മണിക്ക് ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ആഘോഷമായ വിശുദ്ധ കുർബാനയ്ക്കുശേഷം വാർഷികാഘോഷ സമ്മേളനം നടന്നു. കഴിഞ്ഞ ഒരു വർഷക്കാലമായി ഇടവകയെ നയിച്ചുകൊണ്ടിരിക്കുന്ന വികാരി ഫാ. ഏബ്രഹാം കളരിക്കൽ ഉദ്ഘാടനസമ്മേളനത്തിനു സ്വാഗതമേകി. ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സെ. മേരീസ് പള്ളി അസി. വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ ആശംസയർപ്പിച്ചു സംസാരിച്ചു.



ഇടവക ട്രസ്റ്റി കോ-ഓർഡിനേറ്റർ തോമസ് കുന്നുംപുറത്ത് നന്ദി അറിയിച്ചു. ഇടവകയിലെ ട്രസ്റ്റിമാരായ തോമസ് കുന്നുംപുറത്ത്, മത്തിയാസ് പുല്ലാപ്പള്ളിൽ, ഏബ്രഹാം അരീച്ചിറയിൽ, ജെയ്മോൻ പടിഞ്ഞാറേൽ, എബിൻ കുളത്തിൽ കരോട്ട് എന്നിവരുടെ നേതൃത്വത്തിലാണ് ആഘോഷപരിപാടികൾ ഏകോപിപ്പിച്ചത്.

ഇടവകാംഗമായ ജോബി ഓളിയിൽ രചിച്ച് അനിൽ മറ്റത്തിക്കുന്നേൽ സംഗീതസംവിധാനം നിർവഹിച്ച് സജി മാലിത്തുരുത്തേൽ ആലപിച്ച ഭക്തിഗാനത്തിന്റെ പ്രകാശനവും അതേ വേദിയിൽ നടന്നു.

ക്നാനായ കത്തോലിക്കർക്കായി കോട്ടയം അപ്പസ്തോലിക് വികാരിയാത്ത് പ്രത്യേകമായി സ്ഥാപിക്കാൻ അനുമതി നല്കിയതിലൂടെ ക്നാനായ സമൂഹത്തിന്റെ വിശ്വാസവും തനതായ പാരമ്പര്യവും സംരക്ഷിക്കുന്നതിനുള്ള സഭാസംവിധാനത്തിന് ശക്തമായ അടിത്തറപാകിയ വിശുദ്ധ പത്താം പീയൂസിന്റെ തിരുനാളും ഭക്തിപൂർവം അന്നേദിവസം ആഘോഷിച്ചു.



ഇടവകയുടെ ഏറ്റവും പ്രധാന ശുശ്രൂഷാ മേഖലയായ വിശ്വാസപരിശീലന ക്ലാസുകളുടെ തുടക്കവും അന്നേ ദിവസമായിരുന്നു. റിലീജിയസ് എഡ്യൂക്കേഷൻ ഡയറക്ടർ കൊളീൻ കീഴങ്ങാട്ടിലിന്റെ നേതൃത്വത്തിൽ അധ്യാപകരും കുട്ടികളും വിശ്വാസ പതാകയേന്തിയാണ് വിശുദ്ധ കുർബാനയ്ക്ക് എത്തിയത്.

ഈ ഇടവക സമൂഹത്തിന്റെ ഐക്യത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകമായി ഓണാഘോഷവും അന്ന് സംഘടിപ്പിച്ചു. അന്നേ ദിവസത്തെ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കുമായി സ്നേഹവിരുന്നും ഒരുക്കിയിരുന്നു. തുടർന്നു നടത്തപ്പെട്ട എന്റർടൈൻമെന്റ് പരിപാടികൾക്ക് നിയ ജെയ്സ് നേതൃത്വം നല്കി.





കേരളാ എക്സ്പ്രസ്
വാരാന്ത്യം



# ബാലനെ കണ്ടു... കണ്ണെടുക്കാതെ കണ്ടു... കണ്ണുകൾ നിറഞ്ഞു....!

ലേഖനം



ബിനു ചിലമ്പത്ത്
സൗത്ത് ഫ്ളോറിഡ

ഒരു സിനിമ കാണാനിരുന്നതായിരുന്നു.  തുടക്കത്തിൽ തന്നെ മനസ്സിൽ തോന്നി 'അയ്യോടാ... ഈ പയ്യന് നമ്മുടെ പിള്ളേരുടെ (കൊച്ചുമക്കളുടെ) രൂപവും ഭാവവും ഒക്കെയുണ്ടല്ലോ...' എന്ന്. ആ തോന്നലിൽ തുടങ്ങിയ എന്റെ നോട്ടം, സിനിമ തീരുന്നതുവരെ കണ്ണെടുക്കാതെ നോക്കിയിരുന്ന ഒരു അനുഭവമായി മാറി.

'ബാലൻ ദ ബോയ്' എന്ന സിനിമയിലെ ബാലൻ വെറുമൊരു കഥാപാത്രമല്ല; മറിച്ച് കണ്ടിരിക്കുന്ന ഓരോരുത്തരുടെയും മനസ്സിൽ എവിടെയൊക്കെയോ പതിഞ്ഞുപോയ, നമ്മോടത്രമേൽ പരിചിതമായ ഒരു കുഞ്ഞിന്റെ മുഖവും അവന്റെ ജീവിതവുമാണ്. ഇവിടെ ബാലനായ ആദിശേഷന്റെ നിഷ്കളങ്കമായ മുഖവും സ്വാഭാവികമായ അഭിനയവും ഏതൊരു പ്രേക്ഷകന്റെയും പ്രശംസയും പ്രാർത്ഥനയും പിടിച്ചുപറ്റുന്നതായിരുന്നു. ബാലന്റെ അമ്മയായ ഫർസാനയാകട്ടെ, ആ കഥാപാത്രമായി ജീവിച്ചുതന്നെയാണ് സ്ക്രീനിലെത്തുന്നത്. ഇരുവരുടെയും അഭിനയത്തിൽ കൃത്രിമതയുടെ ഒരു നിഴൽപോലുമില്ല. അവർ അഭിനയിക്കുകയാണെന്ന് മറന്ന്, അവരുടെ ജീവിതത്തിലേക്ക് നമ്മൾ ഒളിഞ്ഞു നോക്കുന്നതുപോലെ നമുക്ക് തോന്നിപ്പോകും.

കഥ തുടങ്ങുന്നത് ഒരു ജയിലിൽ നിന്നാണ്. അവിടെ 5 വയസ്സുള്ള ഒരു മകനെയും കൊണ്ട് ഒരമ്മ ശിക്ഷാകാലാവധി അനുഭവിച്ചു വരികയായിരുന്നു. പിന്നീട് ജയിലിൽ നിന്ന് പുറത്തിറങ്ങിയ അമ്മയും മകനും പല കഥകളിൽ വ്യാജ വ്യക്തിത്വം വിലാസമാക്കി ജീവിക്കാൻ തുടങ്ങി. ഒരമ്മയുടെയും മകന്റെയും അതിജീവനത്തിന്റെ കഥ എന്ന് പറയുമ്പോഴും അതിനുള്ളിലെ കാമ്പ് നിസാരമല്ല. രാക്ഷസനോ അടിമയോ ആയി മകൻ വളരാതിരിക്കാൻ നിരന്തരം പേരും ഊരും മാറി ജീവിക്കുന്നതിനിടക്ക് ഒരിക്കൽ മകന്റെ കൈക്കുഞ്ഞിലെ അമ്മയുടെ പിടി വിട്ടുപോയി. അങ്ങനെ അവൻ പുതിയൊരു ജീവിതം ജീവിക്കുന്നു.താൻ എന്തായി തീരരുതെന്ന് അമ്മ ആഗ്രഹിച്ചോ ആ ജീവിതമെല്ലാം അവൻ ജീവിച്ചു തീർക്കുന്നു. ഒടുവിൽ അമ്മയെ തിരികെ കിട്ടാൻ വേണ്ടി അവൻ നടത്തുന്ന അവസാന യാത്രയാണ് 'ബാലൻ: ദ ബോയ്'.

ചില കഥാപാത്രങ്ങൾ സിനിമ തീർന്നാലും മനസ്സിൽ നിന്ന് ഇറങ്ങിപ്പോകാറില്ല. അത്തരത്തിൽ പ്രേക്ഷകഹൃദയങ്ങളിൽ എക്കാലവും ഇടംപിടിച്ചവരാണ് ബാലനും അവന്റെ അമ്മയും. അവരുടെ ചിരിയും നോട്ടവും നിശ്ശബ്ദതയും വേദനയും എല്ലാം വളരെ പതിഞ്ഞ നിറങ്ങളിൽ നമ്മുടെയെല്ലാം മനസ്സിൽ കോറിയിട്ടുണ്ട്. ജിത്തു മാധവന്റെ മികച്ച രചനയ്ക്ക് ചിദംബരം നൽകിയ മനോഹരമായ സംവിധാനമാണ് ഈ സിനിമയുടെ മറ്റൊരു കരുത്ത്. വലിയ കാഴ്ചകളോ അമിതമായ ആഘോഷങ്ങളോ ഇല്ലാതെ, ഒതുക്കത്തിലും ലാളിത്യത്തിലും ഈ കഥ പറയാനുള്ള സൗന്ദര്യമാണ് സിനിമയുടെ ഏറ്റവും വലിയ പ്രത്യേകത. അതുകൊണ്ടുതന്നെ സിനിമ അവസാനിക്കുമ്പോൾ കഥ മാത്രമല്ല, ചില മനുഷ്യരും അവരുടെ വികാരങ്ങളും നമ്മോടൊപ്പം വീട്ടിലേക്ക് പോരുന്നുണ്ട്. ജീൻ പോളും ടൊവിനോ തോമസും ഉൾപ്പെടെയുള്ളവരുടെ കഥാപാത്രങ്ങളും സിനിമയ്ക്ക് കൂടുതൽ ഭംഗി നൽകുന്നുണ്ട്. എന്നാൽ ഈ സിനിമയുടെ ഹൃദയമിടിപ്പ് ബാലനും അവന്റെ ലോകവും തന്നെയാണ്.

വലിയ ബജറ്റും വലിയ താരനിരയും മാത്രമല്ല നല്ല സിനിമയുടെ അളവുകോൽ എന്ന് വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്ന ചിത്രമാണിത്. ചെറിയൊരു കഥയെ സ്നേഹത്തോടെയും സത്യ സന്ധതയോടെയും പറയുമ്പോൾ അതിന് വലിയൊരു ലോകത്തിന്റെ ഹൃദയത്തെ തൊടാനുള്ള ശക്തിയുണ്ടായിരിക്കും. OTT പ്ലാറ്റ്ഫോമിലൂടെ കൂടുതൽ പ്രേക്ഷകരിലേക്ക് ഈ സിനിമ എത്തട്ടെ. ഇത്തരത്തിലുള്ള നന്മയുള്ള, ലളിതമായ, മനുഷ്യനെ മനുഷ്യനോട് ചേർത്തുനിർത്തുന്ന ചെറിയ സിനിമകൾ ഇനിയും ഉണ്ടാകട്ടെ...



# വീണ്ടും മുഴങ്ങി ഗന്ധർവ്വ നാദം കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ അഭിമാന നിമിഷം

**അനിൽ പെണ്ണുക്കര**




**ചി**ല സാന്നിധ്യങ്ങൾ അങ്ങനെയാണ്... ഒരു വേദിയിലെത്തുമ്പോൾ അവിടെയുള്ള ആഘോഷം തന്നെ മറ്റൊരു തലത്തിലേക്ക് ഉയരും. മലയാളത്തിന്റെ ഗാനഗന്ധർവ്വൻ കെ.ജെ. യേശുദാസ് ഡാളസിലെ കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ വേദിയിലെത്തിയപ്പോഴും അത് തന്നെയാണ് സംഭവിച്ചത്. ഏറെ നാളത്തെ ഇടവേളയ്ക്കു ശേഷം ഒരു പൊതുവേദിയിൽ യേശുദാസിനെ കാണാനായതിന്റെ ആവേശത്തിലായിരുന്നു സദസ്സ്.

സംഘടനയുടെ സുവർണ ജൂബിലിയും തിരുവോണാഘോഷവും ഒരുമിച്ചെത്തിയ ആ വേദിയിൽ, യേശുദാസിന്റെ സാന്നിധ്യം നൽകിയ തിളക്കം ചെറുതായിരുന്നില്ല. ആഘോഷങ്ങൾ ഏറെയുണ്ടായിരുന്നെങ്കിലും ആ വേദിയിലെ യഥാർത്ഥ താരമായി മാറിയത് നമ്മുടെയെല്ലാം പ്രിയപ്പെട്ട ആ ഗാനഗന്ധർവ്വനും അദ്ദേഹത്തിന്റെ വരികളുമായിരുന്നു.

യേശുദാസിനെപ്പോലൊരു ഇതിഹാസത്തെ ഒരു പൊതു പരിപാടിയിലേക്ക് കൊണ്ടുവരിക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ കേരള അസോസിയേഷൻ ഓഫ് ഡാളസ് പ്രസിഡന്റ് ഷിജു എബ്രഹാമുമായുള്ള അദ്ദേഹത്തിന്റെ ആത്മബന്ധമാണ് ഡാളസിലെ വേദിയിലേക്കുള്ള ആ ക്ഷണത്തിന് വഴിയൊരുക്കിയത്. ഷിജു എബ്രഹാം നേരിട്ട് ക്ഷണിച്ചതിനെ തുടർന്നാണ് അമ്പതാം വാർഷികത്തിന്റെയും തിരുവോണാഘോഷത്തിന്റെയും ഭാഗമായി യേശുദാസ് ഡാളസിലെത്തിയത്. സംഘടനയുടെ സുവർണജൂബിലിക്ക് മലയാളി പ്രേക്ഷകർ എക്കാലവും നെഞ്ചിലേറ്റിയ ഗാനഗന്ധർവ്വൻ തന്നെ നേരിട്ടെത്തി ആശംസകളറിയിച്ചപ്പോൾ, ഡാളസിലെ മലയാളി സമൂഹത്തിനും അത് ഏറെക്കാലം ഓർത്തുവയ്ക്കാവുന്ന നിമിഷമായിമാറി.

ലൂയിസ്‌വില്ലയിലെ എന്റക്സ് അരീനയിൽ നടന്ന ആഘോഷങ്ങൾക്ക് വർണാഭമായ ഘോഷയാത്രയോടെയാണ് തുടക്കമായത്. തുടർന്ന് 50-ാം വാർഷികാഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം യേശുദാസ് നിർവഹിച്ചു. പ്രവാസലോകത്ത് മലയാളത്തിന്റെ തനിമയും സംസ്കാരവും മൂല്യങ്ങളും കാത്തുസൂക്ഷിക്കുന്നതിൽ കേരള അസോസിയേഷൻ ഓഫ് ഡാളസ് നടത്തുന്ന പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു. വിനയവും സ്നേഹവും ആത്മീയതയും ജീവിതത്തിൽ കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഓർമിപ്പിച്ച അദ്ദേഹത്തിന്റെ വാക്കുകൾ കാണികൾക്ക് പ്രചോദനവും പ്രത്യാശയും നൽകുന്ന സന്ദേശങ്ങളായിരുന്നു. സ്ഥാനത്തേക്കാൾ വലുത് വിനയമാണെന്നും സമ്പത്തിനേക്കാൾ വിലപ്പെട്ടത് സ്നേഹമാണെന്നും, മതം മനുഷ്യരെ വേർതിരിക്കാനുള്ളതല്ല മറിച്ച് സ്നേഹത്തിലൂടെയും കരുണയിലൂടെയും മനുഷ്യരെ അടുപ്പിക്കാനുള്ളതാണെന്നും അദ്ദേഹം പറഞ്ഞു.

അമ്പത് വർഷം പൂർത്തിയാക്കിയ ഒരു സംഘടനയ്ക്ക് ലഭിക്കാവുന്ന ഏറ്റവും മനോഹരമായ ആദരവുകളിൽ ഒന്നായി മാറുകയായിരുന്നു യേശുദാസിന്റെ ആ വരവ്. മലയാളിയുടെ ഹൃദയങ്ങളിൽ പതിറ്റാണ്ടുകളായി നിറഞ്ഞുനിൽക്കുന്ന ആ സ്വരം ഡാളസിലെ വേദിയിൽ വീണ്ടും സാന്നിധ്യമറിയിച്ചപ്പോൾ, അത് ഒരു ഉദ്ഘാടനച്ചടങ്ങിന്റെ നിമിഷം മാത്രമായിരുന്നില്ല, മറിച്ച് പ്രവാസി മലയാളത്തിന്റെ സംസ്കാരവും ഓർമ്മകളും സ്നേഹവും ഒരേ വേദിയിൽ ഒത്തുചേർന്ന അപൂർവ നിമിഷമായിരുന്നു.












# പരിശുദ്ധ മറിയം വേദനയിൽ എപ്പോഴും കൂടെയുള്ള അമ്മയെന്ന് മാർ ജോയി ആലപ്പാട്ട്

ജസ്റ്റിൻ ചാമക്കാല

ന്യൂയോർക്ക്: റോക്ക്‌ലാൻഡ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ ഭക്തിനിർഭരമായ ചടങ്ങുകളോടെ സമാപിച്ചു. ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 6 വരെ നടന്ന തിരുനാൾ ആഘോഷങ്ങളിൽ ഇടവകാംഗങ്ങളും വിവിധ പ്രദേശങ്ങളിൽ നിന്നുള്ള വിശ്വാസികളും സജീവമായി പങ്കെടുത്തു.

വിശുദ്ധ കുർബാന, നൊവേന, ലദീഞ്ഞ്, കൊടിയേറ്റ്, സെമിത്തേരി സന്ദർശനം, തിരുനാൾ പ്രദക്ഷിണം, വാഴ്വ്, ചെണ്ടമേളം, സ്നേഹവിരുന്ന്, കാർണിവൽ തുടങ്ങിയ വിവിധ പരിപാടികൾ തിരുനാളിന്റെ ഭാഗമായി നടന്നു.

പ്രധാന തിരുനാൾ ദിനത്തിൽ നടന്ന ആഘോഷമായ വിശുദ്ധ കുർബാനയിൽ ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. തിരുനാൾ സന്ദേശം നല്കിയ മാർ ജോയി ആലപ്പാട്ട് പിതാവ് പരിശുദ്ധ മറിയം വേദനയിൽ കൂടെയുള്ള അമ്മയെന്നും യേശുവിന്റെ ജീവിതത്തിൽ സന്തോഷത്തിന്റെ സമയത്തു മാത്രമല്ല, കാൽവരിയിലെ കുരിശിന്റെ സമയത്തും മറിയം കൂടെയുണ്ടായിരുന്നു. അതുകൊണ്ടാണ് ദുഃഖിക്കുന്നവർക്കും രോഗികൾക്കും ഏകാന്തരായവർക്കും പ്രയാസങ്ങളിലൂടെ കടന്നുപോകുന്നവർക്കും മറിയം ആശ്വാസത്തിന്റെ അമ്മയാകുന്നതെന്നും പറഞ്ഞു.

അതാണ് മറിയത്തിന്റെ മാതൃകയിൽ നാം ജീവിക്കുന്നത്. മറിയം യേശുവിലേക്കാണ് നമ്മെ നയിക്കുന്നത്. അതുകൊണ്ട് നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രം ക്രിസ്തുവായിരിക്കണമെന്നും മാർ ആലപ്പാട്ട് പറഞ്ഞു. ഫാ. പത്രോസ് ചമ്പക്കര, ഫാ. സ്റ്റീഫൻ കണ്ണിപ്പള്ളി, ഫാ. മോസസ് പുതുപ്പള്ളിമ്യാലിൽ എന്നിവർ സഹകാർമ്മികരായി.











തുടർന്നു നടന്ന തിരുനാൾ പ്രദക്ഷിണത്തിലും വാഴ്വിലും വലിയ ജനപങ്കാളിത്തമുണ്ടായി. ചെണ്ടമേളവും സ്നേഹവിരുന്നും ആഘോഷങ്ങൾക്ക് കൂടുതൽ നിറം പകർന്നു.

ഇടവകയുടെ പത്താം വാർഷികാഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനവും മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു. വിശ്വാസത്തിലും കൂട്ടായ്മയിലും കാരുണ്യപ്രവർത്തനങ്ങളിലും മുന്നേറാനുള്ള പുതിയൊരു അദ്ധ്യായത്തിന് ഇതോടെ തുടക്കം കുറിച്ചു.

മലങ്കര റീത്തിലുള്ള വിശുദ്ധ കുർബാനയ്ക്ക് ഫാ. റിജോ പുത്തൻപറമ്പിൽ കാർമ്മികത്വം വഹിച്ചു. ഇംഗ്ലീഷ് കുർബാനയ്ക്ക് ഫാ. ബിപി മാത്യു തറയിൽ കാർമ്മികത്വം വഹിച്ചു.

സെമിത്തേരി സന്ദർശനവും പരേതർക്കായുള്ള പ്രത്യേക പ്രാർത്ഥനകളും ഭക്തിനിർഭരമായി നടന്നു. കാർണിവൽ, സ്നേഹവിരുന്ന് തുടങ്ങിയ പരിപാടികളിലും കുട്ടികളും യുവജനങ്ങളും മുതിർന്നവരും ഉൾപ്പെടെ ഇടവകാംഗങ്ങളുടെ സജീവ പങ്കാളിത്തമുണ്ടായി.

തിരുനാൾ ആഘോഷങ്ങളുടെ വിജയത്തിനായി പ്രവർത്തിച്ച കൈക്കാരന്മാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, വിവിധ സംഘടനകൾ, വാർഡുകൾ, പ്രസുദേന്തിമാർ, ഇടവകാംഗങ്ങൾ എന്നിവർക്ക് സംഘാടകർ നന്ദി അറിയിച്ചു.

ഇടവക വികാരി ഫാ. ജോബി പൂച്ചുക്കണ്ടത്തിൽ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നല്കി. കൈക്കാരന്മാരായ ജെയിംസ് ജസ്റ്റിൻ, ജോസഫ് കീഴങ്ങാട്ട്, ജിമ്മി പുളിയനാൽ, സെക്രട്ടറി സിബി മണലേൽ എന്നിവരും വിവിധ തിരുനാൾ കമ്മിറ്റികളും പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു.



## ഹൂസ്റ്റണിൽ അന്തരിച്ച ജൂബി പതിയിലിന്റെ സംസ്കാരം സെപ്റ്റംബർ 14-ന്



ഹൂസ്റ്റൺ: ജൂബി പതിയിൽ (കല്ലുവേലിൽ-56) ഹൂസ്റ്റണിൽ അന്തരിച്ചു.

സെപ്റ്റംബർ 14-ന് തിങ്കളാഴ്ച രാവിലെ 9 മണിക്ക് ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളിയിൽ ദിവ്യബലിയോടു കൂടി മൃതസംസ്കാര ശുശ്രൂഷകൾ നടക്കും. 12 മണിക്ക് പേർലാൻഡ് സൗത്ത് പാർക്ക് സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും.

**ഭാര്യ:** ജൂൾസ് കോട്ടയം എസ്.എച്ച്. മൗണ്ട് കാരിമറ്റം കുടുംബാംഗമാണ്.

**മക്കൾ:** ഐറിൻ പതിയിൽ, പരേതനായ റിച്ചാർഡ് പതിയിൽ, റിച്ചി പതിയിൽ.

**മാതാപിതാക്കൾ:** കൈപ്പുഴ പതിയിൽ (കല്ലുവേലിൽ) പരേതരായ അബ്രഹാമും അച്ചാമ്മയും (പുളിമൂട്ടിൽ).

**സഹോദരങ്ങൾ:** ഡോൺ ബോസ്കോ പതിയിൽ & മറിയാമ്മ കറുകപ്പറമ്പിൽ (കോട്ടയം), ജോണി പതിയിൽ & ബെറ്റി മാക്കീൽ (ഹൂസ്റ്റൺ), പരേതനായ അവുഗിൻ പതിയിൽ & ജിജി മുളയാനിക്കുന്നേൽ (അയർലൻഡ്), പരേതനായ ജോർജ് പതിയിൽ & ലിസി കുറ്റിയാംകോണത്ത് (ഹൂസ്റ്റൺ), ജോബ് പതിയിൽ & മിനി പാണാലിക്കൽ (ഹൂസ്റ്റൺ), ജെയിൻ പതിയിൽ & ബാബു ഇട്ടിയിൽ (ഹൂസ്റ്റൺ), ജെയിസി പതിയിൽ & ജേക്കബ് വെള്ളാപ്പള്ളി (കോട്ടയം), ജേക്കബ് പതിയിൽ & വിമല കുന്നേൽ (ഹൂസ്റ്റൺ).

# കേരള സെന്റർ ഓണം – 26 വർണ്ണാഭമായി

**രാജു തോമസ്**

ന്യൂയോർക്ക്: കേരള സെന്റർ ജോയിന്റ് സെക്രട്ടറി മേരി ഫിലിപ്പിന്റെ ആമുഖത്തോടു കൂടി യോഗം ആരംഭിച്ചു. വിശിഷ്ടാതിഥികളും സെന്റർ ഭാരവാഹികളും ചേർന്ന് നിലവിളക്കു കൊളുത്തി കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. താലപ്പൊലി, ചെണ്ടമേളം എന്നിവയുടെ അകമ്പടിയോടെ വിശിഷ്ടാതിഥികളും ഭാരവാഹികളും ചേർന്ന് മഹാബലിയെ വേദിയിലേക്ക് സ്വീകരിച്ചാനയിച്ചു. മാവേലിമന്നന്റെ ഓണസന്ദേശത്തിനു ശേഷം ഉഷ ജോർജിന്റെയും ഡോ. അന്നാ ജോർജിന്റെയും നേതൃത്വത്തിൽ നടന്ന തിരുവാതിരയും അർച്ചന ഫിലിപ്പ് ഒരുക്കിയ കുട്ടികളുടെ ഡാൻസും മനോഹരമായ ദൃശ്യാനുഭവമായി. കേരള സെന്റർ പ്രസിഡണ്ട് അലക്സ് എസ്തപ്പാൻ എല്ലാവർക്കും സ്വാഗതമാശംസിച്ചു. ഓണദിവസത്തെ സന്തോഷവും ഐക്യവും എന്നും നിലനിർത്തുവാൻ അദ്ദേഹം എല്ലാവരോടും ആഹ്വാനം ചെയ്തു. മുഖ്യാതിഥി ന്യൂയോർക്ക് ഗവർണറുടെ ഓഫീസിലെ ഏഷ്യൻ അമേരിക്കൻ & പസഫിക് ഐലൻഡർ അഫയേഴ്സ് ഡയറക്ടർ സിബു നായർ ഓണസന്ദേശം നല്കി. ന്യൂയോർക്ക് ഗവർണറുടെ ഓഫീസിനെ ഈ ആഘോഷങ്ങളുടെ ഭാഗമാക്കിയതിൽ അദ്ദേഹം കേരള സെന്ററിന് പ്രത്യേകം നന്ദി പറഞ്ഞു.

ബോർഡ് ചെയർമാൻ ഡോ. മധു ഭാസ്കരൻ മുഖ്യാതിഥിയെ പരിചയപ്പെടുത്തിക്കൊണ്ട് ഒരുമയുടെ ആഘോഷമായ ഓണം ആഘോഷിക്കുന്നതിന് ഏറ്റവും നല്ല വേദിയാണ് കേരള സെന്റർ എന്ന് എടുത്തുപറഞ്ഞു. കൈരളി ടിവി സാരഥി ജോസ് കാടാപുറം, ഫോമാ സെക്രട്ടറി പോൾ ജോസ്, മുൻ ന്യൂയോർക്ക് സെനറ്റർ കെവിൻ തോമസ്, ലീല മാരേട്ട്, ഫിലിപ്പ് മഠത്തിൽ എന്നിവർ ആശംസകളർപ്പിച്ചു. എത്സി യോഹന്നാൻ ശങ്കരത്തിൽ സ്വയം എഴുതിയ ഓണപ്പാട്ട് പാടി സദസ്സിനെ ഓണാനുഭവത്തിൽ എത്തിച്ചു.

പ്രോഗ്രാമിന്റെ എംസിയായിരുന്ന ഡെയ്സി സ്റ്റീഫൻ പള്ളിപ്പറമ്പിൽ പരിപാടികളെല്ലാം മനോഹരവും കൃത്യമായ സമയബന്ധിതമാക്കി. മേരി ഫിലിപ്പ്, എബി തോമസ്, ബെൻസി തോമസ് എന്നിവരാണ് പരിപാടികൾ കോ-ഓർഡിനേറ്റ് ചെയ്തത്. കേരള സെന്റർ സെക്രട്ടറി രാജു തോമസ് എല്ലാവർക്കും നന്ദി പറഞ്ഞതിനുശേഷം സ്പൈസ് ഗാർഡൻ റെസ്റ്റോറന്റിന്റെ വിഭവസമൃദ്ധമായ ഓണസദ്യയോടെ കേരള സെന്റർ ഓണം-26 സമാപിച്ചു.


















## ജോൺ വേറ്റത്തിന്റെ 'ഇരുളും വെളിച്ചവും' കൃതിയുടെ പ്രകാശനം നടത്തി



വർക്കല ഇലകമൺ യു.പി സ്കൂളിൽ കലാപൂർണ്ണ പബ്ലിക്കേഷൻ നടത്തിയ പുസ്തകോത്സവ ചടങ്ങിൽ വെച്ച് ഹെഡ്മിസ്ട്രസ് ഗീതു മാത്സ് അദ്ധ്യാപികയായ ആതിര എ.വിക്ക് നല്കിക്കൊണ്ട് ജോൺ വേറ്റത്തിന്റെ 'ഇരുളും വെളിച്ചവും' എന്ന പുസ്തകത്തിന്റെ പ്രകാശനം നടത്തി. ചടങ്ങിൽ സ്കൂളിലെ മറ്റ് അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.

# ചിക്കാഗോ സെന്റ് മേരീസിൽ എട്ടുനോമ്പ് തിരുനാൾ ആഘോഷിച്ചു



ചിക്കാഗോ: മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ എട്ടുനോമ്പ് തിരുനാളായി ഭക്തിപൂർവം ആഘോഷിച്ചു. സെപ്റ്റംബർ ഒന്നു മുതൽ എട്ടു വരെയുള്ള ദിവസങ്ങളിൽ ദിവസവും കൊന്ത നമസ്കാരവും ലദീഞ്ഞും വിശുദ്ധ കുർബാനയും നേർച്ചയും ഉണ്ടായിരുന്നു. സെപ്റ്റംബർ എട്ടിന് വൈകുന്നേരം ഏഴു മണിക്ക് നടന്ന തിരുനാൾ കുർബാനയ്ക്ക് വികാരി ഫാ. സിജു മുടക്കോടിൽ മുഖ്യ കാർമ്മികനായിരുന്നു. അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര തിരുനാൾ സന്ദേശം നല്കി. വിശുദ്ധ കുർബാനയ്ക്ക് മുമ്പായി കൊന്തനമസ്കാരവും ലദീഞ്ഞും ഉണ്ടായിരുന്നു.







**റോയി ചേലമലയിൽ**

വിശുദ്ധ കുർബാനയ്ക്കുശേഷം മേരി നാമധാരികളുടെ ഫീസ്റ്റ് ആഘോഷിച്ചു. എല്ലാ മേരി നാമധാരികൾക്കും വൈദികർ പുഷ്പങ്ങൾ സമ്മാനിച്ചു. തുടർന്ന് അന്നേദിവസം ഫീസ്റ്റ് ആഘോഷിച്ച പാരിഷ് സെക്രട്ടറി കൂടിയായ സിസ്റ്റർ ശാലോം എസ്‌വിഎം, മറ്റ് മേരി നാമധാരികൾക്കൊപ്പം കേക്ക് മുറിച്ച് സന്തോഷം പങ്കുവെച്ചു. തുടർന്ന് തിരുനാളിന്റെ ഭാഗമായി എല്ലാവർക്കും പാച്ചോർ നേർച്ചയും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

തിരുനാൾ ക്രമീകരണങ്ങൾക്ക് ട്രസ്റ്റിമാരായ സേവ്യർ നടുപറമ്പിൽ, ജോബി പോളക്കൽ, മജോ കുന്നശേരി, സിസ്റ്റേഴ്സും ഗായകസംഘവും, അൾത്താര ശുശ്രൂഷികളും മറ്റു വോളന്റിയേഴ്സും നേതൃത്വം നല്കി.





## ഫാ. ഇമ്മാനുവൽ കല്ലറയ്ക്കൽ അന്തരിച്ചു



അയർലൻഡ്: ഹോളിക്രോസ് സന്യാസസഭയുടെ അന്തർദ്ദേശീയ അസിസ്റ്റന്റ് സുപ്പീരിയർ ജനറലും വികാരി ജനറലുമായ ഫാ. ഇമ്മാനുവൽ കല്ലറയ്ക്കൽ അന്തരിച്ചു. അയർലൻഡിലുള്ള സഹോദരിപുത്രിയെ സന്ദർശിക്കുന്നതിനായി വാട്ടർഫോർഡിൽ എത്തിയ അദ്ദേഹത്തിന് അപ്രതീക്ഷതമായുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് അന്ത്യം സംഭവിക്കുകയായിരുന്നു.

ഹോളിക്രോസ് സഭയുടെ വടക്കു കിഴക്കൻ ഇന്ത്യ പ്രവിശ്യാംഗമായിരുന്നു. ഇടുക്കി തെന്നത്തൂർ പരേതനായ ജോസഫിന്റെ മകനാണ്. ബേബി, സിസ്റ്റർ ശാലിനി, മരിയ, റോസിലി, ജസി, പരേതരായ സിസ്റ്റർ ഇസിദോർ, ഫാ. ജെയിംസ് കല്ലറയ്ക്കൽ എന്നിവർ സഹോദരങ്ങളാണ്.

വടക്കു കിഴക്കൻ ഇന്ത്യ പ്രവിശ്യയുടെ പ്രൊവിൻഷ്യൽ ഫാ. കെ.ജെ. ഏബ്രഹാമാണ് മരണവിവരം ഔദ്യോഗികമായി അറിയിച്ചത്. സഭയുടെ നേതൃത്വത്തിൽ ജീവിതകാലം മുഴുവൻ സജീവസാന്നിദ്ധ്യമായിരുന്ന ഫാ. ഇമ്മാനുവേലിന്റെ വിയോഗം ഹോളിക്രോസ് സമൂഹത്തിന് തീരാനഷ്ടമാണെന്ന് അദ്ദേഹം അനുസ്മരിച്ചു. വിദ്യാഭ്യാസം, വൈദികപരിശീലനം, ദൈവവിളി പ്രോത്സാഹനം, അജപാലന ശുശ്രൂഷ,സഭാനേതൃത്വം തുടങ്ങിയ മേഖലകളിൽ പതിറ്റാണ്ടുകൾ നീണ്ട സേവനമാണ് ഫാ. ഇമ്മാനുവൽ കാഴ്ചവെച്ചത്. ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് അമേരിക്കയിലെ അജപാലന ശുശ്രൂഷയിലേക്കും റോമിലെ ഹോളിക്രോസ് സഭയുടെ ആഗോളനേതൃത്വത്തിലേക്കും വ്യാപിച്ചതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനരംഗം.

കേരളത്തിലെ അയ്മനത്ത് ദൈവവിളി പ്രോത്സാഹകനായും പിന്നീട് വൈദിക പരിശീലന ഡയറക്ടറായും സേവനമനുഷ്ഠിച്ചു. പൗരോഹിത്യവും സന്യാസജീവിതവും ലക്ഷ്യമിട്ടെത്തിയ യുവാക്കളുടെ പരിശീലനത്തിനു നേതൃത്വം നല്കി. തുടർന്ന് ഹോളിക്രോസ് സഭയുടെ വടക്കുകിഴക്കൻ ഇന്ത്യ പ്രവിശ്യയുടെ പ്രൊവിൻഷ്യലായും പ്രവർത്തിച്ചു. 2022-ൽ നടന്ന ഹോളിക്രോസ് സന്യാസസഭയുടെ പൊതുസമ്മേളനം അദ്ദേഹത്തെ സുപ്പീരിയർ ജനറലിന്റെ പ്രഥമ സഹായിയായി തെരഞ്ഞെടുത്തു. ഇതോടൊപ്പം സഭയുടെ വികാരി ജനറൽ പദവിയും ഏറ്റെടുത്ത അദ്ദേഹം റോമിലെ ജനറൽ കൗൺസിൽ അംഗമായി. സഭയുടെ ആഗോള ദൗത്യപ്രവർത്തനങ്ങൾ, നീതി, സമാധാനം, പരിസ്ഥിതി സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങളും വഹിച്ചു.

അമേരിക്കയിലെ ഇന്ത്യാനപോളിസിലുള്ള കത്തീഡ്രൽ ഹൈസ്കൂളിൽ ചാപ്ലിനായും സെ. ജോവാൻ ഓഫ് ആർക്ക് ഇടവകയിൽ സഹവൈദികനായും സേവനം ചെയ്തിട്ടുണ്ട്. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം നേടിയ ഫാ. ഇമ്മാനുവൽ മദ്രാസ് സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദവും ന്യൂയോർക്കിലെ ഫോർഡം സർവകലാശാലയിൽ നിന്ന് മതവിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റും നേടിയിരുന്നു. വിദ്യാഭ്യാസ മേഖലയിലെ സംഭാവനകൾ പരിഗണിച്ച് 2015-ൽ അഖിലേന്ത്യ ക്രിസ്ത്യൻ ഉന്നത വിദ്യാഭ്യാസ അസോസിയേഷന്റെ മികച്ച പ്രിൻസിപ്പലിനുള്ള ദേശീയ പുരസ്കാരം ലഭിച്ചു.

**വാർത്ത: ജോജോ തോമസ് പാലത്ര**

## ആനിമൂട്ടിൽ പിതാവ്



മംഗളം നേരുന്നു-മംഗളം നേരുന്നു
ആനിമൂട്ടിൽ അച്ചനു മംഗളമേ-
പുന്നത്തറയിൽ നിന്നു പോയ കുടുംബം
പയ്യാവൂർ വളമണ്ണിൽ അച്ചൻ പിറന്നു
കണ്ടാൽ സുമുഖൻ-പഠിക്കാൻ സമർത്ഥൻ
വൈദീകസേവനം ജീവിതമാക്കി
ഉരുണ്ടുകിടക്കിണ ലോകത്തിൽ ചുറ്റി
ക്നാനായ മക്കളെ സേവിച്ചുപോകുന്നു
കോട്ടയം രൂപതാ മെത്രാൻ പദവി
ദൈവം കൊടുത്തൊരു വരദാനം അല്ലേ
ഞങ്ങളുടെ മെത്രാൻ തോമ്മാ മെത്രാനു
ആയുസും ആരോഗ്യവും ദൈവം കൊടുക്കും
പയ്യാവൂരുകാരൻ കൊച്ചുതോമാച്ചൻ അച്ചൻ
അച്ചന്റെ പുഞ്ചിരി ഓർമ്മയിൽ എപ്പോഴും
എൽഎയിൽ പള്ളിയിൽ വാഴണ കാലത്ത്
കപ്യാരു ഞാനായി സേവിച്ചത് ഓർമ്മയിൽ
ഒക്ടോബർ മാസം കൊന്തമാസം
സ്ഥാനാരോഹണ തിരുനാൾ പിതാവിന്റെ
ക്നാനായ മക്കളെ ഒത്തുചേരാം
കൈകൂപ്പി പ്രാർത്ഥിക്കാം ആ പുണ്യദിനത്തിൽ
ചിതറിക്കിടക്കുന്ന ക്നാനായ മക്കളെ
ഒറ്റ കുടക്കീഴിൽ കൊണ്ടുവരുവാനും
കൂട്ടത്തിൽ വൃദ്ധരെ കാത്തുസംരക്ഷിക്കാനും
ചേരാം നമ്മുടെ കൊച്ചുപിതാവിൻ തോളിൽ.



ജെയിംസ് ചെട്ടിയാത്ത്

# സക്കറിയയും വി.ജെ. ജെയിംസും വാഷിംഗ്ടൺ ലാന കൺവൻഷനിൽ മുഖ്യാതിഥികളായി പങ്കെടുക്കും

ജോസ് കാടാപുറം

വാഷിംഗ്ടൺ: അമേരിക്കൻ തലസ്ഥാന മേഖലയായ വാഷിംഗ്ടണിൽ ആദ്യമായി ലാന പ്രാദേശിക കൺവൻഷൻ 2026 സെപ്റ്റംബർ 25 മുതൽ 27 വരെ നടക്കുമ്പോൾ പ്രിയ സാഹിത്യ സ്നേഹികളെ ക്ഷണിക്കുന്നു. ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക(LANA)യുടെ പ്രാദേശിക കൺവൻഷൻ സെപ്റ്റംബർ 25 മുതൽ 27 വരെ വിർജീനിയയിലെ ലീസ്ബർഗിൽ നടക്കും. ലാനയുടെ മുപ്പത് വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് അമേരിക്കൻ തലസ്ഥാന മേഖലയെ വേദിയാക്കി ഒരു കൺവൻഷൻ സംഘടിപ്പിക്കുന്നത്.







നിലവിലെ ലാന പ്രസിഡണ്ട് സാമുവൽ യോഹന്നാന്റെയും സെക്രട്ടറി നിർമ്മല ജോസഫിന്റെയും നേതൃത്വത്തിലുള്ള കമ്മിറ്റി, കൺവൻഷന്റെ ചെയർമാനായി എഴുത്തുകാരനായ വേണുഗോപാലൻ കോക്കാടനെയും കൺവീനറായി ഷിനോ കുര്യനെയും നിയോഗിച്ചുകൊണ്ടുള്ള കൺവൻഷൻ കമ്മിറ്റി ഇതിനകം തന്നെ ഊർജ്ജസ്വലമായി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

മലയാള സാഹിത്യത്തിലെ പ്രമുഖ എഴുത്തുകാരനായ പോൾ സക്കറിയയും വി.ജെ. ജെയിംസും കൺവൻഷന്റെ മുഖ്യാതിഥികളായി പങ്കെടുക്കും. അവരുടെ സാന്നിധ്യവും വിവിധ സാഹിത്യ സംവാദങ്ങളും കൺവൻഷന് കൂടുതൽ ശ്രദ്ധേയമായ മാനം നൽകുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്.

അമേരിക്കൻ ഐക്യനാടുകളും കാനഡയും ഉൾപ്പെടുന്ന വടക്കേ അമേരിക്കയിൽ താമസിക്കുന്ന കേരളീയ വംശജരായ എഴുത്തുകാരെ ഒരുമിപ്പിക്കുന്ന ലാഭേച്ഛയില്ലാത്ത 501(c)(3) സംഘടനയാണ് Literary Association of North America (LANA). മലയാള സാഹിത്യത്തെ ആഗോളതലത്തിൽ കൂടുതൽ ശക്തമായി പരിചയപ്പെടുത്തുന്നതിനൊപ്പം മതനിരപേക്ഷ മൂല്യങ്ങൾ, ലിംഗസമത്വം, സ്വതന്ത്രചിന്ത, സംസ്കാരിക വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കുകയെന്നതാണ് സംഘടനയുടെ പ്രധാന ലക്ഷ്യം.

വിവിധ സാഹിത്യ-സാംസ്കാരിക പരിപാടികളാണ് കൺവൻഷനിൽ ഒരുക്കുന്നത്. സാഹിത്യചർച്ചകൾ, സെമിനാറുകൾ, കലാപരിപാടികൾ, സംവേദനാത്മക സദസ്സുകൾ തുടങ്ങി സാഹിത്യം കരുണയും സാമൂഹിക ഉത്തരവാദിത്വബോധവും വിവേകവും ഉള്ള വ്യക്തിത്വങ്ങളുടെ വളർച്ചയിൽ വഹിക്കുന്ന പങ്കിനെ ആസ്പദമാക്കിയുള്ള നിരവധി പരിപാടികൾ കൺവൻഷന്റെ ഭാഗമായി നടക്കും.

ഇത്തവണത്തെ കൺവൻഷനിൽ അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ രണ്ടാം തലമുറയിലെ യുവാക്കൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. മലയാളമോ ഇംഗ്ലീഷോ ഏതെങ്കിലും ഭാഷയിലായാലും വായനയിലേക്കും എഴുത്തിലേക്കും യുവതലമുറയെ കൂടുതൽ സജീവമായി ആകർഷിക്കുകയാണ് ലക്ഷ്യം. യുവാക്കളെ സാഹിത്യവുമായി കൂടുതൽ അടുപ്പിക്കുന്നതിനായി പ്രശസ്ത എഴുത്തുകാരി അനിത നഹാലിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് സാഹിത്യ ശിൽപ്പശാലയും സംഘടിപ്പിക്കും.

മലയാള സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും പുതിയ തലമുറയിലേക്കുള്ള സഞ്ചാരത്തിന് പുതുവഴികൾ തുറക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന കൺവൻഷനിലേക്ക് എല്ലാവരെയും ലാന സ്വാഗതം ചെയ്യുന്നു. വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ സജീവ പങ്കാളിത്തത്തോടെ കൺവൻഷൻ വിജയകരവും ശ്രദ്ധേയവുമായ ഒരു സാഹിത്യ-സാംസ്കാരിക സംഗമമാക്കി മാറ്റാനുള്ള ഒരുക്കത്തിലാണ് സംഘാടകർ.

ലീസ്ബർഗിലെ Silk Hospitality LLC Conference Hall (George Mannikkarottu Nagar), 1500 E. Market Street, Leesburg, VA 20176 ആണ് കൺവൻഷന്റെ വേദിയായി തെരഞ്ഞെടുത്തിരിക്കുന്നത്.

കൺവൻഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും കൺവൻഷൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ബന്ധപ്പെടുക:

വേണുഗോപാലൻ കോക്കാടൻ: +1 850-339-7104

ഷിനോ കുര്യൻ: +1 540-692-2300

സാമുവൽ യോഹന്നാൻ: +1 214-435-0124

നിർമ്മല ജോസഫ്: +1 347-204-0062

# ബെൻസൻവിൽ സേക്രഡ് ഹാർട്ട് ഇടവകയിലെ മിഷിഗൺ ട്രിപ്പ് വിജയകരമായി

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ സേക്രഡ് ഹാർട്ട് ഇടവകയിൽനിന്നും മിഷിഗണിലേക്ക് നടത്തിയ വൺഡേ ട്രിപ്പ് ഇടവകജനങ്ങളുടെ നിറഞ്ഞ പങ്കാളിത്തം കൊണ്ട് വിജയകരമായി. ഇക്കഴിഞ്ഞ ഓഗസ്റ്റ് 29-ന് ശനിയാഴ്ചയാണ് ഈ ട്രിപ്പ് സംഘടിപ്പിച്ചത്. ജോബി ഓളിയിൽ, സജി എറപുറം, പ്രിയ സനൽ തേക്കനാട്ട്, റ്റോണി പുല്ലാപ്പള്ളിൽ, സുനിൽ ചക്കാലയ്ക്കൽ എന്നിവരുടെ നേതൃത്വത്തിലാണ് ട്രിപ്പ് സംഘടിപ്പിച്ചത്.

രണ്ട് വാഹനങ്ങളിലായി 91 ഇടവകാംഗങ്ങൾ ട്രിപ്പിൽ പങ്കെടുത്തു. മിഷിഗൺ ലേയ്ക്കിലെ രണ്ട് മണിക്കൂർ നീണ്ട ക്രൂയിസ് ആയിരുന്നു ഈ ട്രിപ്പിന്റെ മുഖ്യആകർണമായിരുന്നത്. ഫാ. തോമസ് മുളവനാൽ, ഫാ. ഏബ്രഹാം കളരിക്കൽ, സിസ്റ്റർ ബെറ്റ്സി എസ്ജെസി, സിസ്റ്റർ ലിബി എസ്ജെസി എന്നിവരുടെ സാന്നിദ്ധ്യം ഈ ട്രിപ്പിന് ആത്മനിറവേകി.

ഇടവകാംഗങ്ങളുടെ സ്നേഹവും സൗഹൃദവും കൂട്ടായ്മയും വർദ്ധിപ്പിക്കാൻ ഇത്തരം ട്രിപ്പുകൾക്ക് കഴിയുമെന്നും പങ്കെടുത്ത ഏവരെയും അഭിനന്ദിക്കുന്നതായും വികാരി ഫാ. ഏബ്രഹാം കളരിക്കൽ അറിയിച്ചു.



CW Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253
Mullappallil Law Group

Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ഫൊക്കാന സാഹിത്യ കമ്മിറ്റി പുതിയ അംഗങ്ങളെ തെരഞ്ഞെടുത്തു

ജിജി ടോം

**ഫൊക്കാന സാഹിത്യ കമ്മിറ്റിയുടെ ചെയർമാനായി ബെന്നി നെച്ചൂർ, വൈസ് ചെയർമാനായി മുരളി ജെ. നായർ, കോ–ഓർഡിനേറ്റർമാരായി സോണി അമ്പൂക്കൻ, ഗീത ജോർജ്, ജോർജ് നടവയൽ, ബിജു ജോർജ് എന്നിവരെ തെരഞ്ഞെടുത്തു.**

മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഫൊക്കാന സാഹിത്യ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണെന്നും നിശ്ചിത ലക്ഷ്യങ്ങൾ കൃത്യമായി പൂർത്തീകരിക്കാൻ ഈ കമ്മിറ്റിക്ക് പൂർണ്ണമായ രണ്ടു വർഷത്തെ സമയം നല്കുമെന്നും ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രചാരണവും വളർച്ചയും ഫൊക്കാന രൂപീകരണ കാലംമുതൽ തങ്ങളുടെ ലക്ഷ്യങ്ങളിലൊന്നായി മുൻനിർത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 'ഭാഷയ്ക്കൊരു ഡോളർ' പദ്ധതി, കേരള കൺവൻഷനിൽ മലയാള സാഹിത്യത്തിന് പ്രത്യേക വേദി, കേരളത്തിലെയും അമേരിക്കയിലെയും എഴുത്തുകാരെ ആദരിക്കൽ, സാഹിത്യ അവാർഡുകൾ നല്കൽ, സാഹിത്യ സെമിനാറുകൾ, പ്രമുഖ മലയാള സാഹിത്യകാരന്മാരെ ഫൊക്കാന കൺവൻഷനിലേക്ക് ക്ഷണിച്ചുവരുത്തി പങ്കെടുപ്പിക്കൽ തുടങ്ങി നിരവധി ശ്രദ്ധേയങ്ങളായ പ്രവർത്തനങ്ങളാണ് സാഹിത്യ രംഗത്ത് ഫൊക്കാന ഇതിനോടകം കാഴ്ചവെച്ചിട്ടുള്ളത്. മലയാളത്തിലെ പ്രമുഖ സാഹിത്യ ഗുരുക്കളായിരുന്ന തകഴി, എംടി, ഒഎൻവി, സുഗതകുമാരി തുടങ്ങിയവരെ ഫൊക്കാനയിൽ ക്ഷണിച്ചുവരുത്തി ആദരിച്ച ചരിത്രമാണുള്ളത്.

പ്രവാസി സാഹിത്യ പ്രോത്സാഹനവും ഭാഷാസേവനവും തങ്ങളുടെ ലക്ഷ്യങ്ങളിലൊന്നാണെന്ന് ഫൊക്കാന നേതൃത്വം വ്യക്തമാക്കി. പ്രാസി മലയാളി എഴുത്തുകാരെയും അവരുടെ കൃതികളെയും അർഹമായ രീതിയിൽ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ആവശ്യപ്പെട്ട് പ്രമുഖ വായനക്കാരൻ കൂടിയായ മുഖ്യമന്ത്രി വി.ഡി. സതീശൻ, കേരള സാംസ്കാരിക വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് എന്നിവരെ തന്റെ അടുത്ത കേരളയാത്രയിൽ നേരിൽ കണ്ട് നിവേദനം നല്കി ഈ ആവശ്യം നടത്തിച്ചെടുക്കുവാൻ വേണ്ടത് ചെയ്യുമെന്നും ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

**സോണി അമ്പൂക്കൻ–അഡ്വൈസർ:** സംഘടനാ രംഗത്തും ടെക്നോളജി രംഗത്തും ശ്രദ്ധേയ നേട്ടങ്ങൾ കൈവരിച്ച സോണി അമ്പൂക്കൻ ലോക കേരള സഭയിലെ അംഗം കൂടിയാണ്. കേരള അസോസിയേഷൻ ഓഫ് കണക്ടിക്കട്ടിന്റെ (കെഎസിടി) പ്രവർത്തകനാണ്. ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി അംഗവും അഡീഷണൽ അസോസിയേറ്റ് ട്രഷററുമായിരുന്നു.

ഫൊക്കാന മലയാളം അക്കാദമി കമ്മിറ്റി അംഗവും അക്ഷര ജാല പരിപാടിയുടെ കോ-ഓർഡിനേറ്റർമാരിൽ ഒരാളുമായി പ്രവർത്തിച്ചു. ഏഷ്യാനെറ്റ് ന്യൂസുമായി സഹകരിച്ച് നടത്തിയ എന്റെ മലയാളം പദ്ധതിയുടെ പ്രചാരണത്തിൽ ഫൊക്കാനയെ ഒന്നാം സ്ഥാനത്തേക്ക് എത്തിച്ചതിന് സോണി അമ്പൂക്കന് മികച്ച ഏകോപനത്തിനുള്ള പുരസ്കാരം ലഭിച്ചിരുന്നു.

കേരള അസോസിയേഷൻ ഓഫ് കണക്ടിക്കട്ടിന്റെ 2018–2020 കാലയളവിലെ പ്രസിഡണ്ടായിരുന്ന അദ്ദേഹം ഇംഗ്ലീഷിലും മലയാളത്തിലും മികച്ച പ്രസംഗകൻ കൂടിയാണ്. ടോസ്റ്റ് മാസ്റ്റേഴ്സ് ഇന്റർനാഷണലിന്റെ ഡിസ്ട്രിക്ട് 51-ന്റെ ഗവർണർ പദവിയും ഹാർട്ട് ടോസ്റ്റ് മാസ്റ്റേഴ്സ് ഇന്റർനാഷണൽ ലൈഫ് സ്പീഡ് ക്ലബ് പ്രസിഡണ്ടായും സോണി അമ്പൂക്കൻ പ്രവർത്തിച്ചു.

തൃശൂരിലെ പ്രശസ്തമായ അമ്പൂക്കൻ കുടുംബാംഗമായ സോണി മാളക്കടുത്ത് പുത്തൻചിറ സ്വദേശിയാണ്. തൃശൂർ എഞ്ചിനീയറിംഗ് കോളജിൽ നിന്ന് ബി.ടെക് ബിരുദം നേടിയ സോണി എൻ.ഐ.ടി സൂറത്തിൽ നിന്നും എം.ടെക് നേടി. അമേരിക്കയിലെ വിവിധ നഗരങ്ങളിൽ ഐടി മാനേജ്മെന്റ്-ലീഡർഷിപ്പ് തലങ്ങളിൽ ദീർഘകാലമായി തിളങ്ങിവരുന്ന മികച്ച ഐടി പ്രൊഫഷണൽ ആണ്. 2008 മുതൽ കണക്ടിക്കട്ടിൽ സ്ഥിരതാമസമാക്കി. ഇതിനിടെ യൂണിവേഴ്സിറ്റി ഓഫ് ഹാർട്ട്ഫോഡിൽ നിന്ന് എം.ബി.എ, എംഐടി സ്ളോൺ മാനേജ്മെന്റിൽ നിന്ന് എക്സിക്യൂട്ടീവ് എഡ്യൂക്കേഷൻ എന്നീ ബിരുദങ്ങളും കരസ്ഥമാക്കി. വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച സോണി അമ്പൂക്കൻ ഫൊക്കാനയുടെ സാഹിത്യ കമ്മിറ്റിക്ക് മുതൽക്കൂട്ടാണെന്ന് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

**ഗീത ജോർജ്–കോ–ഓർഡിനേറ്റർ:** മുൻനിര അമേരിക്കൻ സാങ്കേതിക വിദ്യാ കമ്പനിയായ എച്ച്.പി.ഇയിൽ കാലിഫോർണിയ പ്രിൻസിപ്പൽ ഹാർഡ്വെയർ എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്ന ഗീത ജോർജ് അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിൽ വേറിട്ട സാന്നിദ്ധ്യമാകുന്നു. തിരുവനന്തപുരം കോളജ് ഓഫ് എൻജിനീയറിംഗിൽ (സിഇടി) നിന്ന് ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്യൂണിക്കേഷനിൽ എഞ്ചിനീയറിംഗ് ബിരുദം നേടിയ ഗീത, കംപ്യൂട്ടർ സാങ്കേതികവിദ്യാ രംഗത്ത് സ്വന്തമായ നാല് യുഎസ് പേറ്റന്റുകളുള്ള അപൂർവം ചില മലയാളികളിൽ ഒരാളാണ്. കാലിഫോർണിയ ലിറ്റററി അസോസിയേഷൻ ഓഫ് മലയാളീസ് (കാലം) സെക്രട്ടറി, ഫൊക്കാന 2000 കൺവൻഷൻ ഡയറക്ടർ, ഫൊക്കാന സാഹിത്യ സമ്മേളനം കോ-ഓർഡിനേറ്റർ, റീജിയണൽ വൈസ് പ്രസിഡണ്ട് (2015–18), നാഷണൽ കമ്മിറ്റി അംഗം തുടങ്ങി സംഘടനാ പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. 2026–28-ലെ റീജിയണൽ വൈസ് പ്രസിഡണ്ടാണ്.

വടക്കെ അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനയായ മങ്കയുടെ മുൻ പ്രസിഡണ്ടായ ഗീത, നിലവിൽ കാലിഫോർണിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചാരിറ്റബിൾ സംഘടനയായ വനിതയുടെ ചെയർപേഴ്സണായി പ്രവർത്തിച്ചുവരുന്നു. സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ മികച്ച സേവനങ്ങളെ മുൻനിർത്തി കേന്ദ്ര ഗവൺമെന്റിന്റെ പ്രവാസി ഭാരതി അവാർഡ്, അസോസിയേഷൻ ഓഫ് ഇന്തോ-അമേരിക്കൻ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. മലയാളത്തിൽ പുറത്തിറങ്ങിയിട്ടുള്ള മിക്ക സാഹിത്യ കൃതികളും വായിച്ചിട്ടുള്ള ഗീത മികച്ചൊരു സാഹിത്യ നിരൂപക കൂടിയാണ്.

**ജോർജ് നടവയൽ–കോ–ഓർഡിനേറ്റർ:** സാമൂഹിക പ്രവർത്തനം, സംഘടനാപ്രവർത്തനം, അദ്ധ്യാപനം, ഗ്രാമീണ ബാങ്കിംഗ്, സഹകരണ പ്രസ്ഥാനം, ഗ്രന്ഥശാല, നാടകകല, പത്രപ്രവർത്തനം, നേഴ്സിംഗ് സേവനവും ഇൻസ്പെക്ഷനും എന്നീ രംഗങ്ങളിലും കവിതകൾ, കഥകൾ, ഗാനങ്ങൾ, തിരനോവൽ, ലഘുനാടകങ്ങൾ, ലേഖനങ്ങൾ എന്നീ രചനാ രംഗങ്ങളിലും വ്യാപൃതൻ.

കേരള പബ്ലിക് സർവീസ് കമ്മീഷനിൽ മുൻ സെക്ഷൻ ഓഫീസറായിരുന്നു. നടവയൽ സെ. തോമസ് സ്കൂളിലും റിയാദിലെ ഇന്ത്യൻ എംബസ്സി സ്കൂളിലും, ഫിലാഡൽഫിയാ സ്കൂൾ ഡിസ്ട്രിക്ടിലും മുൻ അദ്ധ്യാപകൻ, ഇന്ത്യൻ എയർഫോഴ്സിൽ എഡ്യൂക്കേഷണൽ ഇൻസ്ട്രക്ടർ ട്രെയ്നി, വയനാട് ലൈബ്രറി ആൻഡ് ലിറ്ററി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും മുൻ ഡയറക്ടർ. ഫിലിപ്പോസ് ഫിലിപ്പ് പ്രസിഡണ്ടായ ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി അംഗം, ഫൊക്കാനയിൽ സ്പോക്സ് പേഴ്സണായിരുന്നിട്ടുണ്ട്. മാധവൻ നായർ നേതൃത്വം നല്കുന്ന നാമത്തിൽ അംഗം, ലാന മുൻ വൈസ് പ്രസിഡണ്ട്, മനീഷി ഡ്രാമ സ്കൂൾ ഡയറക്ടർ, പമ്പാ മുൻ ജനറൽ സെക്രട്ടറി, ട്രൈസ്റ്റേറ്റ് കേരളാ ഫോറം മുൻ ചെയർമാൻ, മാപ് മുൻ ജോയിന്റ് സെക്രട്ടറി, ഇന്ത്യാ പ്രസ്ക്ലബ് ഫിലാഡൽഫിയ ചാപ്റ്റർ മുൻ പ്രസിഡണ്ട്, പിയാനോ നേഴ്സിങ് ഓർഗനൈസേഷൻ മുൻ പ്രസിഡണ്ട്, ഓർമാ ഇന്റർനാഷണൽ മുൻ പ്രസിഡണ്ട്, കോമൺവെൽത്ത് ഓഫ് പെൻസിൽവേനിയയിൽ ഇൻസ്പെക്ഷൻ ഉദ്യോഗം. ജീവശാസ്ത്രം, വിദ്യാഭ്യാസ ശാസ്ത്രം, നേഴ്സിങ് എന്നിവയിൽ ബിരുദങ്ങൾ, സാമൂഹികശാസ്ത്രത്തിലും വിദ്യാഭ്യാസ ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം.

കുറവിലങ്ങാട് ജന്മദേശം. കുറവിലങ്ങാട് സെ. മേരീസ് ബോയ്സ് സ്കൂൾ, നടവയൽ സെ. തോമസ് ഹൈസ്കൂൾ, കുറവിലങ്ങാട് ദേവമാതാ, സെന്റ് ജോസഫ് ട്രെയിനിംഗ് കോളജ് മാന്നാനം, ഇന്ത്യാ ഗവൺമെന്റ് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, ഗവൺമെന്റ് ലോ കോളജ് കോഴിക്കോട്, കാലിക്കട്ട് യൂണിവേഴ്സിറ്റി, ഗ്രാന്റ് കാന്യൻ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

**ബിജു ജോർജ്–കോ–ഓർഡിനേറ്റർ:** ഇലക്ട്രിക്കൽ എൻജിനീയർ, റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രമുഖൻ, സിനിമാ നിർമ്മാതാവ്, പ്രവാസി സംഘാടകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ് ബിജു ജോർജ്. സാങ്കേതികവിദ്യ, കല, സാഹിത്യം, സംസ്കാരം എന്നിവയിൽ ദീർഘകാലത്തെ പ്രവർത്തന പാരമ്പര്യമുള്ള വ്യക്തിയാണ് അദ്ദേഹം. ഇന്ത്യയിലും മിഡിൽ ഈസ്റ്റിലും ഔദ്യോഗിക ജീവിതം ആരംഭിച്ച ബിജു ജോർജ് 1998-ലാണ് കാനഡയിലേക്ക് കുടിയേറുന്നത്. തുടർന്ന് അവിടുത്തെ സെമികണ്ടക്ടർ മേഖലയിൽ പ്രൊഫഷണലായി തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു.

സാഹിത്യത്തെയും സിനിമയെയും നെഞ്ചേറ്റുന്ന അദ്ദേഹം വിവിധ പത്രമാധ്യമങ്ങളിൽ സാഹിത്യ നിരൂപണങ്ങൾ എഴുതിയിട്ടുണ്ട്. ഫീച്ചർ ഫിലിമുകളുടെയും ഡോക്യുമെന്ററികളുടെയും നിർമ്മാണ പങ്കാളിയായ അദ്ദേഹം 'കാൻ ഈസ്റ്റ് ഫിലിംസ്' എന്ന നിർമ്മാണ കമ്പനിയുടെ സ്ഥാപകൻ കൂടിയാണ്. പരിസ്ഥിതി ബോധവത്കരണത്തിനുള്ള ഇന്ത്യൻ രാഷ്ട്രപതിയുടെ ദേശീയ പുരസ്കാരം നേടിയ 'വലിയ ചിറകുള്ള പക്ഷികൾ', ജനപ്രീതി നേടിയ 'ടു കൺട്രീസ്' എന്നീ ചിത്രങ്ങളുടെ ലൈൻ പ്രൊഡ്യൂസറായി പ്രവർത്തിച്ചിട്ടുണ്ട്.

കനേഡിയൻ മലയാളി സമൂഹത്തിനിടയിൽ മികച്ച സംഘാടകൻ കൂടിയായ ബിജു ജോർജ് ഇന്ത്യ-കാനഡ അസോസിയേഷൻ പ്രസിഡണ്ട്, ഇൻഡോ-കനേഡിയൻ കമ്യൂണിറ്റി സെന്റർ പ്രസിഡണ്ട്, ഡയറക്ടർ എന്നീ നിലകളിൽ നേതൃപാടവം തെളിയിച്ചിട്ടുണ്ട്. 2018-ൽ കാനഡയുടെ നാഷണൽ ക്യാപിറ്റൽ റീജിയണിൽ ഭാരതീയ പൈതൃകം, ശാസ്ത്രീയ കലകൾ, സാഹിത്യം, സിനിമ, ബഹുസ്വര സംസ്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻഡോ-കനേഡിയൻ കൗൺസിൽ ഫോർ ആർട്ട് ആൻഡ് കൾച്ചർ എന്ന പ്രസ്ഥാനത്തിന് അദ്ദേഹം രൂപം നല്കി.

കാനഡ പാർലമെന്റിൽ ഔദ്യോഗികമായി സംഘടിപ്പിക്കുന്ന ദീപാവലി, ഓണം ആഘോഷങ്ങളുടെ പ്രധാന സംഘാടകരിൽ ഒരാളായ അദ്ദേഹം കാനഡയിലുടനീളമുള്ള സാംസ്കാരിക-സാമൂഹിക പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമായി തുടരുന്നു.

**ബെന്നി നെച്ചൂർ–ചെയർമാൻ:** ചെയർമാനായി നിയമിക്കപ്പെട്ട ബെന്നി നെച്ചൂർ, അമേരിക്കൻ മലയാളി സമൂഹത്തിലെ ശ്രദ്ധേയനായ എഴുത്തുകാരനും എഡിറ്ററുമാണ്. 2018-ൽ ഫൊക്കാന സാഹിത്യ അവാർഡ് കമ്മിറ്റി ചെയർമാനായി മികച്ച രീതിയിൽ പ്രവർത്തിച്ച അദ്ദേഹത്തിന്റെ മികവ് മുൻനിർത്തി 2022, 2024 വർഷങ്ങളിലും അതേ ചുമതലയിൽ തുടരാൻ ഫൊക്കാന നേതൃത്വം അദ്ദേഹത്തോട് ആവശ്യപ്പെടുകയായിരുന്നു.

ഫൊക്കാനയുടെ വിവിധ സുവനീറുകളിൽ പ്രസിദ്ധീകരിച്ച പ്രഗത്ഭരായ എഴുത്തുകാരുടെ കൃതികൾ ഏകോപിപ്പിച്ച് അദ്ദേഹം എഡിറ്റ് ചെയ്ത 'കൈരളി സപര്യ' എന്ന ഗ്രന്ഥം 2018-ലെ ഫിലാഡൽഫിയ കൺവൻഷനിൽ പ്രകാശനം ചെയ്തിരുന്നു. കൂടാതെ നിരവധി ഫൊക്കാന സുവനീറുകളുടെയും മറ്റ് സാഹിത്യ-സാംസ്കാരിക പ്രസിദ്ധീകരണങ്ങളുടെയും എഡിറ്ററായും അദ്ദേഹം സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്.

വടക്കേ അമേരിക്കൻ മലയാളി ജീവിതത്തിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ 65 ചെറുകഥകളുടെ ആന്തോളജിയായ 'അമേരിക്കൻ കഥാക്കൂട്ടം' മൂന്ന് നാടകങ്ങൾ ഉൾപ്പെടുത്തിയ 'പുല്ലാന്തറയാറിലെ രംഗമഞ്ചങ്ങൾ' അനുഭവക്കുറിപ്പുകളുടെ സമാഹാരമായ 'പുല്ലാന്തറയാറിലെ ചുഴികൾ' എന്നിവയാണ് ബെന്നി പ്രസിദ്ധീകരിച്ച പ്രധാന പുസ്തകങ്ങൾ. അദ്ദേഹത്തിന്റെ അഞ്ച് കഥകൾ അടങ്ങിയ പുതിയ കഥാസമാഹാരം സെപ്റ്റംബർ മൂന്നാം വാരത്തോടെ പുറത്തിറങ്ങും.

ഇന്ത്യയിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദവും അമേരിക്കയിൽ നിന്ന് കംപ്യൂട്ടർ സയൻസിൽ മാസ്റ്റർ ബിരുദവും നേടിയ ബെന്നി, കേരള എഞ്ചിനീയറിംഗ് ഗ്രാജുവേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (KE-AN) സ്ഥാപക നേതാക്കളിലൊരാളും പ്രഥമ പ്രസിഡണ്ടുമാണ്. ഐടി മേഖലയിൽ പ്രവർത്തിക്കുന്നു.


സോണി അമ്പൂക്കൻ


ഗീത ജോർജ്


ജോർജ് നടവയൽ


ബിജു ജോർജ്


ബെന്നി നെച്ചൂർ


മുരളി ജെ. നായർ

(ശേഷം 28-ാം പേജിൽ)

# ലിംക ഓണാഘോഷം പ്രൗഢഗംഭീരമായി നടത്തി

മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: ലോങ് ഐലൻഡിൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി പ്രവർത്തിക്കുന്ന അമേരിക്കൻ മലയാളികളുടെ സംഘടനയായ ലോങ് ഐലൻഡ് മലയാളി കൾച്ചറൽ അസോസിയേഷൻ (ലിംക) ഈ വർഷത്തെ ഓണാഘോഷം പ്രൗഢഗംഭീരമായി നടത്തി. മെറിക് ലോങ് ഐലൻഡ് മാർത്തോമ്മാ പള്ളി ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട ഓണാഘോഷത്തിൽ സമൂഹത്തിലെ പ്രമുഖരായ ധാരാളംപേർ പങ്കെടുത്തു. ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ ലിംകാ പ്രസിഡണ്ട് ലാലി കളപ്പുരയ്ക്കലും സെക്രട്ടറി തോമസ് ടി. ഉമ്മനും ട്രഷറർ ജയചന്ദ്രൻ രാമകൃഷ്ണനും മറ്റ് കമ്മിറ്റി അംഗങ്ങളും ചേർന്ന് മാവേലിത്തമ്പുരാനെ ഓഡിറ്റോറിയത്തിന്റെ ഉള്ളിലേക്ക് എഴുന്നള്ളിച്ച്



ആനയിച്ചപ്പോൾ അമേരിക്കൻ മണ്ണിൽ മലയാളത്തനിമയുടെ പ്രതിഫലനം നിറഞ്ഞാടി. കേരള പൈതൃകം നിലനിർത്തി സെറ്റ്മുണ്ടും ധരിച്ച് കൈകളിൽ താലത്തിൽ പൂക്കൾ നിറച്ച് താലപ്പൊലിയുമേന്തി മലയാളിമങ്കമാർ അണിനിരന്ന് വേദിയിലേക്ക് പ്രവേശിച്ചപ്പോൾ സ്വന്തം ജന്മനാട്ടിലെ ഗൃഹാതുരത്വം പങ്കെടുത്ത ഏവർക്കും അനുഭവപ്പെട്ടു.

ഇരുപത്തിയെട്ടുകൂട്ടം വിഭവങ്ങളോടെയുള്ള വിഭവ സമൃദ്ധമായ ഓണസദ്യയ്ക്കു ശേഷം പൊതുപരിപാടിയും കലാപരിപാടികളും അരങ്ങേറി. താലപ്പൊലിയും ചേണ്ടമേളവുമായി മാവേലിത്തമ്പുരാനൊപ്പം ലിംകാ ഭാരവാഹികളും കമ്മിറ്റി അംഗങ്ങളും ഓഡിറ്റോറിയത്തിനുള്ളിൽ പ്രവേശിച്ച് സ്റ്റേജിലേക്ക് കയറിനിന്നപ്പോൾ ലിംകാ എന്ന് അറിയപ്പെടുന്ന ലോങ് ഐലൻഡ് മലയാളി കൾച്ചറൽ അസോസിയേഷന്റെ പ്രൗഢിയാണ് വിളിച്ചോതിയത്. ലിംകാ പ്രസിഡണ്ട് ലാലിയും സെക്രട്ടറി തോമസ് ടി. ഉമ്മനും ട്രഷറർ ജയചന്ദ്രനും മറ്റ് കമ്മിറ്റി അംഗങ്ങളും മാവേലിയും മുഖ്യാതിഥി പ്രമുഖ നെഫ്രോളജിസ്റ്റ് ഡോ. മധു ഭാസ്കരനും ഫോമാ ജനറൽ സെക്രട്ടി പോൾ പി. ജോസും ഫൊക്കാന അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി അജു ഉമ്മനും എല്ലാം ചേർന്ന് ഭദ്രദീപം കൊളുത്തി പൊതുസമ്മേളനത്തിനും കലാപരിപാടികൾക്കും തുടക്കം കുറിച്ചു. മുഖ്യാതിഥി ഡോ. മധു ഭാസ്കരൻ മലയാളികളുടെ ഓണാഘോഷത്തെക്കുറിച്ചും മലയാളികളുടെ സാഹോദര്യ കൂട്ടായ്മകളെക്കുറിച്ചുമുള്ള മനോഹര ഓണസന്ദേശം കാണികളുമായി പങ്കുവെച്ചു. ഓണാഘോഷങ്ങളുടെ പ്രാരംഭപ്രാർത്ഥന ലോങ് ഐലൻഡ് മാർത്തോമ്മാ പള്ളി വികാരി റവ. ജോസി ജോസഫ് നിർവഹിച്ചു. ഫോമാ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പോൾ പി. ജോസിനെയും ഫൊക്കാന അഡീഷണൽ അസോസിയേറ്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അജു ഉമ്മനെയും ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. പരിപാടികളുടെ മുഖ്യസ്പോൺസറായ ജോയ്ഫുൾ ഹോംകെയർ സ്ഥാപന ഉടമ ജോയി മേക്കാട്ടിലിനെയും ചടങ്ങിൽ ആദരിച്ചു.

ലിംകയുടെ ഓണാഘോഷത്തിൽ എല്ലാവരുടെയും സഹകരണം ലഭിച്ചതിലും ഇത്രയധികം പേർ ഞങ്ങളുടെ ഈ ആഘോഷത്തിൽ പങ്കുചേർന്നതിലും അതിയായ സന്തോഷമുണ്ട്. ഈ സംഘടനയുടെ തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു: ഓണാഘോഷത്തിന്റെ വിജയത്തിൽ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് ലിംക പ്രസിഡണ്ട് ലാലി കളപ്പുരയ്ക്കൽ പ്രസ്താവിച്ചു.

കഴിഞ്ഞ മുപ്പതിലധികം വർഷങ്ങളായി ലോങ് ഐലൻഡിൽ പ്രവർത്തിക്കുന്ന ലിംകാ എന്ന ഈ സംഘടന സമൂഹത്തിൽ വളരെയധികം ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മലയാളി സമൂഹത്തിന് പ്രയോജനകരമായ ധാരാളം കാര്യങ്ങൾ ലിംക ചെയ്തിട്ടുണ്ട്. ഇന്നത്തെ ഓണാഘോഷത്തിൽ സമൂഹത്തിലെ ഇത്രയും ആളുകൾ പങ്കെടുത്തത് അതിനു തെളിവാണ്. ലിംക ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ സമൂഹത്തിൽ ചെയ്യുവാൻ തയ്യാറാണ്: ലിംക സെക്രട്ടറി തോമസ് ടി. ഉമ്മൻ പറഞ്ഞു.

ഓണാഘോഷങ്ങളുടെ ക്രമീകരണങ്ങൾക്കും വിജയത്തിനുമായി മറ്റു ചുമതലക്കാരായ വൈസ് പ്രസിഡണ്ട് ജോസ് തോമസ്, ജോയിന്റ് സെക്രട്ടറി ജെസ്സി കാനാട്ട്, ജോയിന്റ് ട്രഷറർ ചെറിയാൻ പാലത്തറ എന്നിവരും കമ്മിറ്റി അംഗങ്ങളായ ബോബൻ തോട്ടം, ഈപ്പൻ കോട്ടുപള്ളി, പോൾ കൂള, ജെയിംസ് മാത്യു, ബേബി ഊരാളിൽ, ജോജോ തോമസ്, ജോസുകുട്ടി ജോസഫ്, തങ്കമ്മ ജോസഫ്, അജു ഉമ്മൻ, സിജു പുതുശ്ശേരി എന്നിവരും നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.





















# 9/11 ദുരന്തമുഖത്തെ എന്റെ ഓർമ്മകൾ; കാൽ നൂറ്റാണ്ടിനിപ്പുറവും ഉത്തരം കിട്ടാത്ത ഒരു ചോദ്യം

സണ്ണി മാളിയേക്കൽ

ന്യൂയോർക്ക്: 2001 സെപ്റ്റംബർ 11. ലോകചരിത്രത്തെ തന്നെ മാറ്റിമറിച്ച ഭീകരാക്രമണം നടന്ന ദിവസം. ഞാൻ ജോലി ചെയ്തിരുന്നത് വേൾഡ് ട്രേഡ് സെന്ററിന് തൊട്ടു മുന്നിലുള്ള 101 ലിബർട്ടി സ്ട്രീറ്റിലെ മൂന്നുനില ബർഗർ കിംഗ് കെട്ടിടത്തിലായിരുന്നു.




വേൾഡ് ട്രേഡ് സെന്ററിലെ വൻ കെട്ടിടങ്ങൾ തകർന്നു വീണപ്പോൾ സമീപത്തുണ്ടായിരുന്ന ഈ ചെറിയ കെട്ടിടം വലിയ നാശനഷ്ടങ്ങളിൽ നിന്ന് രക്ഷപ്പെട്ടു. എന്നാൽ, തുടർന്നുള്ള ദിവസങ്ങളിൽ ആ ബർഗർ കിംഗ് കെട്ടിടവും 9/11 ദുരന്തചരിത്രത്തിന്റെ ഭാഗമാവുകയായിരുന്നു.

ആക്രമണത്തിനു പിന്നാലെ സുരക്ഷാസേന പ്രദേശത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു. പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും പ്രവേശനമില്ലാത്ത അതീവ സുരക്ഷാ മേഖലയായി വേൾഡ് ട്രേഡ് സെന്ററിനു ചുറ്റുമുള്ള പ്രദേശം മാറി. തുടർന്നുള്ള ദിവസങ്ങളിൽ വളണ്ടിയർമാരുടെയും റെസ്ക്യൂ ടീമുകളുടെയും പ്രവർത്തന കേന്ദ്രമായും അവശിഷ്ടങ്ങളിൽ നിന്ന് ലഭിച്ച വസ്തുക്കൾ ശേഖരിക്കുന്ന കേന്ദ്രമായും ബർഗൻ കിംഗ് ഉപയോഗിക്കപ്പെട്ടു.

തകർന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് ഫയർ ഫൈറ്റേഴ്സ് കണ്ടെത്തിയ വാച്ചിന്റെ ക്ലിപ്പുകൾ, പല്ലുകൾ, കണ്ണടകൾ തുടങ്ങി ചെറിയവസ്തുക്കൾ പോലും കണ്ടെത്തിയ തീയതിയും സമയവും രേഖപ്പെടുത്തി അവിടെ സൂക്ഷിച്ചിരുന്നു. തിരിച്ചറിയാനായി ബന്ധുക്കൾ എത്തുന്നതും കാത്ത് അവ അവിടെ സൂക്ഷിച്ചുവെച്ചു.

ദുരന്തത്തിന്റെ പിറ്റേദിവസം വൈകുന്നേരം വീട്ടിലേക്ക് മടങ്ങുമ്പോൾ റെസ്റ്റോറന്റിലെ സെയിൽസ് വിവരങ്ങളും സിസിടിവി ദൃശ്യങ്ങളുമടങ്ങിയ ഹാർഡ് ഡ്രൈവ് സൂക്ഷിച്ചിരുന്ന ഒരു ബോക്സ് എന്റെ കൈയിലുണ്ടായിരുന്നു. മാധ്യമങ്ങളോട് സംസാരിക്കരുതെന്ന് സുരക്ഷാ അധികൃതർ കർശന നിർദ്ദേശം നല്കിയിരുന്നു.

മെയ്ഡൻ ലൈനിനോട് ചേർന്ന് എഫ്ഡിആർ ഹൈവേയ്ക്കു സമീപം മാധ്യമപ്രവർത്തകരും പൊതുജനങ്ങളും കാത്തുനിന്നിരുന്നു. കൈയിൽ ബോക്സുമായി നടന്നുവരുന്ന എന്നെ കണ്ടതോടെ സിഎൻഎൻ, ഫോക്സ്, എബിസി തുടങ്ങിയ മാധ്യമങ്ങളിലെ റിപ്പോർട്ടർമാർ ഓടിയെത്തി.



“ഇത് വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് ആണോ?” എന്നായിരുന്നു അവരുടെ ചോദ്യം.

എന്നാൽ, സുരക്ഷാ ഏജൻസികളുടെ നിർദ്ദേശമുണ്ടായിരുന്നതിനാൽ ഒന്നും പറയാതെ ഞാൻ മുന്നോട്ടു നടന്നു.

ഏകദേശം രണ്ടു മാസത്തിനുശേഷം എഫ്ബിഐ കോർഡിനേറ്റ് ചെയ്ത ഒരു യോഗത്തിൽ പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചു. ആന്ത്രാക്സ് ഭീതിയെ തുടർന്ന് മെയിലിലൂടെ വെളുത്ത പൊടി ലഭിക്കുന്ന സംഭവങ്ങൾ അമേരിക്കയിൽ വലിയ ആശങ്ക സൃഷ്ടിച്ചിരുന്ന കാലം കൂടിയായിരുന്നു അത്.

ഡൗൺടൗണിലെ ഓഫീസിലെ മീഡിയ റൂമിൽ ബ്ലാക്ക് ആൻഡ് വൈറ്റ് ദൃശ്യങ്ങൾ കാണിച്ചുകൊണ്ട് അവയിൽ നിന്ന് എന്തെങ്കിലും തിരിച്ചറിയാൻ കഴിയുമോ എന്ന് ഉദ്യോഗസ്ഥർ പരിശോധിച്ചു. പൊടിപടലങ്ങൾക്കിടയിലൂടെ ആളുകൾ ജീവൻ രക്ഷിക്കാൻ ഓടുമ്പോൾ ചിലർ വളരെ ശാന്തമായി വേൾഡ് ട്രേഡ് സെന്ററിലേക്ക് നോക്കി നിൽക്കുന്ന ദൃശ്യങ്ങളും അതിലുണ്ടായിരുന്നു. എന്നാൽ, ചിത്രങ്ങളുടെ നിലവാരം മോശമായതിനാൽ ആളുകളെ തിരിച്ചറിയാൻ കഴിഞ്ഞില്ല.

അപ്പോഴാണ് മറ്റൊരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത്.

ലിബർട്ടി സ്ട്രീറ്റിൽ കോഫിയും ന്യൂസ് പേപ്പറുകളും വിൽക്കുന്ന, സാധാരണയായി 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന സ്റ്റാൻഡ്-അലോൺ കിയോസ്ക്കുകൾ ആക്രമണം നടന്ന സമയത്ത് അടഞ്ഞുകിടക്കുകയായിരുന്നു.

24 മണിക്കൂറും തുറന്നിരിക്കേണ്ട ആ കടകൾ അന്ന് എന്തുകൊണ്ടാണ് അടഞ്ഞുകിടന്നതെന്ന സംശയം ഞാൻ എഫ്ബിഐ ഉദ്യോഗസ്ഥരോട് പങ്കുവെച്ചു. എന്നാൽ, അതിന് വ്യക്തമായൊരു മറുപടി എനിക്ക് ലഭിച്ചില്ല.

9/11 ദുരന്തത്തിന് കാൽ നൂറ്റാണ്ട് തികയുന്ന വേളയിലും വേൾഡ് ട്രേഡ് സെന്ററിനു തൊട്ടു മുന്നിൽ നിന്ന് നേരിട്ട് അനുഭവിക്കേണ്ടിവന്ന ആ ഭീതിജനകമായ നിമിഷങ്ങൾ മനസ്സിൽ മങ്ങാതെ നിൽക്കുന്നു. ഒപ്പം, അന്ന് ഉയർന്ന ഒരു ചോദ്യവും...24 മണിക്കൂറും പ്രവർത്തിച്ചിരുന്ന ആ കിയോസ്ക്കുകൾ എന്തുകൊണ്ടാണ് അന്ന് അടഞ്ഞുകിടന്നത്.

## എഐയ്ക്ക് ചെറിയ നിയന്ത്രണങ്ങളാകാമെന്ന് നിർമല സീതാരാമൻ

മുംബൈ: നിർമിതബുദ്ധി ഇരുതലമൂർച്ചയുള്ള വാളുപോലെയാണെന്ന് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ. തട്ടിപ്പുകൾ കണ്ടെത്താൻ ഇത് സഹായിക്കുന്നതുപോലെതന്നെ വിവരങ്ങളിലുള്ള നുഴഞ്ഞുകയറ്റത്തിനും ഇത് ഉപയോഗിക്കപ്പെടാം. നിലവിലെ സംവിധാനങ്ങളിൽ പുതിയ ഭീഷണികളുണ്ടാക്കാതെയാകണം സാങ്കേതികവിദ്യകളിലൂടെ പ്രവർത്തനശേഷി വിപുലീകരിക്കേണ്ടതെന്ന് മുംബൈയിൽ ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിന്റെ സമാപന സമ്മേളനത്തിൽ ധനമന്ത്രി പറഞ്ഞു.

നിർമിതബുദ്ധിയുമായി ബന്ധപ്പെട്ട വെല്ലുവിളികളിൽ എപ്പോഴും ജാഗ്രതയുണ്ടാകണം. ലാർജ് ലാംഗ്വേജ് മോഡലുകളും അതുയർത്തുന്ന സൈബർസുരക്ഷാ ഭീഷണിയും വലുതാണ്. ഈ സാങ്കേതികവിദ്യക്ക് സമൂഹത്തെ വലിയ അളവിൽ സ്വാധീനിക്കാനാകും. വേണമെങ്കിൽ ഇന്ത്യയിലെ തെരഞ്ഞെടുപ്പുഫലംവരെ മാറ്റിമറിക്കാൻ ഇവക്കുകഴിയും. നേരിട്ടുള്ള ഇടപെടലുകളിലൂടെയാകണമെന്നില്ല ഇത്. ജനങ്ങളറിയാതെതന്നെ അഭിപ്രായങ്ങളെ സ്വാധീനിക്കുകയാകും ചെയ്യുക. അതുകൊണ്ടുതന്നെ ഫിൻടെക് രംഗത്ത് സ്വയം നിയന്ത്രണ സംവിധാനമായി യൂണിഫൈഡ് ഫിൻടെക് ഫോറത്തിന് രൂപം നൽകിയതിൽ സന്തോഷമുണ്ടെന്നും ധനമന്ത്രി കൂട്ടിച്ചേർത്തു.

പുതിയ കണ്ടെത്തലുകളെ പിന്തുണയ്ക്കുന്നതിനൊപ്പം അപകടരഹിതമായി അത് നടപ്പാക്കുന്നതിനും സുരക്ഷാവെല്ലുവിളികൾ ഒഴിവാക്കുന്നതിനും ഇത്തരം നിയന്ത്രണങ്ങൾ നല്ലതാണ്. പുതിയ കണ്ടെത്തലുകളെ ബാധിക്കാത്ത രീതിയിൽ ചെറിയ രീതിയിലുള്ള നിയന്ത്രണങ്ങളാകാമെന്നത് റിസർവ് ബാങ്കുമായി ചർച്ചചെയ്തിരുന്നു. യൂണിഫൈഡ് ഫിൻടെക് ഫോറം ഫിൻടെക് മേഖലയിലെ മാറ്റങ്ങൾക്കിടയിൽ അനിവാര്യതയാണ്.

പുതിയ കണ്ടെത്തലുകളിലും സാമ്പത്തികവളർച്ചയിലും ഇന്ത്യയിലെ യുവജനതയ്ക്ക് നിർണായക പങ്കുവഹിക്കാനാകും. ഇന്ത്യയിലെ യുവാക്കൾ നാളേക്കായുള്ള കോഡുകൾ എഴുതിത്തുടങ്ങിക്കഴിഞ്ഞു. സുസ്ഥിരമായ സംരംഭങ്ങൾ തയ്യാറാക്കുകയാണ് അവർ. ഇന്ത്യയിലെ ജനസംഖ്യയുടെ കരുത്ത് സക്രിയമാണെന്നും അത് തടയാനാകാത്ത യാഥാർത്ഥ്യമാണെന്നും ഇതുവഴി അവർ തെളിയിക്കുന്നതായും മന്ത്രി കൂട്ടിച്ചേർത്തു.

ഇത്തവണ 8,000 സ്ഥാപനങ്ങളാണ് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ പ്രതിനിധീകരിച്ചത്. ഇതിൽ ഫിൻടെക് കമ്പനികൾക്ക് 20 ശതമാനം പങ്കാളിത്തമുണ്ട്. സാമ്പത്തിക സ്ഥാപനങ്ങൾ 25 ശതമാനവും സാങ്കേതികവിദ്യയിലൂന്നിയുള്ളവയ്ക്ക് 43 ശതമാനവും പങ്കാളിത്തമുണ്ട്. സേവനപിന്തുണ നൽകുന്ന 12 ശതമാനം സ്ഥാപനങ്ങളും ഇത്തവണ മേളയുടെ ഭാഗമായി.

## ശബരിമല തീർത്ഥാടനം: മുന്നൊരുക്കങ്ങളിൽ അതൃപ്തി പ്രകടിപ്പിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: ശബരിമല തീർഥാടനത്തിനു മുന്നോടിയായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തേണ്ടുന്ന മുന്നൊരുക്ക പ്രവർത്തനങ്ങളിൽ അതൃപ്തി രേഖപ്പെടുത്തി മുഖ്യമന്ത്രി വി.ഡി. സതീശൻ. തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭക്തർക്കായി പമ്പയിലും നിലയ്ക്കലിലും മറ്റും ഒരുക്കേണ്ടുന്ന ഇടത്താവളങ്ങൾ അടക്കം ഭക്തർക്കും ഉദ്യോഗസ്ഥർക്കും ഒരുക്കേണ്ടുന്ന നിർമാണ പ്രവൃത്തി പൂർത്തിയാക്കാത്ത ദേവസ്വം മരാമത്തിന്റെ പ്രവർത്തനങ്ങളിലാണ് എതിർപ്പ് അറിയിച്ചത്.

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തിനു മുന്നോടിയായുള്ള അവലോകന യോഗത്തിലാണ് അടിസ്ഥാന സൗകര്യങ്ങൾ തീർഥാടനത്തിനു മുൻപുതന്നെ പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ മറ്റ് ഏജൻസികൾക്ക് ഇത്തരം ചുമതല കൈമാറുമെന്നു മുഖ്യമന്ത്രി ഓർമപ്പെടുത്തി.

ഇടത്താവള നിർമാണം വേഗത്തിൽ പൂർത്തിയാക്കണം. ടോയ്‌ലറ്റ് ശുചിത്വം, പരിസരശുചിത്വം, വെള്ളം തുടങ്ങിയവ ഉറപ്പാക്കണം. പാർക്കിംഗ് ഗ്രൗണ്ട് കാടുമൂടി കിടക്കുന്ന അവസ്ഥ ഉണ്ടാകരുത്. പോലീസ്, ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർക്ക് ശബരിമലയിൽ തങ്ങാനാവശ്യമായ സൗകര്യങ്ങൾ ദേവസ്വം ബോർഡ് ഉറപ്പാക്കണം. ഭക്തർക്ക് അപകടമുണ്ടാക്കുന്ന രീതിയിൽ പോലീസ് ബാരിക്കേഡുകൾ സ്ഥാപിക്കരുതെന്നും മുഖ്യമന്ത്രി നിർദേശം നൽകി.

ശബരിമല തീർഥാടനം തുടങ്ങിയ ശേഷവും മുന്നൊരുക്ക പ്രവൃത്തികൾ തുടരുന്ന സാഹചര്യം ഇത്തവണ ഉണ്ടാകരുതെന്ന് മുഖ്യമന്ത്രി കർശന നിർദേശം നൽകി. ഭക്തർക്ക് ആവശ്യമായ സൗകര്യവും സുരക്ഷയും ഒരുക്കുന്നതിൽ ഒരു വീഴ്ചയും വരുത്തരുത്. സന്നിധാനത്ത് എല്ലാ വകുപ്പുകളുടെയും സംയുക്ത കൺട്രോൾ റൂം സ്ഥാപിക്കണം. പമ്പ, ശബരിമല, ഇടത്താവളം എന്നിവിടങ്ങളിൽ ശുചീകരണയജ്ഞം നടത്തണം. പമ്പയിൽ അടിഞ്ഞുകൂടുന്ന വസ്ത്രങ്ങൾ അപ്പപ്പോൾ നീക്കണം. പ്രസാദവിതരണത്തിന് ആവശ്യമായ സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മന്ത്രിമാരായ കെ. മുരളീധരൻ, കെ.എം. ഷാജി, പി.കെ. ബഷീർ, സി.പി. ജോൺ, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, ഡിജിപി റവാഡ ചന്ദ്രശേഖർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ എന്നിവർ പങ്കെടുത്തു.

## മാലിന്യ സംസ്കരണം: ശേഖരണരീതി മാറുന്നു

തിരുവനന്തപുരം: കേരളത്തിൽ വീടുകളിൽനിന്നുള്ള അജൈവമാലിന്യം ശേഖരിക്കുന്ന രീതിയിൽ സമഗ്രമാറ്റം വരുന്നു. സംസ്കരിച്ച് ഉപയോഗിക്കാവുന്നവയ്ക്കു പ്രതിഫലം നൽകാനാണ് ആലോചിക്കുന്നത്. വീട്ടുകാരെ മാലിന്യങ്ങൾ തരംതിരിക്കാൻ പ്രേരിപ്പിക്കാനും സംസ്കരണം സാധ്യമല്ലാത്ത ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ ഉപയോഗം കുറയ്ക്കാനും വേണ്ടിയാണ് പ്രതിഫലം നൽകുന്നതു പരിഗണിക്കുന്നത്. അതേസമയം, വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിതകർമസേന യൂസർ ഫീ ശേഖരിക്കുന്നതു തുടരും. വീടിന്റെ വലുപ്പമനുസരിച്ച്, യൂസർഫീ പിരിക്കാനും ആലോചിക്കുന്നുണ്ട്. ചെറിയ വീടുള്ളവർ കുറഞ്ഞ തുക നൽകിയാൽ മതിയാകും. യൂസർഫീ പിരിക്കുന്നത് ഓഡിറ്റിനു വിധേയമാക്കും. യുഡിഎഫ് സർക്കാരിനു കീഴിൽ പുനഃസംഘടിപ്പിച്ച, തദ്ദേശ വകുപ്പിന് കീഴിലെ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ ആദ്യ യോഗത്തിലാണു പദ്ധതിയുടെ പ്രാഥമിക ചർച്ചകൾ നടന്നത്. മന്ത്രി കെ.എം. ഷാജി, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ കെ.എം. ചന്ദ്രശേഖർ, അംഗം ഡോ. പി.പി ബാലൻ തുടങ്ങിയവർ പങ്കെടുത്തു. മാലിന്യ സംസ്കരണ പദ്ധതികളെക്കുറിച്ചു സമഗ്രമായി പഠിക്കാനും ശാസ്ത്രീയവും സുസ്ഥിരവുമായ പദ്ധതികൾ തയാറാക്കാനുമായി കേരള പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അനിൽ അക്കര ചെയർമാനായും ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുൻ മാനേജിങ് ഡയറക്ടർ കബീർ ബി. ഹാറൂൺ കൺവീനറായും ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

നിരീക്ഷണം

# ഓണത്തിന്റെ ഒരുമ തുടരട്ടെ!



രാജു മൈലപ്ര

**ലോ**കത്തിന്റെ ഏതു കോണിലായാലും മലയാളികൾ ഒരു മനസ്സോടെ, ഒരു കുടക്കീഴിൽ ഒത്തൊരുമിച്ച് ആഘോഷിക്കുന്ന ഒരേയൊരു ഉത്സവമേയുള്ളൂ-ഓണം!

അമേരിക്കൻ മലയാളികളുടെ ഓണാഘോഷങ്ങൾ മാസങ്ങളോളം നീളുന്നു.

ഒരേ നഗരത്തിൽ തന്നെ, പല പേരുകളിൽ പല മലയാളി സംഘടനകൾ പ്രവർത്തിക്കുന്നതിനാൽ, പലവട്ടം ഓണസദ്യ ഉണ്ണുവാനുള്ള ഭാഗ്യം അമേരിക്കൻ മലയാളികൾക്കുണ്ട്.

ചെറിയ പടലപിണക്കങ്ങൾ മൂലം വഴി പിരിഞ്ഞവർ, മനോഹരമായി അലങ്കരിച്ച ഒരു പൂക്കളം പോൽ, ഒരേ വേദിയിൽ ഒരുമിക്കുന്നതു കാണുന്നത് സന്തോഷമുളവാക്കുന്ന ഒരു കാഴ്ചയാണ്.

ഭാരവാഹികൾ മാറിവന്നാലും ഓണാഘോഷങ്ങളിൽ പങ്കെടുക്കുന്ന സാധാരണ മലയാളികൾക്ക് ഇതൊന്നും ബാധകമല്ല.

പരമ്പരാഗത ഓണക്കോടികൾ അണിഞ്ഞ് അവർ ഒരുമിക്കുന്നു. ജാതി, മത, വർഗ്ഗ, വർണ്ണ വിവേചനമില്ലാതെ ഒരുമിച്ചിരുന്ന് 'ഒരേ ഇലയിൽ' വിളമ്പുന്ന സദ്യ അവർ ആസ്വദിക്കുന്നു.

**ഓണസദ്യ:** ഓണാഘോഷങ്ങൾ കഴിഞ്ഞാലും ഓർമ്മയിൽ തങ്ങി നിൽക്കുന്നത് ഓണസദ്യയുടെ രുചിയാണ്. ലഭ്യത അനുസരിച്ച് ഓണസദ്യ വാഴയിലയിൽ വിളമ്പുന്നതാണ് അഭികാമ്യം. ഉപ്പേരി, പപ്പടം, എരിശ്ശേരി, പുളിശ്ശേരി, സാമ്പാർ, ഇഞ്ചിക്കറി, രസം-വിഭവങ്ങളുടെ പട്ടിക നീളുന്നു. തുടർന്ന് ചൂടോടെ വിളമ്പുന്ന ചോറിനൊപ്പം പരിപ്പും നെയ്യും. അവസാനം അടപ്രഥമനും ശർക്കരപായസവും കൂടിയാവുമ്പോൾ സദ്യ പ്രമാദം.




വിഭവങ്ങളുടെ എണ്ണത്തിനൊപ്പം ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് സദ്യ സമയബന്ധിതമായും ചൂടോടെയും വിളമ്പുക എന്നത്. മണിക്കൂറുകളോളം കാത്തിരുന്ന ശേഷം, തണുത്ത ചോറും കറികളും ലഭിക്കുന്നത് സദ്യയുടെ ആസ്വാദ്യത കുറയ്ക്കും.

**മാവേലിയുടെ എഴുന്നള്ളത്ത്:** തന്റെ പ്രജകളെ കാണുവാൻ ആണ്ടിലൊരിക്കൽ എഴുന്നെള്ളുന്ന മാവേലിത്തമ്പുരാന് ഉചിതമായ ഒരു വരവേല്പ് നല്കിയില്ലെങ്കിൽ എന്ത് ഓണാഘോഷം?

താലപ്പൊലി, മുത്തുക്കുട, ചെണ്ടമേളം എന്നിവയുടെ അകമ്പടിയോടെ നടത്തപ്പെടുന്ന മഹാബലിയുടെ എഴുന്നെള്ളത്ത് ചെണ്ടയുടെ താളവും താലപ്പൊലിയുടെ വർണ്ണാഭമായ കാഴ്ചയും നമ്മുടെ മനസ്സിനെ മലയാളക്കരയിലേക്ക് ഒരിക്കൽക്കൂടി മടക്കിക്കൊണ്ടു പോകുന്നു.

ആഘോഷങ്ങൾ നിയമം അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിൽ തന്നെയാവട്ടെ. സമീപവാസികൾക്ക് ഇതൊരു അരോചകമായ അനുഭവം ആകാതിരിക്കട്ടെ!

**നിലവിളക്ക്:** ഒരു പരിപാടിയുടെ ഉദ്ഘാടനം നിലവിളക്കു കൊളുത്തി ആരംഭിക്കുന്നത് നമ്മുടെ പാരമ്പര്യത്തിന്റെ മനോഹരമായ ഒരു ഭാഗമാണ്. എന്നാൽ, ഏഴു തിരിയുള്ള ഒരു നിലവിളക്കിൽ എഴുപതുപേർ തിരി തെളിയിക്കണമെന്നു വാശി പിടിക്കുന്നത് ശരിയല്ല. ക്ഷണിക്കപ്പെട്ട പ്രധാന അതിഥികളും സംഘാടകരുടെ പ്രതിനിധികളും ചേർന്ന് ലളിതവും ഭംഗിയോടെയും ഈ കർമ്മം നിർവ്വഹിക്കുന്നതല്ലേ കൂടുതൽ അഭികാമ്യം?

**ഓണസന്ദേശങ്ങൾ:** ഓണാഘോഷങ്ങളിൽ പങ്കെടുക്കാനെത്തുന്നവർ നീണ്ട പ്രസംഗങ്ങൾ കേൾക്കാനല്ല വരുന്നത്. ഓണത്തിന്റെ ചരിത്രം പറഞ്ഞ് ആവർത്തന വിരസത ഉണ്ടാക്കരുത്. കുട്ടികൾക്കു വേണ്ടി വേണമെങ്കിൽ ഒരു ചെറിയ documentry തയ്യാറാക്കാം. (അവരത് ശ്രദ്ധിച്ചില്ലെങ്കിൽ തന്നെയും).

ഓണത്തിന്റെ സന്തോഷവും സദ്യയുടെ രുചിയും കലാപരിപാടികളുടെ ആസ്വാദനവുമാണ് ആളുകളെ കൂടുതൽ ആകർഷിക്കുന്നത്. അതിനിടെ അരോചകമായ പ്രസംഗങ്ങൾ ഒരു കല്ലുകടിയാവരുത്. വേദിയിലെ പ്രസംഗകരുടെ എണ്ണം പരമാവധി ചുരുക്കണം.

പലരും നേരത്തെ ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ അമേരിക്കയിലെ 'പഞ്ചായത്ത് തലം മുതൽ പാർലമെന്റിലേക്കു വരെ' തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഒരു പരേഡായി നമ്മുടെ സമ്മേളനങ്ങൾ മാറരുത്. ഇവരുടെ 'Over exposure' അരോചകമായി മാറുന്നുണ്ട്. ഇവരിൽ പലരും ഭാരവാഹികളുമായും ബന്ധപ്പെട്ട് ഒരു 'self-invitation' നടത്താറുണ്ടെന്ന് അറിയുവാൻ കഴിഞ്ഞു. ഇവരോട് എനിക്ക് വിനീതമായ ഒരു അഭ്യർത്ഥനയുണ്ട്: അമേരിക്കയിൽ ഓണം ഒരു ദേശീയ അവധിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് ദയവായി ഒരു ബില്ലും നിയമനിർമ്മാണ സഭകളിൽ അവതരിപ്പിക്കരുത്. ഇപ്പോൾ തന്നെ ഈ അവധിക്കാര്യത്തിൽ ആവശ്യത്തിലേറെ തലവേദന നമ്മുടെ പ്രതിനിധികൾ നല്കുന്നുണ്ട്.

**നുഴഞ്ഞുകയറ്റക്കാർ:** ഒരു ഓണാഘോഷം സംഘടിപ്പിക്കുന്നതിൽ വലിയ സാമ്പത്തികച്ചെലവുണ്ട്. ഓഡിറ്റോറിയം വാടക, ഭക്ഷണം, രംഗസംവിധാനം തുടങ്ങി നിരവധി ഇനങ്ങൾ.

സംഘാടകർ നിശ്ചയിച്ചിരിക്കുന്ന മിതമായ പ്രവേശനഫീസ് നല്കാതെ, അവരുടെ കണ്ണുവെട്ടിച്ച്, അകത്തു കടക്കുന്ന 'നുഴഞ്ഞുകയറ്റക്കാർ' ഇക്കാലത്തും ധാരാളമുണ്ടെന്ന് പല ഭാരവാഹികളും വെളിപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, സാമ്പത്തിക സഹായഹസ്തം നീട്ടുന്ന സ്പോൺസർമാരെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് ന്യായമായ ഒരു കടമയാണ്. ആദരവ് അതിരു കടന്ന്, പരിപാടിയുടെ സമയക്രമത്തിന്റെ താളം തെറ്റാതിരിക്കുവാൻ സംഘാടകർ ശ്രദ്ധിക്കുക.

**ശുചിമുറി ഉപയോഗം:** വലിയ ജനപങ്കാളിത്തമുള്ള പരിപാടികളിൽ ശുചിമുറി സൗകര്യങ്ങൾ പലപ്പോഴും പരിമിതമായിരിക്കും. മറ്റുള്ളവരെക്കൂടി പരിഗണിച്ച് ടോയിലെറ്റ് വൃത്തിയായി സൂക്ഷിക്കണം. ഫോണിലെ മെസേജ് നോക്കുന്നതും ഫേസ്ബുക്കിൽകൂടി കണ്ണോടിക്കുന്നതും വീട്ടിൽ ചെന്നിട്ടു പോരേ?

(ശേഷം 28-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.76 |
| യൂറോ | 110.27 |
| സ്റ്റെർലിംഗ്പൗണ്ട് | 129.14 |
| സ്വിസ് ഫ്രാങ്ക് | 116.89 |
| സിംഗപ്പൂർ ഡോളർ | 75.19 |
| കനേഡിയൻ ഡോളർ | 68.77 |
| ഒമാൻ റിയാൽ | 249.05 |
| ബഹ്റൈൻ ദിനാർ | 254.07 |
| സൗദി റിയാൽ | 25.52 |
| യു.എ.ഇ. ദിർഹം | 26.02 |
| കുവൈത്ത് ദിനാർ | 310.09 |



# ആഗോള സമാധാനത്തിന് സമുദായങ്ങൾ ഒന്നിക്കണം: കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ട്



അർജന്റീനയുടെ തലസ്ഥാനമായ ബുവേനോസ് ഐറീസിൽ നടന്ന മതാന്തര സംഗമത്തിൽ പങ്കെടുത്തവർക്കൊപ്പം മതാന്തര സംഭാഷണത്തിനായുള്ള വത്തിക്കാൻ കാര്യാലയം അദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്ട്.

ബുവേനോസ് ഐറിസ്: മുറിവേറ്റ ലോകത്തിന് സമാധാനവും പ്രതീക്ഷയും പകരാൻ പരമ്പരാഗത അതിർവരമ്പുകൾക്കതീതമായി മതങ്ങളും സംസ്കാരങ്ങളും ഒന്നിച്ചു മുന്നേറണമെന്ന് മതാന്തര സംഭാഷണത്തിനായുള്ള വത്തിക്കാൻ കാര്യാലയം അദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്ട്. അർജന്റീനയുടെ തലസ്ഥാനമായ ബുവേനോസ് ഐറീസിലെ തിയാത്രോ കൊളോണിൽ 'വൈവിധ്യത്തിലെ സംഭാഷണം, സാഹോദര്യത്തിലേക്ക് ഒരു പങ്കിട്ട പാത'എന്ന വിഷയത്തിൽ നടന്ന മതാന്തര സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മതങ്ങൾ തനിമയോടെ ജീവിക്കുമ്പോൾ അത് മനുഷ്യബന്ധങ്ങളെ ദൃഢമാക്കുകയാണ് ചെയ്യുന്നതെന്ന് കർദ്ദിനാൾ ചൂണ്ടിക്കാട്ടി. ആയുധങ്ങൾ കൊണ്ടോ ഭീഷണികൾ കൊണ്ടോ അല്ല, മറിച്ച് ഉത്തരവാദിത്വമുള്ള സംഭാഷണങ്ങളിലൂടെ മാത്രമേ ശാശ്വത സമാധാനം കെട്ടിപ്പടുക്കാനാകൂ എന്ന ലെയോ പതിനാലാമൻ മാർപാപ്പയുടെ സന്ദേശം അദ്ദേഹം ഓർമ്മിപ്പിച്ചു. വെറും കരാറുകളിൽ ഒപ്പിടുന്നതിനപ്പുറം മുൻവിധികളില്ലാതെ മറ്റുള്ളവരെ കേൾക്കാനും ആദരിക്കാനുമുള്ള മനസ് വളർത്തിയെടുക്കണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മാർപാപ്പ മുന്നോട്ടുവെക്കുന്ന സമാധാനസന്ദേശം പ്രാവർത്തികമാക്കാൻ പ്രാദേശിക തലങ്ങളിൽ 'മതാന്തര കൂട്ടായ്മകൾ' രൂപീകരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പയ്ക്കൊപ്പം പ്രവർത്തിക്കാൻ സാധിച്ച അനുഭവങ്ങൾ പങ്കുവെച്ച കർദ്ദിനാൾ കൂവക്കാട്ട്, അർജന്റീനയിൽ പതിറ്റാണ്ടുകളായി തുടരുന്ന മതാന്തര സംഭാഷണ പ്രവർത്തനങ്ങളെയും 2002-ലെ ദേശീയ വിദ്യാഭ്യാസ നിയമ ചർച്ചകളിൽ വിവിധ മതങ്ങൾ ഒന്നിച്ചു പങ്കെടുത്ത മാതൃകയേയും പ്രശംസിച്ചു.

# ദേശീയപാതയിൽ യാത്രക്കാരെ ഇറക്കിവിട്ടാൽ കർശന നടപടി

തിരുവനന്തപുരം: ആറുവരി ദേശീയപാതയിൽ സ്റ്റേജ് കാര്യേജ് ബസുകൾ മാനദണ്ഡങ്ങൾ ലംഘിച്ച് ,സർവീസ് നടത്തുന്നത് തടയാൻ കർശന നടപടികളുമായി മോട്ടോർ വാഹന വകുപ്പ്.

ആറുവരിപ്പാത വഴി സഞ്ചരിച്ച് യാത്രക്കാരെ ദേശീയപാതയിൽ തന്നെ ഇറക്കിവിടുന്ന ബസുകൾക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുമെന്ന് മോട്ടോർ വാഹനവകുപ്പ് അധികൃതർ അറിയിച്ചു.

ഹൈവേയിൽ വാഹനം നിർത്തിയിടാനോ ആളുകളെ ഇറക്കാനോ അനുമതിയില്ല. ഹൈവേയിൽ ബസ് സ്റ്റോപ്പുകളും അനുവദിച്ചിട്ടില്ല. എന്നാൽ, ബസുകൾ ആളുകളെ ഹൈവേയിൽ തന്നെ ഇറക്കുന്നത് പതിവാണ്. സ്ത്രീകളും കുട്ടികളും മുതിർന്ന പൗരന്മാരും അടക്കമുള്ള യാത്രക്കാർക്ക് പ്രധാന പാതയിൽ നിന്നും പുറത്തുകടക്കാൻ കിലോമീറ്ററുകളോളം നടക്കേണ്ടിവരുന്നു. ഇതു സംബന്ധിച്ച് വ്യാപക പരാതികൾ ലഭിച്ച സാഹചര്യത്തിലാണ് എംവിഡിയുടെ ഇടപെടൽ. ആറുവരിപ്പാതയിൽ യാതൊരു കാരണവശാലും വാഹനം നിർത്താൻ പാടില്ലെന്ന് മോട്ടോർ വാഹന വകുപ്പ് വ്യക്തമാക്കുന്നു. എല്ലാ സ്റ്റേജ് കാര്യേജ് ബസുകളും സർവീസ് റോഡിലൂടെ മാത്രമേ സഞ്ചരിക്കാൻ പാടുള്ളൂ. നിർദ്ദേശം ലംഘിക്കുന്ന ബസുകൾക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് അധികൃതർ മുന്നറിയിപ്പ് നല്കി.

# മുല്ലപ്പെരിയാർ കരാർ; കേരളത്തിനു 24,432 കോടിയുടെ നഷ്ടം

തിരുവനന്തപുരം: മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വൈദ്യുതി റോയൽറ്റി കരാർ വ്യവസ്ഥകൾ, ദുരന്ത നിവാരണച്ചെലവുകൾ എന്നീ ഇനത്തിൽ കേരളത്തിന് വൻ സാമ്പത്തിക നഷ്ടമുണ്ടായതായി ആരോപണം. 55 വർഷത്തിനിടെ കേരളത്തിന് ഏകദേശം 24,432 കോടി നഷ്ടപ്പെട്ടപ്പോൾ 3.77 കോടി മാത്രമാണ് ലഭിച്ചതെന്നും മുല്ലപ്പെരിയാർ കോ-ഓർഡിനേഷൻ കൗൺസിൽ ജനറൽ കൺവീനർ ഡോ. കെ.എസ്. പ്രകാശൻ ആരോപിച്ചു.

2016-ലെ കണക്കുപ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന് താഴ്ഭാഗത്ത് 823 കുടുംബങ്ങളാണ് താമസിച്ചിരുന്നത്. തമിഴ്നാട് മുന്നറിയിപ്പില്ലാതെ അണക്കെട്ട് തുറന്നുവിടുന്ന സാഹചര്യങ്ങളിൽ ഏകദേശം 3500 പേരെ മാറ്റിപ്പാർപ്പിക്കേണ്ടി വരുന്നു. ഇതിനായി ഇടുക്കി ജില്ല ദുരന്ത നിവാരണ പ്ലാനിന്റെ ഭാഗമായി പ്രതിവർഷം ഏകദേശം 53 ലക്ഷം രൂപ കേരള സർക്കാർ ചെലവഴിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

2014-15 മുതൽ തമിഴ്നാടിന് ലഭിക്കുന്ന വൈദ്യുതിയുടെ ഫ്രീ ഷെയറിംഗിൽ നിന്ന് നിശ്ചിതവിഹിതം താഴ് വരയിലെ ജനങ്ങളുടെ സുരക്ഷയ്ക്കായി മാറ്റിവെക്കണമെന്ന വ്യവസ്ഥ കേരളം പ്രയോജനപ്പെടുത്തിയില്ലെന്നും ആരോപണമുണ്ട്. 2015 ഒക്ടോബർ 29 -ലെ അടിയന്തര നിയമോപദേശം പത്ത് വർഷമായി ബന്ധപ്പെട്ട വകുപ്പുകൾ പൂഴ്ത്തിവെച്ചിരിക്കുകയാണ്.

2014-15-ലെ വൈദ്യുതി കണക്കുകളുമായി ബന്ധപ്പെട്ട് പ്രതിവർഷം 75 കോടി രൂപയുടെ നഷ്ടമുണ്ടായതായും പന്ത്രണ്ട് വർഷത്തെ കുടിശികയും പലിശയും ഉൾപ്പെടെ 1,297 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായും അദ്ദേഹം ആരോപിച്ചു.

# മുൻ സർക്കാരിന്റെ പത്തുവർഷത്തെ കോടതിച്ചെലവ് 245 കോടി

കൊച്ചി: വിവാദമായ സ്വർണക്കടത്ത്, സോളാർ കേസുകൾക്കുൾപ്പെടെ ഒന്നും രണ്ടും പിണറായി സർക്കാരുകൾ, കോടതി വ്യവഹാരങ്ങൾക്കായി ഖജനാവിൽനിന്ന് ഒഴുക്കിയതു കോടികൾ. 2016 മുതൽ 2026 വരെ ചെലവഴിച്ചത് 245.62 കോടി രൂപയാണെന്ന് കൊച്ചിയിലെ അഡ്വക്കറ്റ് ജനറലിന്റെ കാര്യാലയത്തിൽനിന്നുള്ള രേഖകൾ വ്യക്തമാക്കുന്നു. പൊതുപ്പണം ചെലവഴിച്ച വ്യവഹാരങ്ങളുടെ പട്ടികയിൽ രാഷ്ട്രീയ കൊലപാതക കേസുമുണ്ട്.

സുപ്രീംകോടതിയിലെയും മറ്റു കോടതികളിലെയും സ്റ്റാൻഡിംഗ് കോൺസൽ ഫീസ്, ഹൈക്കോടതി കേസുകളിലെ അഭിഭാഷക ഫീസ്, നിയമോപദേശം, നിയമഭേദഗതികളുടെ കരട് തയാറാക്കൽ, അഭിഭാഷകരുടെയും നിയമ ഉദ്യോഗസ്ഥരുടെയും പ്രതിഫലം തുടങ്ങിയ ഇനങ്ങളിലായാണ് വ്യവഹാരച്ചെലവുകൾ. സുപ്രീംകോടതിയിലെത്തിയ 789 കേസുകൾക്കായി 38.91 കോടി രൂപ ഫീസിനത്തിൽ മാത്രം നൽകി. സുപ്രീംകോടതിയിലെ കേസുകൾക്കായി കപിൽ സിബൽ ഉൾപ്പെടെ 48 മുതിർന്ന അഭിഭാഷകർ കേരള സർക്കാരിനായി ഹാജരായിരുന്നു.

ഹൈക്കോടതിയിലെ കേസുകളുടെ നടത്തിപ്പിന് പത്തു വർഷത്തിനിടെ 226 പേർക്കായി 193.06 കോടി രൂപ നൽകിയിട്ടുണ്ട്. സ്വർണക്കടത്ത് കേസിന്റെ നടപടികളിൽ സർക്കാരിനു ചെലവായത് 1.03 കോടിയാണ്. സോളർ കേസിന് 1.20 കോടിയും പെരിയ ഇരട്ടക്കൊല കേസിന് 85 ലക്ഷം രൂപയും ചെലവാക്കി. കിഫ്ബിയുമായി ബന്ധപ്പെട്ട കേസിന് 45 ലക്ഷം മുടക്കിയപ്പോൾ ലോട്ടറി കേസിൽ 17.50 ലക്ഷം രൂപ സർക്കാരിന് ചെലവായി.

# ഓണത്തിന്റെ ഒരുമ തുടരട്ടെ!

(27-ാം പേജിൽനിന്നും)

ചുരുക്കത്തിൽ നമുക്കു പിന്നാലെ വരുന്നയാൾക്കും ഇതേ സൗകര്യം ഉപയോഗിക്കുവാനുണ്ട് എന്ന ബോധത്തോടെ, നമ്മുടെ 'AIR INDIA Toilet' സംസ്കാരം ഉപേക്ഷിക്കണം.

**ഒരു ചെറിയ കരുതൽ:** ആഘോഷപരിപാടികൾ പലപ്പോഴും മണിക്കൂറുകളോളം നീണ്ടുനിൽക്കും. കുട്ടികളും മുതിർന്നവരും ദൂരത്തുനിന്നുള്ള കുടുംബങ്ങളും ഇതിൽ പങ്കെടുക്കുമ്പോൾ ലഘുഭക്ഷണവും കുടിവെള്ളവും (കാൻഡി, സോഡ, കോഫി) ലഭ്യമാക്കേണ്ടത് പ്രധാനമാണ്. ഇതിനായി ഔട്ട്സൈഡ് വെൻഡേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

**പാർക്കിംഗ്:** പാർക്കിംഗ് കാര്യത്തിൽ നമ്മൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ചിലപ്പോൾ സൗകര്യപ്രദമായ ഒരു സ്ഥലം കണ്ടാൽ, മറ്റൊരു വാഹനത്തിനു പുറത്തേക്കു പോകാൻ തടസ്സം ആകുമെന്ന് ചിന്തിക്കാതെ വാഹനം പാർക്ക് ചെയ്യുന്ന ഒരു പ്രവണത കാണാറുണ്ട്.

ഏതു സമയത്തും അടിയന്തരസാഹചര്യം ഉണ്ടാകാം. മറ്റു പൊതുഇടങ്ങളിൽ പാർക്കിംഗ് നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്ന മലയാളികൾ, അവർ ഒത്തുകൂടുന്ന സ്ഥലങ്ങളിൽ ഈ നിർദ്ദേശം കൃത്യമായി പാലിക്കാറില്ല.

'കുറച്ചു നേരത്തേക്കല്ലേ' എന്ന നമ്മുടെ മനോഭാവം, മറ്റുള്ളവർക്ക് പലപ്പോഴും വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചേക്കാം. നമ്മുടെ അശ്രദ്ധ മറ്റുള്ളവരുടെ ദുരിതത്തിന് കാരണം ആകാതിരിക്കട്ടെ!

അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ഓണാഘോഷങ്ങൾ നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും അഭിമാനകരമായ പ്രതീകങ്ങളാണ്. എന്നാൽ, പാരമ്പര്യം സംരക്ഷിക്കുന്നതിനോടൊപ്പം കാലത്തിനും സാഹചര്യത്തിനും അനുയോജ്യമായ മാറ്റങ്ങൾ സ്വീകരിക്കാൻ നമ്മൾ തയ്യാറാവണം.

ഈ വർഷം ഇതിനോടകം അഞ്ച് ഓണസദ്യ ആസ്വദിച്ചുകഴിഞ്ഞു. എല്ലാം ഒന്നിനൊന്നു മെച്ചം! ചെറുതും വലുതുമായ എല്ലാ ആഘോഷങ്ങളുടേയും സംഘാടകർക്ക് നന്ദി. അവരുടെ ആത്മാർത്ഥതയ്ക്കും അർപ്പണബോധത്തിനും കഠിന പ്രയത്നത്തിനും ഒരു ബിഗ് സല്യൂട്ട്!

നമ്മുടെ മനസ്സിൽ, കുടുംബങ്ങളിൽ, സമൂഹത്തിൽ എന്നുമെന്നും ഓണത്തിന്റെ നന്മകളുടെ വർണ്ണപ്രപഞ്ചം പ്രകാശം പരത്തട്ടെ!

ഒരുമയോടുള്ള ആഘോഷങ്ങൾ തുടരാം!

ഒരിക്കൽക്കൂടി എല്ലാവർക്കും ഓണാശംസകൾ!!!

# ഫൊക്കാന സാഹിത്യ കമ്മിറ്റി

(24-ാം പേജിൽനിന്നും)

**മുരളി ജെ. നായർ-വൈസ് പ്രസിഡണ്ട്:** മാവേലിക്കര താലൂക്കിലെ കണ്ണനാകുഴി സ്വദേശി. കഴിഞ്ഞ മുപ്പതിലധികം വർഷങ്ങളായി അമേരിക്കയിൽ അഭിഭാഷകനാണ്. മലയാളത്തിൽ രണ്ടു നോവലുകളും രണ്ടു ചെറുകഥാസമാഹാരങ്ങളും ഒരു യാത്രാവിവരണവും, ഇംഗ്ലീഷിൽ ഒരു നോവലും (The Monsoon Mystic)ഒരു മലയാള നോവലിന്റെ വിവർത്തനവും (Chora-shastra: The Subtle Science of Thie-very- വി.ജെ. ജെയിംസിന്റെ ചോരശാസ്ത്രത്തിന്റെ ഇംഗ്ലീഷ് പരിഭാഷ) പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ പ്രമുഖ പത്രമാസികകളിലും അമേരിക്കയിലും ഇംഗ്ലണ്ടിലും ഗൾഫിലുമുള്ള പല പ്രസിദ്ധീകരണങ്ങളിലും ഓൺലൈനിലുമായി അനേകം ലേഖനങ്ങളും ഫീച്ചറുകളും കഥകളും വിവർത്തനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബൈബിളിൽ പരാമർശിച്ചിട്ടുള്ള ഒരു പ്രണയത്തെ അധികരിച്ചെഴുതിയ നോവൽ 'പ്രണയത്തിന്റെ ഉല്പത്തി' പുസ്തകം ആണ് ഏറ്റവും പുതിയ കൃതി. 2000-ത്തിലെ ഫൊക്കാന ചിന്താധാര സ്വർണ മെഡൽ, മറ്റു ഫൊക്കാന അവാർഡുകൾ, മാമ്മൻ മാപ്പിള അവാർഡ്, ഹൂസ്റ്റൺ റൈറ്റേഴ്സ് ഫോറം അവാർഡ് എന്നിവയടക്കം പല സാഹിത്യ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. 1992 മുതൽ ഫൊക്കാന കൺവൻഷനുകളുടെ ഭാഗമായി നടത്തപ്പെടുന്ന സാഹിത്യസമ്മേളനങ്ങളിൽ പലതിലും സജീവപങ്കാളിത്തം വഹിച്ചിട്ടുണ്ട്.

ലോകസഞ്ചാരികൂടിയായ മുരളി ജെ. നായർ ഇതിനകം നൂറ്റിമുപ്പതിലധികം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഫിലാഡൽഫിയയിൽ സ്വന്തമായി നിയമസ്ഥാപനം നടത്തുന്നുണ്ടെങ്കിലും ഇപ്പോൾ കൂടുതൽ സമയവും ലോകയാത്രകൾക്കായി മാറ്റിവെച്ചിരിക്കുകയാണ്.

പുതിയ നിയമനങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികളായ പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ലിൻഡോ ജോളി, വൈസ് പ്രസിഡണ്ട് ജോസി കെ. കാരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മരിയ ജോസ്, വിമൻസ് ഫോറം ചെയർ ഷൈനി രാജു എന്നിവർ ഐക്യണ്ഠേന സ്വാഗതം ചെയ്തു.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# നിര്യാതരായി

## തോമസ് ചാക്കോ

**കോതനല്ലൂർ:** കോയമ്പത്തൂർ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രിൻസിപ്പൽ കുന്നംതാനം മുണ്ടുകുഴി തോമസ് ചാക്കോ (82) അന്തരിച്ചു. ഭാര്യ പരേതയായ ആലീസ് വെള്ളാമറ്റത്തിൽ (റിട്ട. ടീച്ചർ കോയമ്പത്തൂർ). മകൻ പരേതനായ സൂരജ് ജെയിംസ് തോമസ് (യുഎസ്).

**കോന്നി:** മുൻ സൈനിക ഉദ്യോഗസ്ഥൻ വെള്ളപ്പാറ ശങ്കരത്തിൽ എസ്.ജി. മത്തായി (91) അന്തരിച്ചു.

**നെടുങ്കുന്നം:** റിട്ട. ഇന്ത്യൻ ആർമി ഉദ്യോഗസ്ഥൻ പടിഞ്ഞാറ്റിൻകര പി.ഐ. ബാലകൃഷ്ണപിള്ള (82) അന്തരിച്ചു.

**ആർപ്പൂക്കര:** ഉണ്ണിബസാർ ചെറുമല സി.വി. സോമ രാജൻ (70) അന്തരിച്ചു.

**കെഴുവംകുളം:** മറ്റത്തിൽ കുര്യാക്കോസ് (കുഞ്ഞുമോൻ -72) അന്തരിച്ചു.

**മണർകാട്:** ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ റിട്ട. ജൂണിയർ സയന്റിഫിക് ഓഫീസർ വേങ്കടത്തു ചിറക്കൽ സി.കെ. മാത്യു (87) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** സിഎംസി അമലാ പ്രോവിൻസിലെ ജയ്പൂർ അമൽജ്യോതി റീജിയൻ അംഗമായ സിസ്റ്റർ എലിസബത്ത് വില്യം (ലീലാമ്മ-78) അന്തരിച്ചു.

**ആർപ്പൂക്കര:** ശങ്കരപുരി തെക്കേടത്ത് ഗ്രേസി വർഗീസ് (73) അന്തരിച്ചു.

**ഇത്തിത്താനം:** പൊൻപുഴപ്പൊക്കം കോട്ടയ്ക്കൽ വി.സി. അമ്മിണി (79) അന്തരിച്ചു.

**കുറുമുള്ളൂർ:** വട്ടമാക്കിൽ വിനോദിന്റെയും സിന്ധുവിന്റെയും മകൾ മരിയ (ബിസ്മോൾ-19) അന്തരിച്ചു.

**പുല്ലാട്:** കോഴഞ്ചേരി സെ. തോമസ് കോളജ് കൊമേഴ്സ് വിഭാഗം റിട്ട. പ്രഫ. മാലിയിൽ പുഷ്പ ആൻ ഏബ്രഹാം (68) അന്തരിച്ചു.

**പന്തളം:** പകലോമറ്റം പൂഴിക്കാട് വെൺമണി വടക്കേതിൽ തങ്കമ്മ വർഗീസ് (78)അന്തരിച്ചു.

**തിരുവനന്തപുരം:** ഇന്റലിജൻസ് ബ്യൂറോ റിട്ട. അസി. കമ്മീഷണർ സി. രാധാകൃഷ്ണൻ നായർ (76) അന്തരിച്ചു.

**തൃശൂർ:** അസീസി സെന്റ് ഫ്രാൻസിസ് സിസ്റ്റേഴ്സ് ഗ്രീൻ ഗാർഡൻസ് ചേർത്തല കോൺഗ്രിഗേഷൻ അംഗം സിസ്റ്റർ ആൻസില മേരി (81) അന്തരിച്ചു.

**കോട്ടയം:** ബേബി ഗോമതി ബസ് ഉടമയായിരുന്ന മങ്ങച്ചാലിൽ സോമു എം. മത്തായി (73) അന്തരിച്ചു.

**മീനടം:** മഞ്ഞാടിയിൽ അമ്പാട്ടുവീട്ടിൽ പി.വി. മാത്യു (ബേബി-72) അന്തരിച്ചു.

**പാലാ:** പ്ലാത്തോട്ടത്തിൽ പി.ടി. ജോർജ് (വർക്കിച്ചൻ-87) അന്തരിച്ചു.

## സബീന സാമുവൽ

**ഫോർട്ടുകൊച്ചി:** ബീച്ച് റോഡ് വടക്കേതലയ്ക്കൽ ഡബ്ല്യു.സി. തോമസിന്റെയും ഡോ. ലളിത തോമസിന്റെയും മകൾ സബീന സാമുവൽ (51) സിഡ്നിയിൽ അന്തരിച്ചു. ഭർത്താവ് ഡൽഹി സൈനിക് ഫാംസ് പുത്തൻപുരയ്ക്കൽ ജേക്കബ് സാമുവലിന്റെയും ശാന്ത ജേക്കബിന്റെയും മകൻ ഷിബു ജേക്കബ്. സഹോദരൻ ടോണിയോ തോമസ് (ന്യൂജേഴ്സി).

**മണർകാട്:** സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭയുടെ ഉത്തര കേരള സെക്ഷൻ മുൻ പ്രസിഡണ്ട് പാസ്റ്റർ സി.ഡി. മാത്യുവിന്റെ ഭാര്യ സൂസന്ന മാത്യു (79) വെല്ലൂരിൽ അന്തരിച്ചു.

## മാത്യൂസ് വർഗീസ്



**ന്യൂയോർക്ക്:** പൊൻകുന്നം ഇളംകുളം പുഷ്പമംഗലം വീട്ടിൽ മാത്യൂസ് വർഗീസ് (മത്തായി-87) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ ത്രേസ്യാക്കുട്ടി വർഗീസ്. മക്കളും മരുമക്കളും: ലാലി & അലക്സ് മാഞ്ചേരി, ലാൽസൺ & റോഷിനി, ലാലു & സിന്ധു (കാലിഫോർണിയ).

**പെരുമ്പാവൂർ:** യാക്കോബായ സഭ പെരുമ്പാവൂർ മേഖല സീനിയർ വൈദികൻ ഐമുറി വലിയ ഉപ്പൂട്ടിൽ ഫാ. വർഗീസ് വി.വി. അന്ത്രയോസ് (70) അന്തരിച്ചു.

**കോട്ടയം:** മാങ്ങാനം വടക്കേനടയിൽ പരേതനായ വി.സി. കുര്യന്റെ ഭാര്യ മറിയാമ്മ കുര്യൻ (അമ്മിണി-98) അന്തരിച്ചു.

**അയർക്കുന്നം:** പൂഴിത്തറമറ്റത്തിൽ പരേതനായ രാമൻ നായരുടെ ഭാര്യ തങ്കമ്മ രാമൻ നായർ (92) അന്തരിച്ചു.

**കാവാലം:** ഒരുപറയിൽ വീട്ടിൽ റിട്ട. പഞ്ചായത്ത് ഉദ്യോഗസ്ഥൻ ജെമിനികുമാർ (ജയൻ -59) അന്തരിച്ചു.

**അഞ്ചിലിപ്പ:** ഏർത്തയിൽ സെ. തോമസ് എരുമേലി, സെ. എഫ്രേം ചിറക്കടവ്, റിട്ട. അദ്ധ്യാപകൻ സി. ഫിലിപ്പോസ് (കുഞ്ഞമ്പായി-93) അന്തരിച്ചു.

**കുമാരനല്ലൂർ:** കാച്ചപ്പള്ളിൽ ഒ. വർഗീസ് (അപ്പച്ചൻ-83) അന്തരിച്ചു.

**ആയവന:** റിട്ട. ട്രഷറി ഉദ്യോഗസ്ഥ ബലിക്കുന്നേൽ മേരി ജോർഡി (70) അന്തരിച്ചു.

**കറ്റോട്:** വിമുക്തഭടൻ കറ്റോട് തൈപ്പറമ്പിൽ ടി.കെ. പുന്നൂസ് (തമ്പി-77) അന്തരിച്ചു.

## ജോസ് ജോസഫ്

**ചെമ്മനംപടി:** നരിച്ചിറ മുകളേൽ ജോസ് ജോസഫ് (75) അന്തരിച്ചു. ഭാര്യ ഉഴവൂർ എള്ളുങ്കൽ എത്സി ജോസ്. മക്കൾ: ശീതൾ (യുഎസ്), ഷിജോൾ (യുകെ), ഷിബിൻ ജോസ്, ഷാൻ ജോസ് (യുകെ). മരുമക്കൾ: തോമസുകുട്ടി കിഴക്കടശ്ശേരി (പറമ്പഞ്ചേരി, ജോബി മുതുകാട്ടിൽ പറമ്പഞ്ചേരി, മായ വലിയവീട്ടിൽ (ആലുവ), ജിഷ ഒറവക്കുഴി (അരീക്കര).

**വല്യാട്:** മേനോൻകരിയിൽ എം.സി. തോമസ് (97) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** സിഎംസി അമല പ്രോവിൻസിലെ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് മഠാംഗമായ സിസ്റ്റർ മേരി കൊളുംബാ (മറിയക്കുട്ടി-89) അന്തരിച്ചു.

**രാമപുരം:** മുണ്ടയ്ക്കൽ തയ്യിൽ സൂസി ജോസഫ് (67) അന്തരിച്ചു.

**ആനക്കല്ല്:** പടന്നമാക്കൽ പുതുപ്പറമ്പിൽ പരേതനായ പി.ഡി. ജോസഫിന്റെ ഭാര്യ ഏലിക്കുട്ടി ജോസഫ് (89) അന്തരിച്ചു.

**മുട്ടാർ:** സ്രാമ്പിക്കൽ കണിച്ചേരിൽ കെ.ഇ. അന്റണി (അന്തോനിച്ചൻ-82) അന്തരിച്ചു.

**ചാത്തനാട്:** ശാന്തിസ്ഥാൻ ഹൗസിൽ ചാൾസ് റിബല്ലോ (77) അന്തരിച്ചു.

**കാഞ്ഞിരപ്പുഴ:** പൊറ്റശേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപകൻ കാഞ്ഞിരത്തുങ്കൽ എഫ്. കെ. ജോർജ് (79) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** തിരുഹൃദയ സന്യാസിനി സമൂഹം കൂവപ്പള്ളി ഭവനാംഗമായ സിസ്റ്റർ റേജീസ് ഇളംതോട്ടം (93) അന്തരിച്ചു.

**തീക്കോയി:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ തീക്കോയി ക്ലാരമഠാംഗമായ സിസ്റ്റർ മേരി ബ്രൂണോ മുതലക്കുഴിയിൽ (100) അന്തരിച്ചു.

**കറുകച്ചാൽ:** മാന്തുരുത്തി പ്രക്കാട്ട് വീട്ടിൽ പി.ജെ. തോമസ് (82) അന്തരിച്ചു.

**ചങ്ങനാശേരി:** പൂവം തൊമ്മൻപറമ്പിൽ ലൂസി ദേവസ്യ (74) അന്തരിച്ചു.

**കുറവിലങ്ങാട്:** ജയ്ഗിരി പുളിക്കൽ പി.ഡി. സെബാസ്റ്റ്യൻ (ബേബി-89) അന്തരിച്ചു.

**തൊമ്മൻകുത്ത്:** കല്ലുങ്കൽ താഴെ ഏലിക്കുട്ടി സ്കറിയ (76) അന്തരിച്ചു.

**വൈക്കം:** ചെമ്മനത്തുകര തുരുത്തിക്കരയിൽ ആലീസ് ജോൺ (88) അന്തരിച്ചു.

**പിറവം:** തോട്ടുഭാഗം മാഞ്ഞാമറ്റത്തിൽ മേരി വർഗീസ് (96) അന്തരിച്ചു.

**ഇരവിമംഗലം:** കുന്നശ്ശേരിൽ എബി ജോസഫ് (55) അന്തരിച്ചു.

**കുറിച്ചി:** കുന്നുംപുറത്ത് കെ.പി. ലാലു (61) അന്തരിച്ചു.

## പാപ്പച്ചൻ വി. ഡാനിയേൽ



**ചിക്കാഗോ:** പത്തനംതിട്ട മാത്തൂർ വടുതല മേലേതിൽ പരേതരായ വി.ഡി. ഡാനിയേലിന്റെയും ചിന്നമ്മ ഡാനിയേലിന്റെയും മകൻ പാപ്പച്ചൻ ഡാനിയേൽ (77) ചിക്കാഗോയിൽ അന്തരിച്ചു. ചെങ്ങന്നൂർ പള്ളിത്താഴെത്തിൽ സാറാമ്മ പാപ്പച്ചൻ (കുഞ്ഞുമോൾ) സഹധർമ്മിണിയാണ്. കൃപ വർഗീസ്, കല്പന വർഗീസ്, കെൽവിൻ പാപ്പച്ചൻ എന്നിവർ മക്കളും സിജു വർഗീസ്, ജിജോ വർഗീസ്, ഗ്രേസ് ഡാനിയേൽ എന്നിവർ മരുമക്കളുമാണ്. (എല്ലാവരും ചിക്കാഗോയിൽ). ബാബു ഡാനിയേൽ (ചിക്കാഗോ), ജോർജ് ഡാനിയേൽ (ഇന്ത്യ), രാജു ഡാനിയേൽ കോർ എപ്പിസ്കോപ്പ (വികാരി സെ. ജോർജ് ഓർത്തഡോക്സ് ചർച്ച് ഡാളസ്) എന്നിവർ സഹോദരങ്ങളുമാണ്.

**മൂത്തോലി:** അയർക്കുന്നം കൊങ്ങാണ്ടൂർ കുത്തിയതോട്ടിൽ കെ.എം. ജോസഫിന്റെ ഭാര്യ അന്നമ്മ ജോസഫ് (66) അന്തരിച്ചു.

**മാടപ്പള്ളി:** ഈയ്യാലിൽ കളപ്പുരയ്ക്കൽ തോമസ് മാത്യുവിന്റെ ഭാര്യ അന്നമ്മ മാത്യു (ചിന്നമ്മ-80) അന്തരിച്ചു.

**മള്ളൂശ്ശേരി:** പാലപ്പുരയ്ക്കൽ മുണ്ടക്കൽ എം.കെ. ജോസ് (80) അന്തരിച്ചു.

**തിരുവനന്തപുരം:** ലോകാരോഗ്യ സംഘടനയുടെ റീജണൽ അഡ്വൈസറായിരുന്ന കവടിയാർ എസ്എഫ്എസ് പാലസ് കോർട്ട് ഡോ. ജി. ബാലകൃഷ്ണൻ നായർ (72) അന്തരിച്ചു.

**തിരുവനന്തപുരം:** തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല മുൻ രജിസ്ട്രാറും എഴുത്തുകാരിയും എസ്എൻ. കോളജുകളിലെ അദ്ധ്യാപികയുമായിരുന്ന ഡോ. ടി. അനിതകുമാരി (63) അന്തരിച്ചു.

**തൊടുപുഴ:** സലേഷ്യൻ സഭാംഗമായ ഫാ. ഫ്രാൻസിസ് നീർണാൽ (66) അന്തരിച്ചു.

**തെക്കുംഭാഗം:** കാവാലത്ത് (മാമ്പറമ്പിൽ) കെ.ടി. തോമസ് (അപ്പച്ചൻ-87) അന്തരിച്ചു.

**മാവേലിക്കര:** വടക്കേ മങ്കുഴി ഷാജി വില്ലയിൽ ചിന്നമ്മ കോരുത് (86) അന്തരിച്ചു.

**തിടനാട്:** കോന്തിയാമഠത്തിൽ ജോസഫ് ജോസഫ് (76) അന്തരിച്ചു.

**കുമ്പനാട്:** നെടിയുഴത്തിൽ പാസ്റ്റർ എ.കെ. വിജയൻ (64) അന്തരിച്ചു.

## എം. വർഗീസ്

**ഇളങ്ങുളം:** വെറ്ററിനറി റിട്ട. ഉദ്യോഗസ്ഥൻ പുഷ്പമംഗലം എം. വർഗീസ് (87) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ ആയവന വടക്കുംപാലത്ത് ത്രേസ്യാക്കുട്ടി (റിട്ട. ഹെഡ്നേഴ്സ്). മക്കൾ: ലാലി, ലാൽസൺ ലാലു (എല്ലാവരും യുഎസ്). മരുമക്കൾ: അലക്സ് മഞ്ചേരി (തൃശൂർ), റോഷ്ണി ഓലിക്കൽ (ഭരണങ്ങാനം), സിന്ധു അർണനാക്കുന്നേൽ വള്ളിച്ചിറ (എല്ലാവരും യുഎസ്).

**കോട്ടയം:** പുത്തനങ്ങാടി കൊടിയന്തറ വീട്ടിൽ അഡ്വ. ഷെവലിയർ ജോയ് ജോസഫിന്റെ (സീനിയർ പാർട്നർ ജോസഫ് ആൻഡ് മർക്കോസ് ആൻഡ് ജോസഫ് ആൻഡ് കുര്യൻ) ഭാര്യ ലളിത ജോസഫ് കൊടിയന്തറ (86) അന്തരിച്ചു.

**മണർകാട്:** റിട്ട. ഗാരിസൻ എൻജിനീയർ വെട്ടിക്കുന്നേൽ വി.കെ. കുര്യൻ (രാജു-86) അന്തരിച്ചു.

**പട്ടിത്താനം:** കടിയംകുറ്റിയിൽ (ഗിരിഭവൻ) പ്രഫ. കെ. ജെ. ജോസഫ് (80) അന്തരിച്ചു.

**വടവാതൂർ:** ചേലപ്പള്ളി തറയിൽ സാറാമ്മ മാത്യു (തങ്കമ്മ -90) അന്തരിച്ചു.

## മറിയാമ്മ മത്തായി



**ന്യൂയോർക്ക്:** ചുണങ്ങുംവേലി പരേതനായ ആകല്ലൂർ വർക്കി മത്തായിയുടെ (ജോയി എൻഎഡി-ചുണങ്ങുംവേലി) ഭാര്യ മറിയാമ്മ മത്തായി (90) ന്യൂയോർക്കിൽ അന്തരിച്ചു. റോക്‌ലാൻഡ് കൗണ്ടിയിൽ ദീർഘകാലമായി താമസിച്ചുവരികയായിരുന്നു. മല്ലപ്പള്ളി കാലായിൽ കുടുംബാംഗമാണ്. മക്കൾ: ഏലിയാമ്മ ജോർജ് (രാജമ്മ), ഗീവർഗീസ് മത്തായി (പ്രകാശ്, പമോണ), തോമസ് മത്തായി (ബാബു, ഡിട്രോയിറ്റ്), റേച്ചിൽ കരയ്ക്കൽ (ബീന). മരുമക്കൾ: ജോർജ് തോമസ് (അടൂർ), ഷീല, ഷേർളി, ജോർജ് കരയ്ക്കൽ.

**വേളൂർ:** നട്ടാശേരി ഇടത്തെ എൻ. ഉതുപ്പ് കുറുവിളയുടെ ഭാര്യ ബീന ഉതുപ്പ് (66) അന്തരിച്ചു.

**ആർപ്പൂക്കര:** മണിയാപറമ്പ് നടുവിലേക്കരയിൽ പരേതനായ ജേക്കബ് പുന്നന്റെ ഭാര്യ മറിയാമ്മ ജേക്കബ് (പൊന്നമ്മ -78) അന്തരിച്ചു.

**മുട്ടുചിറ:** തത്തംപള്ളി നടയ്ക്കൽ പരേതനായ രവി തോമസിന്റെ ഭാര്യ ത്രേസ്യാമ്മ തോമസ് (78) അന്തരിച്ചു.

## എം.എ. ഏബ്രഹാം

**കടുവാക്കുളം:** പൂവന്തുരുത്ത് കടുവാക്കുളം എം.എം. ടാക്കീസ് ഉടമയായിരുന്ന വലിയ മുണ്ടാക്കലായ മുണ്ടാക്കൽ തുരുത്തേൽ എം.എ ഏബ്രഹാം (കുഞ്ഞവറാച്ചൻ-82) അന്തരിച്ചു. സിഎംഎസ് കോളജ് ഹോക്കി ടീം ക്യാപ്റ്റനായിരുന്നു. ഭാര്യ ഇല്ലിക്കൽ മുണ്ടുചിറയ്ക്കൽ കുഞ്ഞുമോൾ. മക്കൾ: മെറീന റോജി നിരണം (യുഎസ്), മാട്ടി ഏബ്രഹാം. മരുമകൻ: ജോർജ് കുര്യൻ നിരണം ചെമ്മരപ്പള്ളി മണമേൽ (കുവൈറ്റ്).

**ആനിക്കാട് ഈസ്റ്റ്:** പുളിന്താനത്ത് പി.ജെ. തോമസിന്റെ ഭാര്യ ജീന തോമസ് (65) അന്തരിച്ചു.

## സൂസൻ ചെറിയാൻ

**പള്ളം:** ഇരുത്തുംപടിക്കൽ ആയ കിഴക്കേപ്പറമ്പിൽ ബിനോ ജോസഫിന്റെ ഭാര്യ സൂസൻ ചെറിയാൻ (58) അന്തരിച്ചു. അബുദാബി എച്ച്എസ്ബിസി ബാങ്ക് ഉദ്യോഗസ്ഥയായിരുന്നു. തിരുവല്ല തോപ്പിൽ ജോൺ ചെറിയാന്റെ മകളാണ്. മകൾ: കാരൻ (യുഎസ്). മരുമകൻ: ഡോ. സാം ജോസഫ് അമ്പാട്ട് (യുഎസ്).

**തിരുവല്ല:** വളഞ്ഞവട്ടം ഗോസ്പൽ ട്യൂണേഴ്സ് സ്ഥാപകനും സംഗീതജ്ഞനുമായ പരേതനായ ജെ.വി. പീറ്ററിന്റെയും നിർമ്മലയുടെയും മകൻ ഗിറ്റാറിസ്റ്റ് സാങ്കി പീറ്റർ (48) കോയമ്പത്തൂരിൽ അന്തരിച്ചു.

**ഇറഞ്ഞാൽ:** ആർഎംഎസ് റിട്ട. ഉദ്യോഗസ്ഥൻ വടോമറ്റത്തിൽ വി.കെ. കുര്യന്റെ ഭാര്യ ഗ്രേസി കുര്യൻ (77) അന്തരിച്ചു.

**തോട്ടയ്ക്കാട്:** പുളിങ്കുന്ന് പകലോമറ്റം കാനാച്ചേരി തോമസ് തോമസ് (തോമാച്ചൻ-88) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** മോസ്കോ ചാരോത്ത് കുടുംബാംഗം നെടുംപൊയ്കയിൽ എൻ. ടി. തോമസ് (ബേബി-81) അന്തരിച്ചു.

**മുഹമ്മ:** പിഡബ്ല്യുഡി റിട്ട. ഓവർസീയർ തണ്ണീർമുക്കം ചെരിയത്ത് വീട്ടിൽ ഏബ്രഹാം (95) അന്തരിച്ചു.

**വെള്ളയിൽ:** ആനക്കുഴിക്കൽ ശോശാമ്മ വർഗീസ് (കുഞ്ഞുമോൾ-82) അന്തരിച്ചു.

**കുമ്പനാട്:** കടപ്ര മൈലനിൽക്കുന്നതിൽ നെല്ലിമല കാരവേലിൽ എം.എസ്. മാത്തുക്കുട്ടി (69) അന്തരിച്ചു.

**തൃശൂർ:** അതിരൂപത വൈദികനും ഏങ്ങണ്ടിയൂർ എം.ഐ. ആശുപത്രി മുൻ.അസി. ഡയറക്ടറും തൃശൂർ ആറ്റത്തറ, മുല്ലശേരി, കാരമുക്ക് സ്കൂളുകളുടെ മുൻ മാനേജരുമായ ഫാ. ജോസ് അറങ്ങാശേരി (71) അന്തരിച്ചു.

**റാന്നി:** റിട്ട.പ്രധാനാദ്ധ്യാപിക ചേത്തോങ്കര മണപ്പുറത്ത് അമ്മിണി വർഗീസ് (86) അന്തരിച്ചു.

**നട്ടാശേരി:** തുണ്ടിപ്പറമ്പിൽ ടി.വി. ആന്റണി (92) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

## LIVE-IN CAREGIVER NEEDED – DETROIT

An 86-year-old elderly lady Malayalam speaking in Detroit, who is fully wheelchair-dependent, is looking for a live-in caregiver from January 1st 2027.

Duties include:

* Assistance with daily activities
* Light cooking
* General caregiving and companionship

**If you are interested or know someone who may be interested, please contact.**

**Joji Varughese**

**586-610-9932**

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: SARA, DALLAS*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: SARA, DALLAS*

**Visit Our Website: www.keralaexpress.com for Classified Advt.**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: SARA, DALLAS*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: SARA, DALLAS*




# 75-ന്റെ നിറവിൽ ഇച്ചാക്കയ്ക്ക് പിറന്നാൾ ആശംസകൾ നേർന്ന് മോഹൻലാൽ

സ്നേഹബഹുമാനങ്ങളോടെ ഇച്ചാക്ക എന്ന് വിളിക്കുന്ന മമ്മൂട്ടിക്ക് എഴുപത്തിയഞ്ചാം പിറന്നാളാശംസിക്കുന്ന ഈ കുറിപ്പ് ഞാനെഴുതുന്നത് ഫുക്കറ്റിൽ ഇരുന്നാണ്. ഷൂട്ടിങ്ങിനായി ജോർജിയയിലേക്കുള്ള യാത്രാമധ്യേ ഒരു വീട്ടിൽ രണ്ടുദിവസമായി തനിച്ചായിരുന്നു താമസം. അതിന്റെയൊരു സുഖം പറഞ്ഞറിയിക്കാനാവാത്തതാണ്.



അങ്ങനെയിരിക്കുമ്പോൾ പോയ കാലത്തെ പലതും ഓർമ്മകളിലേക്ക് തിരിച്ചുവന്നു. അക്കൂട്ടത്തിൽ ഇച്ചാക്കയുമുണ്ടായിരുന്നു. ഞങ്ങളൊന്നിച്ച് ജീവിക്കുകയും അഭിനയിക്കുകയും ഒരു കുടുംബംപോലെ കഴിയുകയും ചെയ്ത നല്ലകാലങ്ങളുണ്ടായിരുന്നു. കുട്ടികളുടെ കളിചിരികളും വളർച്ചയുമുണ്ടായിരുന്നു.

നായകകഥാപാത്രങ്ങളിൽ അഭിനയിക്കുന്ന രണ്ടുപേർ അമ്പതിലധികം സിനിമകളിൽ ഒന്നിച്ചഭിനയിച്ച ചരിത്രം വേറെയുണ്ടാകും എന്നെനിക്ക് തോന്നുന്നില്ല. തിക്കുറിശ്ശിസാർ മുതൽ കൊട്ടാരക്കരസാർ, എസ്.പി. പിള്ള സാർ, നസീർ സാർ തുടങ്ങിയ വലിയ ഒരു ലെഗസിയുടെ തുടർച്ചയായിട്ട് ഞങ്ങൾ രണ്ടുപേർക്കും നിൽക്കാൻ സാധിച്ചു. ഒന്നിച്ചഭിനയിക്കുമ്പോഴും വെവ്വേറെ അഭിനയിക്കുമ്പോഴും ഞങ്ങളെ ഏൽപ്പിച്ച ജോലി നന്നായി ചെയ്യാൻ കഠിനമായി ശ്രമിച്ചിട്ടുണ്ട്. അത് മത്സരമായിരുന്നില്ല. ജോലിയോടുള്ള പാഷനായിരുന്നു. അത് എന്നെക്കാളും ഉള്ളത് ഇച്ചാക്കയ്ക്കാണ്. ഒട്ടും ചോരാതെ അത് അദ്ദേഹം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.

ഇച്ചാക്കയുടെ പ്രായം ഞാൻ കണക്കാക്കുന്നില്ല. പ്രായത്തെ മറികടന്ന് നിൽക്കാൻ ഇഷ്ടപ്പെടുന്നയാളാണ് അദ്ദേഹം. എത്രവർഷം ജീവിച്ചു എന്നല്ല, എങ്ങനെ ജീവിച്ചു, എന്തു ചെയ്തു എന്നതിനൊക്കെ വലിയ ഉദാഹരണമാണ് അദ്ദേഹം. ഒരുപാട് നല്ല സിനിമയുടെ ഭാഗമായി മലയാളസിനിമയ്ക്ക് വലിയ യശസ്സുണ്ടാക്കിക്കൊടുത്തയാളാണ്. ആ കുടുംബവുമായി എല്ലാകാലത്തും നല്ല ബന്ധമാണ് എന്റെ കുടുംബത്തിന്. ഇച്ചാക്കയുടെ മാതാപിതാക്കളുമായും നല്ല സൗഹൃദം പുലർത്തിയിരുന്നു. കുറച്ചുകാലം മുൻപ് ഒരു കാർമേഘം ഇച്ചാക്കയുടെ ജീവിതത്തിന് മുകളിലൂടെ കടന്നുപോയി.

ആ സമയത്തും ഇനിയും നല്ല സിനിമകൾ ചെയ്യണം എന്ന അഭിനിവേശം തുടിക്കുന്നത് അടുത്തുനിന്ന് ഞാൻ അനുഭവിച്ചിട്ടുണ്ട്. ഒട്ടും ഭയപ്പെടാതെ 'ഈ കാലവും കടന്നുപോകും' എന്ന് ഞങ്ങൾ പരസ്പരം ആശ്വസിപ്പിച്ചിരുന്ന നാളുകളായിരുന്നു അത്. ദൈവാനുഗ്രഹത്താൽ അങ്ങനെതന്നെ സംഭവിച്ചു. ഞാൻമാത്രമല്ല മലയാളികൾ മുഴുവനും അതിനായി പ്രാർത്ഥിച്ചിരുന്നു. ഇച്ചാക്ക അപ്പുറമുണ്ട് എന്നത് എല്ലാ കാലത്തും എനിക്കൊരു ബലമായിരുന്നു. ആ തോന്നൽ കൂടുകയേ ചെയ്തിട്ടുള്ളൂ. ഹൃദയംതൊട്ട് സ്നേഹിക്കുന്ന ഒരു സുഹൃത്തായും വിസ്മയിപ്പിക്കുന്ന ഒരു നടനായും ജീവിതത്തിന്റ ദുർഘട ഘട്ടങ്ങളിൽ എന്നെ സഹായിക്കാനെത്തുന്ന ജ്യേഷ്ഠസഹോദരനായും ഇച്ചാക്കാ, ഇനിയും ഏറെവർഷങ്ങൾ നിങ്ങൾ ഇവിടെ വേണം എന്ന് പ്രാർത്ഥിക്കുന്നു.

അനുജനെന്ന നിലയിൽ, ആസ്വാദകനെന്ന നിലയിൽ, സഹപ്രവർത്തകനെന്ന നിലയിൽ ഹൃദയത്തിൽനിന്നും നേരുന്നു. Happy Birth Day.







**മമ്മൂട്ടിയുടെ പുതിയ ചിത്രം മേളയുടെ ഫസ്റ്റ്ലുക് പോസ്റ്റർ പുറത്തുവിട്ടപ്പോൾ. മമ്മൂട്ടിയുടെ സിനിമാ ജീവിതത്തിൽ സവിശേഷ സ്ഥാനമുള്ള ആദ്യകാല ചിത്രങ്ങളിലൊന്നിന്റെ പേരും മേള എന്നാണ്. (1980-ൽ പുറത്തിറങ്ങിയ കെ.ജി. ജോർജ് ചിത്രം)**

# മഞ്ജൈയുടെ ജന്മദിനാഘോഷം വൈക്കത്തെ ചെമ്പിൽ നടന്നു

ഓ, മമ്മൂട്ടിയാണെന്നാ വിചാരം! സമൂഹമാധ്യമങ്ങളിൽ തീ പടർത്തി വീണ്ടും മമ്മൂട്ടിയെത്തുമ്പോൾ ഫോട്ടോയ്ക്ക് താഴെ മലയാളികളുടെ കമന്റ്സ് ഇങ്ങനെ. പിറന്നാൾത്തലേന്ന് മമ്മൂട്ടി ഭാര്യയുമൊത്ത് കൊച്ചിയിൽ നിന്ന് ചെന്നൈയിലേക്കു നടത്തിയ യാത്രയുടെ ദൃശ്യങ്ങൾ തരംഗമായി.

മകൻ ദുൽഖർ സൽമാനും മകൾ സുറുമിയും കുടുംബാംഗങ്ങളും ആന്റോ ജോസഫ് ഉൾപ്പെടെ സന്തത സഹചാരികളുമാണു പിറന്നാളിന് ഒപ്പമുള്ളത്.

മമ്മൂട്ടി ഫാൻസ് ആൻഡ് വെൽഫെയർ അസോസിയേഷന്റെ നേതൃത്വത്തിൽ കഴിഞ്ഞമാസം തുടങ്ങിയ രക്തദാന ക്യാംപിൽ 25000 പേരാണ് ഇതുവരെ പങ്കെടുത്തത്. സെപ്റ്റംബർ എട്ട് മുതൽ 30 വരെ നടക്കുന്ന എംജിഎം ജീവാമൃതം രക്തദാന ക്യാംപ് തിരുവനന്തപുരത്ത് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. മികച്ച നടനുള്ള ദേശീയ പുരസ്കാരം സെപ്റ്റംബർ അവസാനവാരം ഗുജറാത്തിൽ നടക്കുന്ന ചടങ്ങിൽ മമ്മൂട്ടി രാഷ്ട്രപതിയിൽ നിന്നേറ്റുവാങ്ങും.

'മഞ്ജൈയുടെ ജന്മദിനാഘോഷം' എന്ന പേരിൽ മമ്മൂട്ടിയുടെ ജന്മനാടായ കോട്ടയം വൈക്കത്തെ ചെമ്പിൽ ചെമ്പിലരയൻ ബോട്ട് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിപുലമായ പിറന്നാൾ ആഘോഷം നടന്നു. സ്കൂൾ പഠനകാലത്തു മമ്മൂട്ടിയുടെ തൂലികാനാമമായിരുന്നു മഞ്ജൈ. മമ്മൂട്ടിയുടെ പേരിന്റെ ആദ്യ അക്ഷരവും സഹപാഠി ധനഞ്ജയന്റെ പേരിന്റെ അക്ഷരങ്ങളും ചേർത്താണ് 'മഞ്ജൈ' എന്ന തൂലികാനാമം മമ്മൂട്ടി സ്വീകരിച്ചത്.

## ഹലോ ഡിയർ

സംഗീത് പ്രതാപും മമിതാ ബൈജുവും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ഹലോ ഡിയറിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.




നിർമാണം ആഷിക് ഉസ്മാൻ. തിരക്കഥ, സംവിധാനം ഡിനോയ് പൗലോസ്.

റൊമാന്റിക് കോമഡി ജോണറിൽ അവതരിപ്പിക്കുന്ന ചിത്രം ഒരു മെട്രോ നഗരത്തിന്റെ പശ്ചാത്തലത്തിൽ കഥ പറയുന്നു. സുരേഷ് കൃഷ്ണയും പ്രധാന വേഷത്തിലെത്തുന്നു.

ഛായാഗ്രഹണം-അഖിൽ ജോർജ്, എഡിറ്റിംഗ്-ചമൻ ചാക്കോ, കലാസംവിധാനം-നിമിഷ് എം. താനൂർ, മേക്കപ്പ്-റോണക്സ് സേവ്യർ. കോസ്റ്റ്യൂം ഡിസൈൻ-മഷർ ഹംസ.




# ബെത്‌ലഹേം കുടുംബയൂണിറ്റിലെ ബൈജുഭായിയായി സുരേഷ് കൃഷ്ണ കളം നിറയുന്നു



ചിരിപ്പിച്ചു കിടത്തുന്ന കൗണ്ടർ കോമഡികൾ, ഇന്നലെവരെ വില്ലൻവേഷത്തിൽ പല അവതാരപ്പിറവികൾ കണ്ട അതേ സുരേഷ് കൃഷ്ണ. ജസ്റ്റിൻ ചേട്ടന്റെ ബൈജുഭായിയായി കളംനിറയുമ്പോൾ പ്രേക്ഷകർ ഒന്നടങ്കം പറയുന്നു 'ഇയാളൊരു ജെം ആണ്'. നിവിൻ പോളിയെ നായകനാക്കി ഗിരീഷ് എ.ഡി. ഒരുക്കിയ ബെത്‌ലഹേം കുടുംബയൂണിറ്റിലൂടെ സുരേഷ് കൃഷ്ണ തന്റെ വില്ലൻ ഇമേജ് പൊളിച്ചെഴുതുകയാണ്.

ബെത്‌ലഹേം കുടുംബയൂണിറ്റ് തരംഗമാകുകയാണ്. ബൈജു എന്ന കഥാപാത്രം ഇമേജ് ബ്രേക്ക് ചെയ്യുകയാണ്.

ഒരു സിനിമയുടെ എല്ലാ വിഭാഗങ്ങളും ഒരുപോലെ ഒത്തുവരുമ്പോഴാണ് അതൊരു സൂപ്പർ ഹിറ്റ് ആകുന്നത്. അത്തരത്തിലൊരു വിജയസിനിമയുടെ ഭാഗമാകാൻ സാധിച്ചു എന്നതിൽ സന്തോഷം. ബെത്‌ലഹേം കുടുംബയൂണിറ്റ് എന്ന സിനിമയിലേക്ക് എന്നെ വിളിച്ചപ്പോൾ വർക്കുചെയ്യാൻ പോകുന്നതും ഒരു പുതിയ ടീമിനൊപ്പമാണെന്ന ബോധ്യം എനിക്കുണ്ടായിരുന്നു. കാരണം സംവിധായകൻ ഗിരീഷും നായകൻ നിവിൻ പോളിയടക്കം എല്ലാവരുടെയുംകൂടെ ഞാൻ ആദ്യമായാണ് വർക്കുചെയ്യുന്നത്. അവർക്കാണെങ്കിൽ എന്നെ നേരിട്ട് അറിയുകയും ഇല്ല. ഇതിനുമുൻപ് മരണമാസ്, ഡ്രൈവിങ് ലൈസൻസ്, ചേട്ടായീസ് തുടങ്ങി വളരെ കുറച്ച് സിനിമകളിൽ മാത്രമാണ് ഞാൻ കോമഡി കഥാപാത്രങ്ങൾ ചെയ്തിട്ടുള്ളത്. അതുകൊണ്ട് സെറ്റിലേക്ക് ഏറെ ആകാംക്ഷയോടെയും സന്തോഷത്തോടെയുമാണ് ഞാൻ കടന്നുചെന്നത്. ഗിരീഷ് എ.ഡിയുടെ തണ്ണീർമത്തൻ ദിനങ്ങൾ, സൂപ്പർ ശരണ്യ, പ്രേമലു എന്നീ സിനിമകൾ കണ്ട് ഇഷ്ടപ്പെട്ട് ഞാൻ വിളിച്ച് അഭിനന്ദനമറിയിച്ചിട്ടുണ്ട്. അങ്ങനെയുള്ള ബന്ധം മാത്രമേയുള്ളൂ. സെറ്റിലെത്തിയാൽ എല്ലാവരുമായും സിങ്കാകുമോ എന്ന സംശയം എനിക്കുമുണ്ടായിരുന്നു. എന്നാൽ, ആദ്യ ദിനംമുതൽ കഥയുമായും ആ ടീമുമായും സിങ്കായി. പിന്നെ ഓരോ സീൻ കിട്ടുമ്പോഴും വളരെ ആസ്വദിച്ച് ഞങ്ങളെല്ലാം അത് അഭിനയിച്ചു തുടങ്ങി. കൃത്യമായ തിരക്കഥയും ഗിരീഷിന്റെ മാർഗനിർദേശങ്ങളുമാണ് എല്ലാവരുടെയും അഭിനയത്തെ മെച്ചപ്പെടുത്തിയത്. അഭിനയിക്കുമ്പോൾ ഇതൊരു നല്ല സിനിമയാകും എന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ടായിരുന്നു. കാരണം ഗിരീഷ് മാജിക്കും ഭാവന സ്റ്റുഡിയോസ് എന്ന പ്രൊഡക്ഷൻ ഹൗസും തന്നെയായിരുന്നു ആ വിശ്വാസത്തിന്റെ അടിത്തറ. സിനിമ വിചാരിച്ചതിനേക്കാൾ വലിയ വിജയമാക്കിയ പ്രേക്ഷകർക്ക് നന്ദി.

വില്ലൻ കഥാപാത്രങ്ങളിൽനിന്നുള്ള പിന്മാറലാണോ എന്നു ചോദിച്ചാൽ എല്ലാ മലയാളികൾക്കും ഞാൻ സിനിമയിലുണ്ടെങ്കിൽ വില്ലനായിരിക്കും എന്നൊരു മുൻധാരണയുണ്ടായിരുന്നു. ഒരുഘട്ടംവരെ വില്ലൻവേഷങ്ങളിൽ ഞാൻ തളച്ചിടപ്പെട്ടിരുന്നു. ഞാൻ പൊതുവേ ജീവിതത്തെ ലളിതമായിക്കാണുന്ന മനുഷ്യനാണ്. എന്നാൽ, വില്ലൻവേഷങ്ങൾ മാത്രം ചെയ്തുചെയ്ത് ജീവിതത്തിലും ഞാൻ പരുക്കനായിമാറുന്ന ഒരു ഘട്ടമുണ്ടായിരുന്നു. എത്രയോ വർഷങ്ങൾക്കുശേഷമാണ് കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഞാൻ ചിരിച്ച് അഭിനയിക്കുന്നത്. നിവിൻ ഒരഭിമുഖത്തിൽ പറഞ്ഞപോലെ എന്നെക്കുറിച്ച് എല്ലാവർക്കുമുള്ള മുൻധാരണ ഈ സിനിമയോടെ പൊളിഞ്ഞു. ഇമേജ് പൊളിക്കുക, സ്വയം നവീകരിക്കുക എന്നത് ഒരു അഭിനേതാവിന്റെ കർത്തവ്യം കൂടിയാണ്. ഓരോ ദിവസവും ലോകത്തിന്റെ പലഭാഗങ്ങളിൽനിന്ന് മലയാളികൾ സിനിമകണ്ട് സന്തോഷം പങ്കുവെക്കുന്നുണ്ട്. നിവിനടക്കം എന്നെക്കുറിച്ച് നല്ല വാക്കുകൾ പറയുന്ന എല്ലാവർക്കും നന്ദി. വരാനിരിക്കുന്ന സിനിമകളിലും ഹ്യൂമർ ടച്ചുള്ള കഥാപാത്രങ്ങളാണ് ചെയ്തിട്ടുള്ളത്. വില്ലൻ വേഷങ്ങളിൽനിന്ന് പിന്മാറിയിട്ടൊന്നുമില്ല. നല്ലതുവന്നാൽ സ്വീകരിക്കും. പഴയതുപോലെ അടികൊള്ളുന്ന വില്ലൻ വേഷങ്ങളായിരിക്കില്ല. വ്യത്യസ്തമായ നെഗറ്റീവ് കഥാപാത്രങ്ങൾ വന്നാൽ അഭിനയിക്കും.

സിനിമയിലെ ഇതുവരെയുള്ള യാത്രയിൽ സന്തോഷവാനാണോ എന്നു ചോദിച്ചാൽ തീർച്ചയായും അതെ. ചെന്നൈയിലാണ് ഞാൻ കുട്ടിക്കാലംതൊട്ട് പഠിച്ചുവളർന്നത്. അന്നേ നല്ല ഉയരമുള്ളതുകൊണ്ട് സ്പോർട്സിൽ ഒരു ഭാവിയുണ്ടെന്ന് എല്ലാവരും പറഞ്ഞു. അതോടെ ഞാനും വോളിബോൾ പോലെയുള്ള ഇനങ്ങളിൽ സ്കൂളിൽ സജീവമായി. സ്പോർട്സ് ക്വാട്ടയിൽ സർക്കാർജോലിക്ക് കയറുക എന്നതായിരുന്നു ലക്ഷ്യം. എന്നാൽ, അച്ഛന് അതിലൊന്നും വലിയ താത്പര്യമുണ്ടായില്ല. നല്ലരീതിയിൽ പഠിച്ചാൽ ഏത് ജോലിയും കിട്ടിക്കൊള്ളും എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. അന്ന് റെയിൽവേയിൽ ടി.ടി.ആർ. ജോലിയാണ് എന്നെ ഏറെ ആകർഷിച്ചത്. കാരണം അവർക്ക് ട്രെയിനിൽ യാത്ര സൗജന്യമാണ്. അന്ന് ഏറ്റവും വലിയ ആഗ്രഹം നാട്ടിലേക്കുള്ള യാത്രയായിരുന്നു. ടി.ടി.ആർ. ആയാൽ ടിക്കറ്റൊന്നുമെടുക്കാതെ യാത്രചെയ്യാം. ഒപ്പം അവരുടെ വേഷവും കിട്ടുന്ന ബഹുമാനവുമെല്ലാം ആകർഷണീയമായി തോന്നി. എന്നാൽ, എനിക്കായി കാലം മറ്റൊരു സമ്മാനമായിരുന്നു കരുതിവെച്ചത്. എന്റെ വീട്ടിലോ കുടുംബത്തിലോ ആരും സിനിമാമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. അതിനാൽ വഴികാട്ടാനോ ആൾക്കാരെ പരിചയപ്പെടുത്താനോ നമുക്കുവേണ്ടി ഒന്ന് പറയാനോ ആരുമുണ്ടായിരുന്നില്ല. എപ്പോഴാണ് അഭിനയം തുടങ്ങിയതെന്ന് ചോദിച്ചാൽ ഇപ്പോഴും എനിക്ക് കൃത്യമായി അറിയില്ല. ഒരു ഫ്രെയിമിലും സീനിലുമൊക്കെ പ്രത്യക്ഷപ്പെട്ടുപോയ ഒരിപിടി സിനിമകളുണ്ട്.

ഒരുദാഹരണം പറയാം, ഒരിക്കൽ ഗുരുവായൂരിൽ വെക്കേഷനുവന്ന സമയം. അവിടെ ഭരതേട്ടൻ സംവിധാനം ചെയ്യുന്ന ചമയം എന്ന സിനിമയുടെ ഷൂട്ടിങ് നടക്കുന്നുണ്ട്. പ്രൊഡക്ഷൻ കൺട്രോളറായ സെവൻ ആർട്സ് മോഹനനെ ഞാനവിടെവെച്ച് കണ്ടു. ചെന്നൈയിൽവെച്ച് പരിചയമുള്ളതുകൊണ്ടുതന്നെ അദ്ദേഹം പെട്ടെന്ന് എന്റെ അടുത്തുവന്ന് കാര്യങ്ങൾ അന്വേഷിച്ചു. അദ്ദേഹം എന്നെ കൊണ്ടുപോയി ഭരതൻസാറിനെ പരിചയപ്പെടുത്തി. ആ സിനിമയിൽ രണ്ടു സീനും ഒരു ഡയലോഗും കിട്ടി. അങ്ങനെ അഭിനയിച്ച കുറെ സിനിമകളുണ്ട്. തമിഴിൽ തിരുവള്ളുവർ എന്ന സീരിയലിൽ പ്രധാനവേഷം ചെയ്താണ് അഭിനയത്തിൽ ശ്രദ്ധിക്കപ്പെടുന്നത്. പിന്നീട് ആർ.കെ. സെൽവമണി സംവിധാനംചെയ്ത പൊട്ടുഅമ്മൻ എന്ന തമിഴ് ചിത്രത്തിലൂടെ സിനിമയിൽ അരങ്ങേറി. പിന്നാലെ സ്ത്രീ എന്ന മലയാളം സീരിയലിൽ പ്രധാന കഥാപാത്രം ചെയ്തു. ആ പരമ്പര ഹിറ്റായതോടെ കരുമാടിക്കുട്ടൻ എന്ന സിനിമയിലേക്ക് വിനയൻസാർ വിളിച്ചു. ആ വേഷം ശ്രദ്ധിക്കപ്പെട്ടതോടെ പിന്നെ തിരിഞ്ഞുനോക്കേണ്ടിവന്നിട്ടില്ല. ഒരുപാട് നല്ല സിനിമകളുടെ ഭാഗമായി മികച്ച കഥാപാത്രങ്ങൾ ചെയ്യാൻ പറ്റി.

അഭിനേതാവ് എന്ന നിലയിൽ സിനിമയിൽ ഇപ്പോഴും നടക്കാത്ത മോഹങ്ങളെക്കുറിച്ചു പറഞ്ഞാൽ മണിരത്നം സാർ കുട്ടിസ്രാങ്ക് എന്ന സിനിമ കണ്ട് അദ്ദേഹത്തിന്റെ കടൽ എന്ന സിനിമയിൽ ഒരു കഥാപാത്രം ചെയ്യാൻ എന്നെ പരിഗണിച്ചിരുന്നു. അദ്ദേഹത്തിന്റെ ഓഫീസിൽച്ചെന്ന് ഞാൻ സംസാരിച്ചിരുന്നു. എന്നാൽ, അവസാനനിമിഷം കഥയിലുണ്ടായ മാറ്റങ്ങൾകാരണം കഥാപാത്രം ഇല്ലാതായി. അദ്ദേഹം എപ്പോഴെങ്കിലും ഇനിയും വിളിക്കുമെന്ന് പ്രതീക്ഷയുണ്ട്. അതുപോലെ സത്യൻ അന്തിക്കാടിന്റെ ഒരു സിനിമയിൽ അഭിനയിക്കണമെന്ന് ഏറെക്കാലമായി ആഗ്രഹിക്കുന്നു. അതും പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് അഥവാ അദ്ദേഹം വിളിച്ചില്ലെങ്കിലും മക്കളായ അനൂപും അഖിലും എങ്കിലും അവരുടെ സിനിമകളിലേക്ക് എന്നെ വിളിക്കുമെന്നാണ് പ്രതീക്ഷ. പിന്നെ പുതുതലമുറയിലെ മിടുക്കരായ എല്ലാവരുടെകൂടെയും സിനിമചെയ്യണം. അവർ ഒരുപാട് വ്യത്യസ്ത കഥാപാത്രങ്ങൾ സമ്മാനിക്കും എന്ന് വിശ്വസിക്കുന്നു.

## 'ഡോണ്ട് ട്രബിൾ, ദ ട്രബിൾ' ഒക്ടോബർ രണ്ടിന് തിയറ്ററുകളിൽ




രാജമൗലി അവതരിപ്പിക്കുന്ന ഫഹദ് ഫാസിൽ ചിത്രം 'ഡോണ്ട് ട്രബിൾ ദ ട്രബിൾ' ഒക്ടോബർ രണ്ടിന് തിയറ്ററുകളിൽ. സംവിധാനം ശശാങ്ക് യെലേട്ടി.

ആർക്ക മീഡിയ വർക്ക്സ്, ഷോയിംഗ് ബിസിനസ് എന്നീ ബാനറുകളുടെ കീഴിൽ ഷോബു യാർ ലഗഡ്ഡ, പ്രസാദ് ദേവിനേനി, എസ്.എസ്. കാർത്തികേയ എന്നിവരാണു നിർമാണം.

ഫാന്റസി, ഹ്യൂമർ, ഹൃദയസ്പർശിയായ മുഹൂർത്തങ്ങൾ എന്നിവ ചേരുന്ന സിനിമാനുഭവമാണ് 'ഡോണ്ട് ട്രബിൾ ദ ട്രബിൾ' ഒരുക്കുന്നത്.

ബാലതാരമായ സാറായുടെ പ്രകടനവും പ്രധാന ആകർഷണം. ചിത്രം മലയാളം, തെലുങ്ക്, ഹിന്ദി ഭാഷകളിൽ റിലീസാകും. സംഗീതം കാലഭൈരവ. എഡിറ്റിംഗ് പ്രവീൺ ആന്റണി.

# സോളാറിന് മുൻഗണയുള്ള ഊർജനയം വരുമെന്ന് മുഖ്യമന്ത്രി

കൊച്ചി: പുനരുപയോഗ ഊർജമേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ കേരളത്തിൽ പുതിയ ഊർജനയം കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. സൗരോർജത്തിന് മുൻഗണന നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

കോൺഫെഡറേഷൻ ഓഫ് റിന്യൂവബിൾ എനർജി (കോർ) കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന കോർ റിന്യൂ എക്സ്പോ ആൻഡ് എനർജി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഊർജ ആവശ്യകതയുമായി ഉത്പാദനം ഒത്തുപോകണമെങ്കിൽ പുനരുപയോഗ ഊർജത്തിലേക്കു മാറണം. അത്തരത്തിലുള്ള ഊർജനയം ഒക്ടോബറിൽ ഉണ്ടാകും. പുരപ്പുറ സോളാർ മികച്ചരീതിയിൽ മുന്നേറുന്നുണ്ടെങ്കിലും വൈദ്യുതിബാറ്ററിയിൽ സംഭരിക്കുന്ന ബെസ് സംവിധാനം മെച്ചപ്പെടണം - മുഖ്യമന്ത്രി പറഞ്ഞു.

ഹൈബി ഈഡൻ എംപി, ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, കെ.എസ്.ഇ.ബി. മുൻ സി.എം.ഡി ബിജു പ്രഭാകർ തുടങ്ങിയവർ പങ്കെടുത്തു.

# പി.കെ. കേരളവർമ അന്തരിച്ചു



കോഴിക്കോട്: കോഴിക്കോട് സാമൂതിരി രാജ പി.കെ. കേരളവർമ (90) അന്തരിച്ചു. ഫാർമക്കോളജി വിദഗ്ധനും മികച്ച എക്സ്പോർട്ടർക്കുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അവാർഡ് ജേതാവുമാണ്.

തിരുവണ്ണൂർ പുതിയ കോവിലകത്ത് തെക്കെ കെട്ട് താവഴി അംഗമാണ്. കോഴിക്കോട് സന്ദർശനവേളയിൽ ഗാന്ധിജിക്ക് സ്വർണവള ഊരി നൽകി സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ അമ്പാടി കോവിലകം ശ്രീദേവി വർമയുടെയും തിരുവല്ല നെടുമ്പ്രത്ത് കൊട്ടാരത്തിലെ ബാല രാമവർമയുടെയും മകനാണ്.

ചിന്താവളപ്പിലെ ഫ്ളാറ്റിലായിരുന്നു താമസം. നാർണ്യാട്ട് ഫാർമസ്യൂട്ടിക്കൽസ് സ്ഥാപകനാണ്. കോഴിക്കോട്ടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാനുഫാക്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റായും ചെറുകിട വ്യവസായ അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗമായും കോട്ടയ്ക്കൽ ആര്യവൈദ്യശാല, ഔഷധി, വൈദ്യമഠം എന്നീ സ്ഥാപനങ്ങളുടെ ഫാർമക്കോളജി ഉപദേശകൻ എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്.

തിരുവല്ല നെടുമ്പ്രം കൊട്ടാരത്തിലെ ജയശ്രീ വർമയാണ് ഭാര്യ. മക്കൾ: സുനീതി രാജ (വിവർത്തക, ബുക്ക് എഡിറ്റർ, ഡൽഹി), ഡോ. കെ. സുജിത്ത് വർമ (പ്രിൻസിപ്പൽ, നാഷണൽ കോളജ് ഓഫ് ഫാർമസി, കെ.എം.സി.ടി). മരുമക്കൾ: കെ.സി. രവീന്ദ്രൻ രാജ (കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഉദ്യോഗസ്ഥൻ), ആർ. ദിവ്യ (അദ്ധ്യാപിക, ഗവ. എം.വി. ഹൈസ്കൂൾ, കൊയിലാണ്ടി).

## അണികളെ തിരുത്തി മുന്നോട്ട്

(3-ാം പേജിൽനിന്നും)

അംഗങ്ങളുട നിലവാരം മെച്ചപ്പെടുത്തി, പാർട്ടി വിദ്യാഭ്യാസം ശക്തിപ്പെടുത്തുമെന്ന് ഗോവിന്ദൻ പത്രസമ്മേളനത്തിൽ പറഞ്ഞു. വിപുലീകൃത സംസ്ഥാനസമിതി യോഗത്തിൽ അവതരിപ്പിച്ച കരട് റിപ്പോർട്ട് ഏകകണ്ഠമായി പാസാക്കിയെന്നും നേതൃമാറ്റമുണ്ടാകില്ലെന്നും ഗോവിന്ദൻ വ്യക്തമാക്കി.

അതിനിടെ കണ്ണൂർ ജില്ലാക്കമ്മിറ്റി വിമർശനവുമായി രംഗത്തെത്തി. പയ്യന്നൂരിലെ തോൽവി റിപ്പോർട്ടിൽ എന്തുകൊണ്ടാണ് തളിപ്പറമ്പിനെക്കുറിച്ചു മിണ്ടാട്ടമില്ലാത്തതെന്നു കമ്മിറ്റി ചോദ്യമുയർത്തി. മുതലാളിത്ത സമൂഹത്തിൽ പ്രവർത്തിക്കുമ്പോൾ കടന്നുവരാനിടയുള്ള തെറ്റായ പ്രവണതകൾ തിരുത്താനുള്ള പദ്ധതികൾ വിപുലീകൃത സംസ്ഥാനസമിതി യോഗം ആസൂത്രണം ചെയ്യും. പോരായ്മകൾ തിരുത്താനും പ്രാദേശികതലത്തിലെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കാനും ഗൗരവപൂർവമായ ഇടപെടൽ താഴേത്തലം മുതൽ ഉണ്ടാകണം. സംസ്ഥാനരാഷ്ട്രീയത്തിൽ ഇടതുപക്ഷത്തെ ദുർബലപ്പെടുത്തി, വർഗീയതയും അരാഷ്ട്രീയവാദവും ഉൾപ്പെടെയുള്ള വലതുപക്ഷ ആശയങ്ങൾ സ്വാധീനം ചെലുത്തുന്നുണ്ട്. പുതിയ സാമൂഹിക സാഹചര്യത്തിൽ പാർട്ടി പ്രവർത്തനം എങ്ങനെ സംഘടിപ്പിക്കണമെന്നതാണ് ചർച്ചചെയ്യുന്ന പ്രധാന വിഷയം. വലതുപക്ഷ മാധ്യമങ്ങളുടെ തെറ്റായ പ്രചാരവേലകളെ പ്രതിരോധിക്കാൻ പാർട്ടിയുടെ മാധ്യമസംവിധാനങ്ങൾ ശക്തിപ്പെടുത്തണം. വർഗീയതയുമായി സമരസപ്പെട്ട് പ്രവർത്തിക്കുന്ന വി.ഡി. സതീശനെയും കോൺഗ്രസിനെയും ലീഗിനെയും മാധ്യമങ്ങൾ കാണുന്നില്ലെന്നു ഗോവിന്ദൻ കുറ്റപ്പെടുത്തി.

ഉദ്ഘാടനപ്രസംഗത്തിൽ ജനറൽ സെക്രട്ടറി ഒഴിവാക്കിയെങ്കിലും പ്രതിപക്ഷനേതാവ് പിണറായി വിജയൻ, മകൾ ടി. വീണ, മുൻമന്ത്രി പി.എ. മുഹമ്മദ് റിയാസ് എന്നിവരെ പ്രതിക്കൂട്ടിൽ നിർത്തുന്ന ഇഡി നീക്കം യോഗത്തിൽ ചർച്ചയാകുമെന്നാണു സൂചന.

തോൽവിയിൽ സംസ്ഥാനനേതൃത്വത്തിന്റെ പങ്ക് അവഗണിച്ച് താഴേത്തട്ടിൽ മാത്രമാണ് തിരുത്തൽ നടപടിയെങ്കിൽ കാര്യങ്ങൾ കൂടുതൽ സങ്കീർണമാകുമെന്ന് രാഷ്ട്രീയ നിരീക്ഷകർക്കു പുറമേ, പാർട്ടിയിൽ ഒരുവിഭാഗവും കരുതുന്നു.

# കാന്തപുരവുമായി ചർച്ച നടത്തി മലേഷ്യൻ പ്രധാനമന്ത്രി




മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാരുമായി ചർച്ച നടത്തുന്നു.

കോഴിക്കോട്: കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാരെ കാരന്തൂർ മർക്കസിലെത്തി സന്ദർശിച്ച് മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം. അഞ്ചു ദിവസത്തെ ഇന്ത്യ പര്യടനത്തിന്റെ ഭാഗമായി ഡൽഹിയിൽ നടന്ന ബ്രിക്സ് ഉച്ചകോടിക്കു ശേഷമാണ് അദ്ദേഹം കോഴിക്കോട്ടെത്തിയത്. സെപ്റ്റംബർ 13-ന് വൈകുന്നേരം 5.40-ഓടെ മർക്കസിൽ എത്തിയ മലേഷ്യൻ പ്രധാനമന്ത്രിയെ മർക്കസ് വർക്കിംഗ് സെക്രട്ടറി ഡോ. മുഹമ്മദ് അബ്ദുൾ ഹകീം അസ്ഹരി, സെക്രട്ടറി സി. മുഹമ്മദ് ഫൈസി, എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. മർക്കസും മലേഷ്യൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള വിദ്യാഭ്യാസ വിനിമയ ബന്ധങ്ങൾ, വിദ്യാഭ്യാസ-സാംസ്കാരിക-വൈജ്ഞാനിക സഹകരണം, മലേഷ്യയിലെ ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമകാര്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ കാന്തപുരവും മലേഷ്യൻ പ്രധാനമന്ത്രിയും തമ്മിൽ കൂടിക്കാഴ്ച നടത്തി. അത്താഴവിരുന്നിലും അൻവർ ഇബ്രാഹിം പങ്കെടുത്തു.

# ഹരീഷ് റാവത്ത് പാർട്ടി പദവികൾ വിടുന്നുവെന്ന് പ്രഖ്യാപിച്ചു

ന്യൂഡൽഹി: വിശ്വസ്തന്റെ വീട്ടിൽനിന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) റെയ്ഡിൽ പണവും ആഭരണങ്ങളും പിടിച്ചെടുത്തതിനു പിന്നാലെ പാർട്ടി പദവികൾ ഒഴിയുന്നതായി കോൺഗ്രസിന്റെ മുതിർന്ന നേതാവും ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രിയുമായ ഹരീഷ് റാവത്ത് പ്രഖ്യാപിച്ചു. പ്രവർത്തക സമിതി ക്ഷണിതാവ്, പിസിസി നിർവാഹക സമിതി പദവികൾ ഒഴിയുന്നുവെന്നാണു ഹരീഷ് റാവത്ത് പറഞ്ഞത്. അടുത്തവർഷമാണു നിയമസഭ തെരഞ്ഞെടുപ്പ്.

ഈയിടെ റാവത്തിന്റെ സഹായി ചന്ദൻ സിങ് ജീനയുടെ വസതിയിൽ നടത്തിയ ഇഡി റെയ്ഡിൽ 12 ആഡംബര വാച്ചുകളും 32 ലക്ഷം രൂപയും 200 ഗ്രാം സ്വർണവുമാണു പിടിച്ചത്. റാവത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ (2014-17) സ്പെഷൽ ഓഫീസറായിരുന്നു ജീന. 2016-ലെ സംസ്ഥാന സർവീസ് സിലക്ഷൻ കമ്മീഷൻ പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിന്റെ ഭാഗമായായിരുന്നു റെയ്ഡ്. നിയമനരംഗത്തെയും വിദ്യാഭ്യാസരംഗത്തെയും അഴിമതികൾ ചൂണ്ടിക്കാട്ടി രാഹുൽ ഗാന്ധി ഛാത്രോം കി ഗൂഞ്ച് പ്രചാരണം നടത്തുന്നതിനിടെയാണു റാവത്തിന്റെ സഹായി നിയമന ക്രമക്കേടുമായി ബന്ധപ്പെട്ട റെയ്ഡിൽ ഉൾപ്പെടുന്നത്.

## ബ്രിക്സ് ഉച്ചകോടി സമാപിച്ചു

(3-ാം പേജിൽനിന്നും)

പലസ്തീന് ഐക്യരാഷ്ട്ര സഭയിൽ പൂർണ അംഗത്വം നല്കണമെന്ന് ബ്രിക്സ് ആവശ്യപ്പെട്ടു. 2025 ഒക്ടോബറിൽ വെടിനിർത്തൽ കരാറിൽ എത്തിയിട്ടും ഗാസയിൽ ആക്രമണങ്ങൾ തുടരുന്നതിൽ പ്രമേയം ആശങ്ക രേഖപ്പെടുത്തി. പശ്ചിമേഷ്യൻ പ്രശ്നത്തിൽ ദ്വിരാഷ്ട്ര സിദ്ധാന്തമാണ് ശാശ്വത പരിഹാരം. പലസ്തീൻ ജനതയുടെ അവകാശങ്ങൾ പൂർണമായി സംരക്ഷിച്ചുകൊണ്ട് സമാധാനപരമായ മാർഗങ്ങളിലൂടെ മാത്രമാണ് പരിഹാരം കണ്ടെത്തേണ്ടത്.

അധിനിവേശ ജറുസലേമിന്റെ ചരിത്രപരവും നിയമപരവുമായ പദവി ഏകപക്ഷീയമായി മാറ്റാനുള്ള ശ്രമങ്ങളെ പ്രമേയം തള്ളിക്കളഞ്ഞു. നഗരത്തിലെ പുണ്യസ്ഥലങ്ങളുടെയും മതകേന്ദ്രങ്ങളുടെയും വിശുദ്ധിക്കും മതചടങ്ങുകൾ തടസമില്ലാതെ നടത്തുന്നതിനും പൂർണബഹുമാനം കൊടുക്കണമെന്നും ന്യൂഡൽഹി പ്രഖ്യാപനത്തിൽ പറയുന്നു.

യു.എൻ. സുരക്ഷാകൗൺസിൽ കൂടുതൽ ജനാധിപത്യപരവും കാര്യക്ഷമവുമാക്കാൻ സമഗ്രമായ പരിഷ്കാരങ്ങൾ അടിയന്തരമായി നടപ്പിലാക്കണമെന്ന് ന്യൂഡൽഹി പ്രഖ്യാപനം ആവശ്യപ്പെടുന്നു. ഐക്യരാഷ്ട്ര സഭയുടെ ചരിത്രത്തിൽ ഇതുവരെ ഒരു സ്ത്രീ സെക്രട്ടറി ജനറൽ പദവിയിൽ എത്തിയിട്ടില്ലെന്ന കാര്യം പ്രമേയം ചൂണ്ടിക്കാട്ടി.

യുദ്ധത്തിൽ ഭിന്നച്ചു നിൽക്കുന്ന ഇറാൻ, യുഎഇ രാജ്യങ്ങളെ ഉൾപ്പെടുത്തി ബ്രിക്സ് ഉച്ചകോടിയിൽ സംയുക്ത പ്രസ്താവന ഇറക്കാൻ സാധിച്ചതുൾപ്പെടെ നിരവധി നേട്ടങ്ങൾ കൈവരിച്ചുകൊണ്ടാണ് ബ്രിക്സിന്റെ അദ്ധ്യക്ഷപദവി ഇന്ത്യ ചൈനയ്ക്കു കൈമാറിയത്.

അതേസമയം പങ്കാളിത്തരാജ്യങ്ങളിൽ ആരെയെങ്കിലും സ്ഥിരം അംഗങ്ങളായി ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമായില്ല. 2025 ജനുവരിയിൽ ഇന്ത്യ അദ്ധ്യക്ഷപദവി ഏറ്റെടുത്തശേഷം വിദേശകാര്യ മന്ത്രിമാരുടെ യോഗം ഉൾപ്പെടെ 350-ലധികം യോഗങ്ങളാണ് നടന്നത്.

# സിപിഎം മുൻ തൃശൂർ ജില്ലാ സെക്രട്ടറി ബേബി ജോൺ അന്തരിച്ചു

തൃശൂർ: സിപിഎം മുൻ തൃശൂർ ജില്ലാ സെക്രട്ടറിയും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായിരുന്ന ബേബി ജോൺ (74) അന്തരിച്ചു. ആശുപത്രിയിൽ ചികിത്സയിൽ കഴിയവേ സെപ്റ്റംബർ 13-ന് വൈകിട്ട് 4.28-നായിരുന്നു അന്ത്യം.

തൃശൂർ ജില്ലയുടെ തീരമേഖലയായ ചാവക്കാട് പാർട്ടിയെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു. മണലൂർ തൈക്കാട് ചക്രമാക്കിൽ പരേതരായ അന്തോണിയുടെയും മേരിയുടെയും മകനായി 1952-ലാണ് ജനനം. ബ്ലാങ്ങാട് പിവിഎം എൽ പി സ്കൂൾ അധ്യാപകനായി ജോലി ചെയ്തിരുന്നെങ്കിലും 1991-ൽ സ്വയം വിരമിച്ചു.

2006 ജൂലൈയിലാണു സിപിഎം ജില്ലാ സെക്രട്ടറിയായത്. 2008-ൽ വീണ്ടും സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 2011-ൽ മണലൂർ മണ്ഡലത്തിൽ നിയമസഭയിലേക്കു മത്സരിച്ചിരുന്നു. ഭാര്യ: പരേതയായ ഷീല. മക്കൾ: മാനവൻ (ഗൾഫ്), ഹിമവാൻ (ചാവക്കാട് സർവീസ് സഹകരണ ബാങ്ക്), അംഗന (അയ്യന്തോൾ സഹകരണ ബാങ്ക്). മരുമക്കൾ: ജ്യോതി, സൗമ്യ, അനിൽ.




## DOULOS BIBLICAL SEMINARY

26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് വെച്ചൂച്ചിറയിൽ ആരംഭിച്ച പ്രസ്തുത സെമിനാരിയുടെ അടുത്ത സെമസ്റ്റർ **സെപ്റ്റംബർ ആദ്യ ആഴ്ചയിൽ** ആരംഭിക്കുകയാണ് ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവ വചനം അഭ്യസിപ്പിക്കുവാൻ ദൈവം കൃപ ചെയ്തു.

ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ക്ലാസുകൾ ആത്മീയരും സമർപ്പിതരും വചന പണ്ഡിതരുമായ അദ്ധ്യാപകർ കൈകാര്യം ചെയ്യുന്നു.

**Pr. Dr. O.M. RAJUKUTTY** (Chairman WME)
**Pr. Dr. B. VARGHESE** (Former Principal, FTS Manakala)
**Pr. Dr. JOHN. K. MATHEW** (Former Vice Principal, India Bible College, Kumbanad)
**Pr. Dr. SUJU JOHN** (Former Principal, Mount Zion Bible Seminary, Mulakkuzha)
**Pr. P. T. THOMAS** (Well Known Bible Scholar)

എന്നിവരെ കൂടാതെ പ്രശസ്ത വേദാധ്യാപകരായ
**Pr. Dr. BINU ALUMOOTTIL, Pr.REJI MOOLEDOM,
Pr. Dr. ALLEN PALLIVADAKKAN, Pr. Dr. BIJU EAPEN,
Pr. Dr. LALACHAN ABRAHAM, Pr. Y. DANIEL,
Pr.JAMES ABRAHAM, Pr. MONCY MAMMEN, Pr.JOMON JACOB,
Pr. JOHN MAMMEN, Pr. JAI THOMAS, Pr. A. T JOHNSON,
Pr. P. S CHERIAN, Pr. SYALAN CHACKO**
തുടങ്ങിയവരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

Pr. SHINTO JOHNSON, Pr. SAJAN SAMUEL,
Br. RAJAN Ariyappallil, Evg. BENNY Kochuvadakel,
Br. PETER MATHEW Valliath എന്നിവർ ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു.

**ഞാൻ ആരെ അയക്കേണ്ടു ?
ആർ നമുക്ക് വേണ്ടി പോകും ?**
യെശയ്യാവ് 6: 8




# THANNIKKARY VACATION HOME

## S.H.MOUNT P.O., KOTTAYAM 686006, KERALA

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



**FOR BOOKING**

| ABRAHAM THANNIKARI | JENNI THANNIKARI | SOBHANA |
|---|---|---|
| +1346- 285-1633 | +1713-280-8688 | +91 965 616 8399 |
| athannikari@hotmail.com | | |




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**